So far as this matter is concerned, since there has already been sufficient discussion on the matter and in the light of the answers made by the Chief Minister on the floor of the House, I withhold my consent to the motion.

PAPERS LAID ON THE TABLE.

Minister for Health (SHRI A. A. RAHIM): Sir, I beg to lay on the Table the Travancore-Cochin Live Stock Improvement Rules and Notifications issued under the Travancore-Cochin Live Stock Improvement Act.

MOTION UNDER RULE 137.

Re: discussion on the Report of the States Re-organisation Commission.

MR. SPEAKER: Now we will take up the Motion under Rule 137.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir,.....

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. മുഖ്യമന്ത്രി ഇപ്പോൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന മോഷൻ എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി ഡിസ്കസ് ചെയ്യുവാനാണ്. ആ മോഷൻ ആർഡറിൽ അല്ല എന്നാണ് എനിക്ക് അറിയിക്കുവാനുള്ളത്. എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി ഈ സഭയ്ക്ക് ചർച്ചചെയ്യുവാൻ അവകാശമുള്ളത് ഭരണഘടന മൂന്നാം വകുപ്പനുസരിച്ചാണ്. മൂന്നാം വകുപ്പിൽ പറയുന്നത് ഇങ്ങനെയാണ്:

"Parliament may by law—

(a) form a new State by separation of territory from any State or by uniting two or more States or parts of States or by uniting any territory to a part of any State;

(b) increase the area of any State;

(c) diminish the area of any State;

(d) alter the boundaries of any State;

(e) alter the name of any State:

Provided that no Bill for the purpose shall be introduced in either House of Parliament except on the recommendation of the President and unless, where the proposal contained in the Bill affects the boundaries of any State or States specified in Part A or Part B of the First Schedule, or the name or names of any such State or States, the views of the Legislature of the State or, as the case may be, of each of the States both with respect to the proposal to introduce the Bill and with respect to the provisions thereof have been ascertained by the President."

LIBRARY ARCHIVES Kerala Legislative Assembly

എസ്സ്. ആർ. സി. റിപ്പോർട്ടനുസരിച്ച് രൂപംകൊള്ളുന്ന സ്റ്റേറ്റുകളുടെ രൂപീകരണത്തിനുവേണ്ടി അടുത്ത സെഷനിൽത്തന്നെ ഒരു ബിൽ പാർലമെന്റിൽ അവതരിപ്പിക്കുവാൻ ഇൻഡ്യാഗവണ്മെന്റിനു് ഉദ്ദേശമുള്ളതായി അറിയുന്നു. ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പു് ആ നിർദ്ദേശത്തെപ്പറ്റിയും ബില്ലിലെ ഉള്ളടക്കത്തെപ്പറ്റിയും ബന്ധപ്പെട്ട സ്റ്റേറ്റിലെയോ സ്റ്റേറ്റുകളിലെയോ നിയമസഭയുടെ വ്യക്തമായ അഭിപ്രായംകൂടി ആരായണമെന്നു ഭരണഘടനാ നിബന്ധനകളിൽ പറയുന്നുണ്ടു്. ഇവിടെ മുഖ്യമന്ത്രി അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രമേയം ഈ സഭയുടെ വ്യൂസ് എന്താണെന്നു് അറിയണമെന്നുള്ളതല്ല. അതേപ്പറ്റി ഒരു ഡിസ്കഷൻ നടത്തണമെന്നു മാത്രമാണു്. കേരളസംസ്ഥാനത്തെപ്പറ്റിയുള്ള ഈ സഭയുടെ എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി ശരിയായ വ്യൂസ് എന്താണെന്നു അറിയുകയായിരുന്നു മുഖ്യമന്ത്രിയുടെ ഉദ്ദേശമെങ്കിൽ ഈ സഭയുടെ പരിഗണനയ്ക്കായി ഇതിനെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ അഭിപ്രായം ഒരു പ്രമേയരൂപത്തിൽ അദ്ദേഹം ഇവിടെ അവതരിപ്പിക്കേണ്ടതായിരുന്നു. അങ്ങനെ ഒരു പ്രമേയം അവതരിപ്പിച്ചു് അതിന്മേൽ ഈ സഭയുടെ വോട്ടെടുത്തല്ലാതെ ഇതു സംബന്ധിച്ചുള്ള വ്യക്തമായ വ്യൂസ് അറിയാൻ സാദ്ധ്യമല്ല. ഇനി ഇതു സംബന്ധിച്ചു പാർലമെന്റിൽ ഒരു ബിൽ അവതരിപ്പിക്കപ്പെട്ടെന്നെങ്കിൽ അപ്പോഴും ആ ബില്ലിലെ വകുപ്പുകളെ സംബന്ധിച്ചു വ്യക്തമായ അഭിപ്രായം ഈ സഭയ്ക്കു രേഖപ്പെടുത്തേണ്ടതായി വരും.

മുഖ്യമന്ത്രി ഇവിടെ അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയം എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി ഈ സഭ ചർച്ചചെയ്യണമെന്നാണു്. ആ റിപ്പോർട്ടിൽ പറയുന്നതു് ഇൻഡ്യയിലാകെ പതിനാറു സംസ്ഥാനങ്ങളും ഉണ്ടായിരിക്കണമെന്നാണു്. ഈ എല്ലാ സംസ്ഥാനങ്ങളെപ്പറ്റിയും ചർച്ച ചെയ്യുവാൻ ഈ സഭയ്ക്കവകാശമുണ്ടോ? ഭരണഘടന അനുശാസിക്കുന്നതു് ഈ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ബാധിക്കുന്ന കാര്യങ്ങളെപ്പറ്റി മാത്രമെ ഈ സഭയ്ക്കു ചർച്ച ചെയ്യാൻ അധികാരമുള്ളൂ എന്നാണു്. റിപ്പോർട്ടിനെപ്പറ്റി സമഗ്രമായ ഒരു ചർച്ച നടത്തുവാൻ ആവശ്യപ്പെടുന്ന ഒരു മോഷൻ മുഖ്യമന്ത്രി അവതരിപ്പിക്കുമ്പോൾ ഈ സഭയ്ക്കു ചർച്ച ചെയ്യാൻ അധികാരമില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചുകൂടി ചർച്ചചെയ്യേണ്ടി വരികയില്ലേ? പെപ്സുവിനെയോ ആസ്സാമിനെയോ അതുപോലുള്ള ഏതെങ്കിലും ഉത്തരേൻഡ്യൻ സംസ്ഥാനത്തെയോ സംബന്ധിച്ചു എസ്സ്. ആർ. സി. നിർദ്ദേശങ്ങളും പരിഗണിക്കപ്പെടാൻ കഴിയും. അതിനിവിടെ എന്തു പ്രസക്തിയാണു കാണുക. നമുക്കു വലിയ താല്പര്യമില്ലാത്ത ആ വിദൂരസ്ഥമായ ഉത്തരേൻഡ്യൻ സംസ്ഥാനങ്ങളുടെ കാര്യമങ്ങു വിട്ടാലും തൊട്ടടുത്തുള്ള കർണ്ണാടകത്തെയോ ആന്ധ്രയെയോപറ്റി പോലും ചർച്ചചെയ്യാൻ നമുക്കധികാരമില്ല. നിയമസഭാ റൂൾ 137 അനുസരിച്ചാണു് ഈ മോഷൻ. അടുത്തുവരുന്ന റൂൾ 139 ഉപവകുപ്പു് (8) പറയുന്നതു് സ്റ്റേറ്റിന്റെ കാര്യമേൻ അല്ലാത്ത കാര്യത്തെപ്പറ്റിയുള്ള ഒരു മോഷൻ അഡ്മിസ്സിബിൾ അല്ലെന്നാണു്. കേരളാസ്റ്റേറ്റിനെപ്പറ്റിയുള്ള എസ്സ്. ആർ. സി. റിപ്പോർട്ടിലെ ഭാഗത്തെപ്പറ്റി മാത്രമെ ഈ സഭയ്ക്കു ചർച്ചചെയ്യാൻ അധികാരവും അവകാശവുമുള്ളൂ എന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ മോഷൻ ഓർഡറിൽ അല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

SHRI A. A. D. LUIZ: Sir, on a point of order. I would like to add one more point to what has been said by the hon. Member. Rule 139 of the Rules of procedure and Conduct of Business of this House, deals with the conditions of admissibility of Motions under Rule 137. I am referring to Rule 139 (8) which reads as follows :—

"It shall not relate to a matter which is not the concern of the State Government."

Sir, the Chief Minister has called for a discussion of the Report of the States Reorganisation Commission. The difficulty that confronts us is this. I understand and appreciate that this Legislature may discuss a motion of this nature; but States Reorganisation I mean carving of new States is a privilege vested exclusively with the Parliament. That being so, what amuses me is that there are several amendments tabled for discussion. I am of opinion that these amendments cannot be moved. How are we to vote when the very motion is *ultra vires* of the powers of this House That is my point of order. The point requires clarification.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ബഹുമാനപ്പെട്ട കോട്ടുകാൽ മെംബർ ഈ മോഷനെ പറ്റി ഒരു അമെൻഡുമെൻറ് അയച്ചിട്ടുണ്ട്. മോഷൻ ആർഡറിൽ അല്ലെങ്കിൽ അതിനെസംബന്ധിച്ചുള്ള അമെൻഡുമെൻറായിട്ടു ആർഡറിലാണോയെന്നറിഞ്ഞാൽകൊള്ളാം.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir, the hon. Member Mr. Vivekanandan was referring to the constitutional position in regard to the admissiblity of the motion before the House. He was referring to Articles 3 and 4 of the Constitution. But those Articles refer to the obligatory provisions of the Constitution with respect to a Bill for the reorganisation of the State. Under those provisions, a Bill for creating a new State or to alter the boundaries of a State or for any other ancillary purpose, shall be introduced in Parliament only after the President has ascertained the views of the Legislatures of the States affected by the proposed Bill. Now, Sir, that is an obligatory provision. In the matter of the re-organisation of States under contemplation, we have not reached that stage. The Bill has not been prepared A Commission was appointed. It is not obligatory under the Constitution to appoint a Commission for the re-organisation of States. It is enough if a Bill is prepared and the views of the Legislatures ascertained and the Bill discussed clause by clause and passed in Parliament. As I said, the appointment of a Commission is not obligatory

LIBRARY ARCHIVES Kerala Legislative Assembly

under the Constitution. But a Commission was appointed so that the Government of India and the people of India may get the considered views of a Tribunal. The Commission has taken evidence, visited various places, and gauged public opinion. Although the appointment of the Commission itself is not a matter obligatory under the Constitution, we can say that it is something which was quite proper. The Commission has submitted its report. The discussion of the report in Parliament and the Legislatures of the States is not obligatory under the Constitution. But I believe, Sir, that it is something quite proper. Vast changes are contemplated in the report of this Commission and some of them affect the Travancore-Cochin State also. Now the entire picture of the changes contained in the SRC report also is something which affects us, because there are several opinions on it. The opinions held by some very eminent people are that the implementation of this report may weaken India. There are others who hold the view that the report has not gone far enough. There are still others who hold views between these two extremes. We are vitally interested in all these matters. The rule under which the motion has been tabled, namely Rule 137, provides for these discussions. It is a residuary clause. "Save in so far as is otherwise provided by the Constitution or by these Rules" .....is the beginning portion. Mr. Vivekanandan was referring to the provision which was otherwise provided under the Constitution. Under Articles 3 and 4 formation of States are categorised and the Proviso provides for residuary matter. Rule 137 says :

> "Save in so far as is otherwise provided by the Constitution or by these Rules, no discussion of a matter of general public interest shall take place except on a motion made with the consent of the Speaker."

So the limiting factor is only the consent which the Speaker gives in this matter.

ശ്രീ. ഡി. വിവേകാനന്ദൻ : ഏതു 3 അനുസരിച്ചു കൊണ്ടു പ്രമേയം കൊണ്ടുവരാൻ മുഖ്യമന്ത്രി ഉദ്ദേശിക്കുന്നുണ്ടല്ലോ.

SHRI PANAMPILLI GOVINDA MENON: We have not reached that stage. Today we cannot do it, because the Bill has not been prepared.

SHRI D. VIVEKANANDAN : Proposal to introduce a bill എന്ന കൂടി പറയുന്നുണ്ട്.

SHRI PANAMPILLI GOVINDA MENON: That refers to quite a different matter.

LIBRARY ARCHIVES Kerala Legislative Assembly

Article 3 refers to the Parliamentary provision and Article 4 says:

"Any law referred to in Art. 2 or Art 3.....
shall contain such provisions.....
including provisions as to representation....."

That Bill can be introduced only after the discussion contemplated under Article 4 (1) takes place. That refers to quit a subsequent stage. I say this is the provision for motion in general. This motion does not come under any of the specific provisions of the Rules. Rule 137 is put in a negative form but it has a positive meaning. It means that with the consent of the Speaker discussion of a matter of general public interest can take place. That is the gist. If you go through that rule it will be seen that with the consent of the Speaker, discussion of a matter of general public interest can take place. Is there any doubt about it? The question is whether the recommendations of the SRC report are a matter of general public interest. Certainly they are; I do not think there is any doubt about it.

Sir, the member for Anglo-Indian community Mr. Luiz, referred to Section 139, sub-section (8) and pointed out that the discussion shall not relate to a matter which is not the concern of the State Government. It may not directly come under the administrative jurisdiction of the State Government. That is one thing. But when the people are interested and discussion on the matter is necessary, it is the concern of the State. After the discussion is closed, the State will transmit these speeches made by various members of the House to the Government of India.

SHRI P. S. NATARAJA PILLA: On a point of information. Is there any proposal for a Bill to be introduced?

SHRI PANAMPILLI GOVINDA MENON: No. Only when there is the Bill, will Articles 3 and 4 come into play. What is proposed now by the mover of this motion is also the desire of the Government of India, because the Government of India is the party. This Government will transmit the speeches of Members of this Legislature, and if there is a vote, its result of that also and the way in which the voting has taken place. All will be sent to the Government of India. In other words, it is proposed that the speech of each Member of the House will be transmitted with reference to the constituency from which he returned, the political party

LIBRARY ARCHIVES Kerala Legislative Assembly

to which he belongs etc. etc., so that the Government of India may have a true picture of public opinion as reflected on the floor of the House. That is the intention. It is highly necessary that it should be done. Sir, I believe, you have given your consent for this motion. If that is so, the motion is entirely in order.

I would also add this much. Before I am formally called upon to move the motion, you, Mr. Speaker, may be pleased to lay down, if necessary after consultation, the procedure of the discussion. The time limit for discussion may be laid down because there are various amendments tabled. I also find that you have called for amendments, and if that is so, how we should deal with them may also be indicated.

ശ്രീ. ഡി. വിവേകാനന്ദൻ: ഇതു കമ്മിഷൻ റിപ്പോർട്ടിനെ പ്പറ്റിയുള്ള ചർച്ചയ്ക്കു വേണ്ടിയുള്ള പ്രമേയമാണെങ്കിൽ കേരളാസ്റ്റേറ്റിനെ പ്പറ്റി അംഗങ്ങൾക്കുള്ള അഭിപ്രായം രേഖപ്പെടുത്താൻ സാധിക്കുമെന്നു തോന്നുന്നില്ല.

SHRI PANAMPILLI GOVINDA MENON: With particular reference to the Kerala State a discussion on the motion is in order.

MR. SPEAKER: So the motion is in order.

SHRI A. THANU PILLAI: Sir, I wish to add a word. There are various amendments that have been tabled here.

The members will have to refer to all the issues in the various amendments. Therefore, may I suggest that all the amendments may be formally moved; the speeches may be made thereafter so that every member including the members who have moved amendments may deal with the whole subject. If there is no objection to this point of view, the amendments may be moved without speeches. Discussion on the amendments and all aspects of the report may take place and eventually the amendments may be put to vote, or, if the Leader of the House so desires a consolidated proposition may be placed before the House by him. I think a consolidated proposition covering all aspects of the matter may be got ready for discussion to start with. Only the voting should take place separately on the specific issues. If you, Sir, would adopt that course, the discussion can be smoothly done. I suggest this course may be adopted if the House has no objection.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ഈ ഭേദഗതികളെല്ലാം പ്രസംഗമില്ലാതെ അവതരിപ്പിച്ചശേഷം പാർട്ടി പ്രതിനിധികൾക്ക സംസാരിക്കാനുള്ള സൗകര്യം കൊടുക്കുക. അതിനശേഷം ഹൗസിന്റെ ലീഡർ ഒരു കൺസൾട്ടേറ്റീവ് അമെൻഡുമെന്റ് കൊണ്ടുവരാമെങ്കിൽ അതുപറ്റി വോട്ടിംഗ് നടത്താമെന്നാണ് എന്റെ അഭിപ്രായം.

SHRI PANAMPILLI GOVINDA MENON: I have no objection to that view. I will summarise what have been suggested. The motion will be formally moved by me and the amendments could be formally moved by the Members without speeches. Then there can be a general discussion, say today and tomorrow. After that general discussion, the Leaders of the Parties can meet together and consider in what way the matter could be presented. So, on the third day of the discussion I think we can come to some definite proposal.

SHRI T. T. DANIEL: Sir, I have to say a word in this matter. The Tamil Nad Members will form the Opposition with regard to this matter. We have moved amendments and will express our views on them.

MR. SPEAKER: All Members can express their views on this matter. I cannot consider the Tamil Nad Members as the Opposition. Anyhow they will get their legitimate share in the discussion.

SHRI PANAMPILLI GOVINDA MENON: Sir, I may be permitted to add this much. This is not exactly the type of discussion which we are accustomed to normally, under the rules. So far as this motion is concerned, all the Members of the House, irrespective of whether they belong to the Treasury Bench or Opposition Benches, feel alike. It has nothing to do with the administration of the State. So all Members may be treated equally in this matter, and according to exigencies of the circumstances allowed time. There may be some who may talk more and others who may talk less and there may still be others who do not want to speak on this matter. These are matters in which there may be some flexibility of discretion.

MR. SPEAKER: I belive the House has arrived at some understanding in the matter. The Chief Minister can move the motion.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir, I move that the Report of the States Re-organisation Commission be discussed.

LIBRARY ARCHIVES Kerala Legislative Assembly

HOME MINISTER (SHRI A. J. JOHN): I second it.

MR. SPEAKER: The amendments may be moved without speeches in the order in which they are listed here.

SHRI M. BHASKARAN NAIR: Sir, I move:

Add at the end, the words "and adopted, as far as the recommendations regarding the Kerala State are concerned, subject to the amendment that the taluks of Thovala, Agasteeswaram, Kalkulam, Vilavancode and Shencottah of the Travancore-Cochin State and the Gudalur taluk of the Nilgris District be also added on to the proposed Kerala State".

SHRI P. VISWAMBHARAN: Sir, I move:

Add at the end of the motion "and this Assembly expresses its view that a Kerala State comprising the whole of the present Travancore-Cochin State (except that portion of Shencottah taluk which forms an enclave in the Tirunalveli District), Fort Cochin, Malabar District and Kasargode and Gudalur taluks be formed."

SHRI J. A. BHATT: Sir, I move:

Add after the words 'be discussed', " and recommendations made to the Union Government that the five southern taluks of the Travancore-Cochin State be retained in the proposed Kerala State."

SHRI K. SATTANATHA KARAYALAR: Sir, I move:

Add at the end of the words 'be discussed', "and this House may recommend to the Government of India to reorganise the States more fully on linguistic basis."

SHRI M. M. MATHAI: Sir, I move:

Add at the end "and necessary modifications suggested".

SHRI A. THANU PILLAI: Sir, I move:

Add at the end of the motion "and this Assembly expresses its opinion that in forming the Kerala State—

(1) the southern taluks of Travancore-Cochin, namely, Thovala, Agasteeswaram, Kalkulam and Vilvancode be not separated from Travancore-Cochin but be included in the Kerala State;

(2) that Shencottah be not separated from Travancore-Cochin but be included in the Kerala State;

(3) that no change should be made in the recommendation of the Commission in regard to Peermade and Devicolam",

LIBRARY ARCHIVES Kerala Legislative Assembly

SHRI K. T. THOMAS : Sir, I move :

Add at the end "and this House records its considered opinion that the whole of the present State of Travancore-Cochin should be included in the proposed Kerala State."

SHRI P. NARAYANAN POTTI : Sir, I move :

"Add at the end of the motion "and the Central Government be immediately apprised of the fact that any territorial alteration in the present set up of Travancore-Cochin State, except for the addition of the Malabar District (including Fort Cochin and the Laccadive Islands), the Kasargode and Gudalur taluks and the Amindive Islands, will be resented and resisted by the Malayalam speaking people of the entire country."

SHRI D. ANANTHARAMAN : Sir, I move:

Add at the end of the motion the following ;—"recommending the merger of the predominantly Tamil taluks of Thovala, Agasteeswaram, Kalkulam, Vilavancode, Shencottah, Deviculam, Peermade, Chittoor and Neyyattinkara with Madras State."

SHRI P. S. NATARAJA PILLAI: Some of the amendments have identical wordings. They need not be moved.

MR. SPEAKER : Identical amendments need not be moved. The amendments of Messrs. T. T. Daniel, P. Ramaswami Pillai, N. A. Noor Mohammed, A. Kunjan Nadar, A. M. Simon, M. William, need not, therefore, be moved.

SHRI T. S. RAMASWAMI : Sir, I move :

Add at the end of the sentence "with particular reference to

(1) the need for the solidarity and integrity of India and

(2) the avoidance of feeling of separatism and bitterness and unseemly demonstrations it has generated throughout the country"

SHRI T. O. BAVA : Sir, I move :

Add at the end of the motion "and accepted".

SHRI M. P. MENON : Sir, I move :

Add at the end "with reference to the proposal for the formation of Kerala State and the recommendations be accepted subject to the modification that Gudallur Taluk of Nilgiri District in the Madras State should also form part of the proposed Kerala State."

LIBRARY ARCHIVES Kerala Legislative Assembly

SHRI P. S. NATARAJA PILLAI: There are certain amendments to the SRC. Report which document is not before the House.

SHRI K. C. GEORGE: But we have been asked to move amendments to the motion before the House. The basis for that is the SRC. Report. There is relevancy for the amendments.

SHRI PANAMPILLI GOVINDA MENON: I would suggest that we need not stand on technicalities, as to whether the amendments be moved to the motion or to the Report of the Commission. Let the whole question be discussed for the two days after which the Leaders of Parties will sit together and evolve a proper motion for acceptance of the House.

MR. SPEAKER: That is agreeable, I hope.

SHRI C. A. MATHEW: Sir, I move:

In paragraph 308, SRC Report, omit the first sentence and instead add "The prospective Kerala State will thus consist of the existing State of Travancore-Cochin plus the South Kanara District and the Amindive Islands".

Shri P. GOPALAN: Sir, I move:

In SRC Report page 90, section 308, insert "five villages of" between "and" and "Shencottah", in the first sentence, third line; and insert "Gudallur" in section 308, between "Kanara District" and "and the Amindive Islands."

SHRI N. G. CHACKO: Sir, I move the following amendment:—

"On page 90, para 308 in the Report with regard to Kerala State, the first sentence may be amended thus:—

"The prospective Kerala State will thus consist of the existing State of Travancore-Cochin plus the taluks of Thovala, Agasteeswaram, Kalkulam, Vilavancode and Shencottah plus Malabar District which includes the Fort Cochin area, the Kasargode taluk of South Kanara District, the taluk of Gudallur and the Amindive Islands."

SHRI M. P. MENON: Sir, on a point of order.

ഈ അമെൻഡ്മെൻറിൽ പറയുന്നത് ഇന്നത്തെ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ കൂടെ താലൂക്കുകൂടി ചേർക്കണമെന്നാണ്. അതായത് തോവാള മുതലായ 5 താലൂക്കുകളും ഇന്നത്തെ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ചേർക്കണമെന്നാണ്. ഇന്ന് അതു തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിന്റെ ഒരു ഭാഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: That is to add emphasis.

SHRI K. C. GEORGE: Sir, I move the following amendment:—

"In paragraph 308 of the SRC. Report after the first sentence ending with "Amindive Islands", and "plus the Malayalam-speaking areas of Gudalloor Taluk", I beg to correct the word 'District'. It is 'Taluk' and not 'District'.

"At the end of paragraph 318, add "If differences arise regarding boundaries it may be settled by friendly negotiations between the Governments concerned".

MR. SPEAKER: Mr. Abraham, you may move your amendment also.

SHRI K. C. ABRAHAM: I move the following amendment:—

"Add" "A Kerala State comprising of Travancore-Cochin, Malabar District, Kasarkode and Gudalur be formed and an area of about 15000 sq. miles be made available for colonisation of Malayalam-speaking people in some regions south of the Vindhyas, where the density of population is below three hundred per sq. mile, considering the very high density and rapid growth of population in the proposed Kerala State".

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, വളരെ സന്ദർഭോചിതവുമുള്ള ഒരു സമ്മേളനമാണ് ഇന്ന് അങ്ങ് വിളിച്ചുകൂട്ടിയിരിക്കുന്നത്. ഇന്നും നാളെയും മാറിനാളുമായി നാം ഇവിടെ വാദപ്രതിവാദം ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയം ഏറ്റവുമധികം പ്രാധാന്യവും ഗൗരവവും ഉള്ളതാണെന്നു് ഞാൻ പറയാതെതന്നെ ഈ സഭയ്ക്ക് അറിവുള്ളതാണ്. ഇന്ന് ഇവിടെ അവതരിപ്പിച്ച ഭേദഗതികളും വന്നുചേർന്നുകൂടി ഈ പ്രശ്നത്തിന്റെ നാനാവശങ്ങളും ഈ സഭയുടെ വാദപ്രതിവാദത്തിനു വിഷയമായിരിക്കയാണ്. വളരെയേറെ വികാരനിർഭരത ഈ വിഷയത്തിൽ നിയമസഭയുടെ നാനാഭാഗത്തുമുള്ള അഭിപ്രായങ്ങൾ ഉണ്ടെന്നു് എനിക്കറിയാം. കേരളസംസ്ഥാനം വേണമെന്നുള്ള അഭിപ്രായം ഇവിടെ അവതരിപ്പിച്ചിട്ടുള്ള എല്ലാ ഭേദഗതികളുടേയും പിന്നിലുണ്ട്. ആ ഒരു കാര്യത്തിൽ ഈ ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളവരെല്ലാം ഏകാഭിപ്രായക്കാരാണെന്നും തോന്നുന്നു. ഈ വാദപ്രതിവാദത്തിൽ ഏറ്റവും പ്രധാനമായി നാം കരുതേണ്ടതു് ഇവിടെ ഒരു പുതിയ സംസ്ഥാനത്തിന്റെ ആവിർഭാവം ഉണ്ടാകാൻ പോകുന്നുവെന്നുള്ളതാണ്. ആ രീതിയിലുള്ള ഒരു സമീപനമാണ് നമുക്കുണ്ടായിരിക്കേണ്ടതു്. ഇവിടെ വന്നിട്ടുള്ള ഭേദഗതികളെല്ലാം ആ സംസ്ഥാനത്തിൽ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുത്തിരിക്കണം, ഏതെല്ലാം താലൂക്കുകൾ ഇതിൽ ചേർക്കരുതു് മുതലായ കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ളവയാണ്. ഒരു കേരളസംസ്ഥാനം വേണമെന്നുള്ള അഭിപ്രായം ഈ ഭേദഗതികളും അവതരിപ്പിച്ച എല്ലാവരിലും ശ്രദ്ധമൂലമായിട്ടുണ്ടെന്നും നമുക്ക് കാണാൻ കഴിയും. ഇൻഡ്യാരാജ്യത്തിന്റെ ഭാഗമായ മറ്റു രാജ്യങ്ങളിലെ നിയമസഭകളിൽ ഉണ്ടായതുപോലുള്ള വാദപ്രതിവാദം നമ്മുടെ നിയമസഭയിൽ വേണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി പഠിയുകയാണെങ്കിൽ അത്രയധികം വാദപ്രതിവാദങ്ങൾ ഇവിടെ ഉണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നില്ല. ചില വ്യക്തികൾക്കു് ഒരു പക്ഷെ അഭിപ്രായവ്യത്യാസം ഉണ്ടായേക്കാമെങ്കിലും ഭൂരിപക്ഷവും എകാഭിപ്രായക്കാരാണെന്നാണു് എനിക്കു തോന്നുന്നതു്. സാമാന്യമായി പറയുകയാണെങ്കിൽ ഒരു കേരളസംസ്ഥാനം വേണമെന്നുള്ള അഭിപ്രായം ഈ സഭയിലുള്ള എല്ലാ മഹമനപ്പെട്ട അംഗങ്ങളിലും ശക്തിയായി ഉണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു.

സർ, ഞാൻ ഒരു കേരളസംസ്ഥാനത്തെ സ്വാഗതം ചെയ്യുന്നു. കേരളസംസ്ഥാനം സ്ഥാപിതമാകണമെന്നുള്ള ഒരു അഭിപ്രായം വളരെക്കാലമായി പുലർത്തിവരുന്ന ഒരു വ്യക്തിയാണു് ഞാൻ. ആ സ്വപ്നം ഇന്നു് ഒരു യാഥാർത്ഥ്യമായി പരിണമിക്കാൻ പോകയാണു്. എനിക്കു് അതിൽ സന്തോഷമുണ്ടു്, ഉന്മേഷമുണ്ടു്. വളരെ താമസിയാതെതന്നെ അതു് യാഥാർത്ഥ്യമായിത്തീരുമെന്നു പറഞ്ഞതിൽ എനിക്കു് ഉല്ലാസമുണ്ടു്. ആ കേരളസംസ്ഥാനം, അതായതു് ഒന്നരകോടിയോളം ജനങ്ങൾക്കു് ക്ഷേമവും ഐക്യവും ഉണ്ടാകുന്നതോടുകൂടി അവരോടു് രാഷ്ട്രനീതികാരികമായുള്ള സമ്പർക്കം ഉണ്ടാകുന്ന വിധത്തിൽ പ്രവർത്തിക്കുവാൻ നാം ഈ നിമിഷംമുതൽതന്നെ ശ്രമിക്കേണ്ടതാണു്. ആ കേരളസംസ്ഥാനത്തെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ ഇവിടെ നടക്കുന്നതിനുമുമ്പു് എനിക്കു് ആദ്യമായി എന്റെ ബഹുമാനപ്പെട്ട സുഹൃത്തുക്കളെ ഉൽബോധിപ്പിക്കുവാനുള്ളതു് ഇതു് ഒരു പുതിയ സ്റ്റേറ്റാണെന്നുള്ള ആശയത്തോടുകൂടി നാം ഇതിനെ സമീപിക്കണമെന്നാണു്. ഈ സംസ്ഥാനത്തിന്റെ ഭാഗമായിത്തീരേണ്ട മലബാറിലെ പല ബഹുമാനപ്പെട്ട സ്നേഹിതന്മാരും കേരളസംസ്ഥാനമെന്നുള്ളതു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന്റെ അതിരുകൂറ്റുകൂടി വടക്കോട്ടു നീക്കൽ ആണെന്നു തെറ്റിദ്ധരിച്ചു് പല പ്രസ്താവനകളും ഇറക്കിയിട്ടുണ്ടു്. കുറേ ഭാഗങ്ങൾകൂടി ചേത്തു് തിരുവിതാംകൂർ–കൊച്ചിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കൽ ആണു് അതിനു കേരളസംസ്ഥാനമെന്നു പേരിടൽ ആണെന്നു ധരിച്ചിട്ടുണ്ടു്. തിരുവിതാംകൂർ–കൊച്ചി മുഴുവനും പുതിയ കേരളസംസ്ഥാനത്തിൽ ചേർക്കണമെന്നു് എല്ലാവർക്കും അഭിപ്രായമുണ്ടു്. എനിക്കും ആ അഭിപ്രായംതന്നെയാണുള്ളതു്. എങ്കിലും ഒരു പുതിയ സ്റ്റേറ്റിന്റെ ആവിർഭാവമാണെന്നുള്ള മനഃസ്ഥിതിയോടുകൂടി ഇതിനെ സമീപിച്ചില്ലെങ്കിൽ അതിനെപ്പറ്റി വേറൊരു വിധത്തിൽ ഗ്രഹിച്ചാൽ ഈ കേരളസംസ്ഥാനത്തിൽ ആദ്യകാലത്തു് കുറെ വിഷമമുണ്ടാകുമെന്നു കാണാൻ കഴിയും. ഇതു്, ഈ കേരളസംസ്ഥാനം, തിരുവിതാംകൂർ–കൊച്ചി സംസ്ഥാനമല്ല. മദ്രാസിന്റെ ഒരു ഭാഗമായ മലബാറുമല്ല. സഹ്യപർവ്വതത്തിനു പടിഞ്ഞാറുള്ള ജനങ്ങൾ നൂറാണ്ടുകണക്കിൽ, സഹസ്രാബ്ദക്കണക്കിൽ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണു് എന്നുള്ള രീതിയിൽ നാം ഇതിനെ സമീപിക്കണം. എസ്സ്. ആർ. സി. റിപ്പോർട്ടിൽതന്നെ ഇതു വളരെ വ്യക്തമായിപ്പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനവിള്ളി ഗോവിന്ദമേനവൻ]

ഈ സംസ്ഥാനങ്ങൾ ഈ വിധത്തിൽ വിഭജിച്ചിട്ടുള്ളതു് ചരിത്രത്തിൽ ഒരു യാദൃശ്ചിക സംഭവമാണു്. മിക്ക നാട്ടുരാജ്യങ്ങളും—തിരുവിതാംകൂർ—കൊച്ചി ഒഴിച്ചുള്ള മിക്ക നാട്ടുരാജ്യങ്ങളും—മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനത്തോടുകൂടി ആവിർഭവിച്ചവയാണു്. തിരുവിതാംകൂറും കൊച്ചിയും അതിനു മുൻപും പിൻപും, അതായതു് മുഗൾ സാമ്രാജ്യത്തിന്റെ ആവിർഭാവവും വളർച്ചയുമായി യാതൊരു ബന്ധവുമില്ലാതെ അനേകം നൂറ്റാണ്ടുകളായി വളർന്നുവന്ന ഒരു രാജ്യമാണു്. പിന്നീടു് ബ്രിട്ടീഷുകാർ ഈ രാജ്യത്തിനെ കീഴടക്കിയ സന്ദർഭത്തിൽ പഞ്ചാബിലെ രാജാക്കന്മാരും ഈ നാട്ടുരാജ്യങ്ങളും അവരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ കൊണ്ടുവരികയാണെങ്കിൽ അതു് അവർക്കു് ഈ രണ്ടു രാജ്യങ്ങളും പടിച്ചടക്കാനും മറ്റും ശക്തിയില്ലാത്തതുകൊണ്ടായിരുന്നില്ല. അവരുടെ കീഴിലുള്ള രാജ്യങ്ങളെ ഭരിക്കുന്നതിനു നാട്ടുരാജ്യങ്ങളും രാജാക്കന്മാരും പ്രയോജനപ്രദമായ രക്ഷാകേന്ദ്രമായി കരുതിയതുകൊണ്ടാണു് അവർ അതിനു മുതിരാതിരുന്നതു്. പ്രധാനപ്പെട്ട ആംഗലചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള ഒരു വസ്തുതയാണു് ഇതു്. ഇൻഡ്യാരാജ്യം സ്വതന്ത്രമായ സന്ദർഭത്തിൽ ബ്രിട്ടീഷുകാർ ഇൻഡ്യ വിട്ടപ്പോൾ നമ്മുടെ രാജ്യത്തിലുള്ള പഞ്ചാബിലെ നാട്ടുരാജ്യങ്ങളും, ഏഴെട്ടു സംസ്ഥാനങ്ങളും ഉണ്ടാക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ സംസ്ഥാനങ്ങൾ ഉണ്ടാകിയ കാര്യത്തിൽ യാതൊരു വിധത്തിലുള്ള ന്യായവും അംഗീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. അതാതു കാലത്തു് ഉടലെടുത്തിട്ടുള്ള ആവശ്യങ്ങളനുസരിച്ചു് ചരിത്രത്തിന്റെ ഗതിവിഗതികളനുസരിച്ചു് ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണെന്നു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. ബ്രിട്ടീഷുകാർക്കുതന്നെ ഈ രാജ്യങ്ങളുടെ കാര്യത്തിൽ ഒരു പുനർവിഭജനം വേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടാണു് ബംഗാൾ സംസ്ഥാനത്തിന്റെ ഒരു ഭാഗമായ ബീഹാറിനെ ബീഹാർ ആൻഡ് ഒറീസ്സാ എന്ന സംസ്ഥാനമായും, അനന്തരം സൈമൺ കമ്മിഷന്റെ ആവിർഭാവത്തിനു ശേഷം 1936—ൽ ഒറീസ്സാ എന്ന ഒരു പുതിയ സംസ്ഥാനമായും രൂപീകരിച്ചതു്. ബ്രിട്ടീഷുകാർക്കു പോലും, ഭരണസൗകര്യം മാത്രം കണക്കാക്കിപ്പോലും, ഒരു പുനർവിഭജനം ആവശ്യമാണെന്നു തോന്നിയിട്ടുണ്ടു്. നമ്മുടെ ആളുകൾ വളരെക്കാലം മുമ്പുതന്നെ ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. ആന്ധ്രാ സംസ്ഥാനം ഒരു പ്രത്യേക സംസ്ഥാനമായി അംഗീകരിക്കണമെന്നുള്ള അഭിപ്രായം ആന്ധ്രയിലെ പൊതുക്കാര്യപ്രസക്തന്മാർ എത്രയോ മുമ്പുതന്നെ കൊണ്ടുവന്നിട്ടുണ്ടു്. മദ്ധ്യപ്രദേശത്തെ ഗവർണ്ണരായ ശ്രീ. പട്ടാഭി സീതാരാമയ്യാ ഏതാണ്ടു ദിവസങ്ങൾക്കുമുമ്പു് പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ 1915-ൽ ബാംബെയിൽ വച്ചു കൂടിയ ഇൻഡ്യൻ കോൺഗ്രസ്സിന്റെ ഒരു യോഗത്തിൽ ആന്ധ്രാ സംസ്ഥാനത്തെപ്പറ്റിയുള്ള ഒരു പ്രമേയം കോടുക്കിയതിനെയും, ആ പ്രമേയത്തിന്റെ ഗതിവിഗതികളെയും വിവരിച്ചുകൊണ്ടു് ഒരു പ്രസ്താവന ഉണ്ടായിരുന്നതു് ഞാൻ വായിച്ചു. 1920—ൽ മഹാത്മാഗാന്ധി ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ നേതൃത്വം വഹിച്ചുകൊണ്ടു പറഞ്ഞതു് ഭാരതത്തിലെ സംസ്ഥാനങ്ങൾ ഭാഷയുടെ അടിസ്ഥാനത്തിൽ പുനർവിഭജനം ചെയ്യണമെന്നാണു്. മഹാരാഷ്ട്രം, തമിഴ്നാടു്, കേരളം എന്നിങ്ങനെ നമ്മുടെ രാജ്യത്തെ ഭാഷയെ അടിസ്ഥാനപ്പെടുത്തി വിഭജിക്കണമെന്നു് അദ്ദേഹം ദീർഘദർശനം ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

ന്നു ജനങ്ങളുടെ നാഡിമിടിപ്പും, അവരുടെ അഭിപ്രായരീതികളും ഏതു രീതിയിൽ ആയിരിക്കുമെന്നു് അറിയാൻ കഴിഞ്ഞിട്ട എറ്റവും സമർത്ഥനായ ഒരാളാണു് മഹാത്മാ ഗാന്ധി. അദ്ദേഹം 1950 ജനുവരി 30-ാംനു മരിച്ചുപോകുന്നതിനു മമ്പു് എറ്റവും അടുത്തു് അദ്ദേഹം ചെയ്തിട്ടുള്ള പ്രസ്താവനകളിൽ ഒന്നു് ഇൻഡ്യാ ഭാഷയെ അടിസ്ഥാനപ്പെടുത്തി പുനർവിഭജിക്കുക എന്നതാണു്. ആ പ്രസ്താവന വാസ്തവത്തിൽ അത്ഭുതാവഹമാണു്. മരിക്കാൻപോകുന്നു എന്നു് അറിഞ്ഞതോടുകൂടി ഒരു ലഗസി എന്ന നിലയിൽ ആ പ്രസ്താവന തന്നിട്ടുള്ളതാണു്.

ഈ സംസ്ഥാനങ്ങളും പുനർവിഭജനം ചെയ്യണമോ, നമുക്കൊരു കേരളസംസ്ഥാനം വേണമോ എന്നതിനെപ്പറ്റി എനിക്കു് അഭിപ്രായം സംശയമില്ല. അതുതന്നെ ആയിരിക്കും ഈ സഭയിലെ പരിചിന്തിതമായ തീരുമാനം എന്നും ഞാൻ വിശ്വസിക്കുന്നു. ആ തീരുമാനമെടുക്കുവാൻ ബഹുമാനപ്പെട്ട സ്നേഹിതന്മാർ കഷ്ടപ്പെടേണ്ടതാവശ്യമാണെന്നു് ഞാൻ അഭിപ്രായപ്പെടുകയും ചെയ്യുന്നു. നമുക്കു് ഉണ്ടാകാൻപോകുന്ന സംസ്ഥാനങ്ങളുടെ കൂട്ടത്തെപ്പറ്റി നാം വളരെയധികം ചിന്തിക്കുന്നുണ്ടു്. പതിമൂവായിരത്തിൽപ്പരം ചതുരശ്രമൈൽ വിസ്തീർണ്ണമാണു് നമ്മുടെ സംസ്ഥാനത്തിനു് ഉണ്ടാകാൻപോകുന്നതു്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ചില ഭേദഗതികളും അനുസരിച്ചാണു് ഉണ്ടാകാൻപോകുന്നതെങ്കിൽ വിസ്തീർണ്ണം കുറേക്കൂടി കൂടുകയേക്കാനും ഇടയുണ്ടു്. തെക്കൻ തിരുവിതാംകൂറിലെ നാലു താലൂക്കുകളും ചെങ്കോട്ടയുംകൂടി കിട്ടിയാൽ തന്നെ വിസ്തീർണ്ണം എഴുനൂറു മൈൽ കൂടിയേക്കുമെന്നുള്ള അങ്ങനെയാണെങ്കിൽ പതിനയ്യായിരത്തിനകമേ നിൽക്കയുള്ളൂ. ഗ്രാഡല്ലർ ആണെങ്കിൽ ഇരുനൂറിനും മുന്നൂറിനും മദ്ധ്യേ വരും. എന്നാലും വിസ്തീർണ്ണം വളരെയൊന്നും കൂടാൻപോകുന്നില്ല. ജനസംഖ്യയെക്കുറിച്ചു പറയുകയാണെങ്കിൽ ഈ പ്രദേശം ഒന്നരക്കോടി ജനങ്ങളുള്ള ഉദ്ദേശിച്ചിരിക്കുന്ന ഒരു സംസ്ഥാനത്തിൽ ഉണ്ടാകും. അങ്ങനെ ആകുമ്പോൾ ഏകദേശം ഒരു ചതുരശ്രമൈലിനു് ആയിരം ജനങ്ങൾ ഉണ്ടായിക്കാണും. ഇതുപോലെ അധികം ജനപ്പെരുപ്പമില്ലാത്തതും കൂടുതൽ വിസ്തീർണ്ണം ഉള്ളതുമായ ഭാഗങ്ങളും മറ്റു പല രാജ്യങ്ങളിലുമുണ്ടു്. ഇതൊക്കെ നമുക്കു് വാദപ്രതിവാദം ചെയ്യാവുന്നതാണു് എന്നാൽ ഈ വാദപ്രതിവാദവേളയിൽ ഉപയോഗിക്കാൻ പാടില്ലാത്ത വാക്കുകളും ചിലരെങ്കിലും ഉപയോഗിക്കുന്നതായി കാണുന്നുണ്ടു്, ലെബൻസ്രം എന്ന വാക്കു് അങ്ങനെയുള്ള ഒന്നാണു്. ഈ വാക്കു് ആദ്യമായി പഠിച്ചുവന്നതു് ജർമ്മനിയിൽ ഹിറ്റ്ലറുടെ വായിൽ നിന്നാണു്. ജർമ്മനി ഒരു സാമ്രാജ്യസ്റ്റേറ്റു് ആയിരുന്നു. അവിടെ ആളുകൾക്കു് പാർക്കാനും മറ്റും വേണ്ട സൗകര്യമില്ലാതിരുന്നതുകൊണ്ടു് മറ്റു രാജ്യങ്ങളും, അതായതു് ചെക്കോസ്ലോവാക്കിയായും മറ്റും പിടിച്ചെടുക്കുന്നതിനുവേണ്ടി ഹിറ്റ്ലറും അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളും, സചിവന്മാരും പഠിപ്പിച്ചുവിട്ട വാക്കാണു് ലെബൻസ്രം. അതു് ഈ വാദപ്രതിവാദവേളയിൽ ഒരിക്കലും പ്രസക്തമല്ല.

അതായതു് പാർക്കുവാൻ ഭൂമി വേണം. അതുകൊണ്ടു മറ്റു രാജ്യങ്ങളും പിടിച്ചടക്കണം എന്നു് അർത്ഥം വരുന്ന ലെബൻസ്രം എന്ന വാക്കുമായി അസോസ്യേറ്റു് ചെയ്യുന്നതു് നമ്മുടെ സംസ്ഥാന പുനഃസംഘടനാകമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഒരിക്കലും പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനവൻ]

എന്തുകൊണ്ടെന്നാൽ, നമ്മുടെ സ്റ്റേറ്റ് ഒരു ഇൻഡ്യൻ സ്റ്റേറ്റാണ്. 1950-ൽ നാം ബോധപൂർവ്വം അംഗീകരിച്ച ഭരണഘടന മൂലം നമുക്കുണ്ടായിട്ടുള്ള ഒരു നേട്ടമതാണ്. നമുക്ക് ഈ രംഗത്തു് ഒരു സിറ്റിസൺഷിപ്പ് ആവശ്യമാണ്. നമുക്ക് ഇൻഡ്യൻ സിറ്റിസൺഷിപ്പാണ വേണ്ടതു്. അതു ഭരണഘടന അംഗീകരിച്ചതോടുകൂടി നമുക്കു ലഭിച്ചുകഴിഞ്ഞു. അതുകൊണ്ടു് ഈ കേരളത്തിനു പതിനയ്യായിരം ചതുരശ്രമൈലേ വിസ്തീർണ്ണമുള്ളു, ഇവിടെ ജനസംഖ്യ വളരെ കൂടുതലാണ്, നമുക്കു മറെറാരു പതിനയ്യായിരം കൂടി മാർജ്ജിനലായിട്ടു ഭൂമി കിട്ടണം എന്നെല്ലാം പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. ഇങ്ങനെ പതിനയ്യായിരം ചതുരശ്രമൈൽ കൂടി കൂട്ടി ചേർക്കണമെന്നു് ആവശ്യപ്പെടുന്നതു് നമ്മുടെ പ്രശ്നങ്ങൾ ഈ പതിനയ്യായിരമോ മുപ്പതിനായിരമോ ചതുരശ്രമൈൽ ലഭിച്ചതുകൊണ്ടു പരിഹരിക്കാവുന്ന പ്രശ്നങ്ങൾ അല്ലെന്നുള്ളതാണ്. ഇൻഡ്യാ മഴവൻ കടയെറിപ്പാക്കുവാനും ഇൻഡ്യാ മഴവൻ വേല എടുക്കാനും എന്നു വേണ്ട ഇൻഡ്യാ മഴവനും നമുക്കെല്ലാം വക്കും ഒരുപോലെ എല്ലാ രംഗങ്ങളിലും പ്രവർത്തിക്കുവാനും അവകാശമുള്ളതുമാണ്. ആ ഒരു മനഃസ്ഥിതി നമ്മിൽ സംജാതമാകാത്തതുകൊണ്ടാണ് ഈ വിഷമങ്ങളും എല്ലാം ഉണ്ടാകുന്നതു്. നമ്മുടെ ഇടയിൽ പരിപ്പുള്ളവരും, സമ്പന്നരുമായ, പരിചയസമ്പന്നരുമായ അനവധി ആളുകൾ ഉണ്ടു്. അവർ ഈ പാവപ്പെട്ട ബഹുജനങ്ങളുടെ ഇടയിൽ ഈ വിധത്തിലുള്ള തെറ്റായ ധാരണകൾ പരത്തുകയാണെങ്കിൽ, കാലാന്തരത്തിൽ അതു നമ്മുടെ സാമൂഹ്യജനതയ്ക്കു ദോഷമായി തീരുമെന്നാണെനിക്കു പറയുവാനുള്ളതു്. ഇൻഡ്യാ ഒന്നാണെന്നും ഇൻഡ്യൻ പൌരത്വം ഒന്നാണെന്നും ഇൻഡ്യയാണു നമ്മുടെ മാതൃഭൂമി എന്നുമുള്ള ഒരു മനോഭാവം ബോധപൂർവ്വം പരത്തുവാനും ഈ കേരളസംസ്ഥാനത്തെ പുനഃസ്സംഘടനാ രണ്ടാമത്തെ ലിസ്റ്റിൽ നിർദ്ദിഷ്ടമായിരിക്കുന്ന കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി ഒരു ഭരണപരമായ വിഭജനം മാത്രമാണിതെന്നും നാം ഗ്രഹിക്കേണ്ടതാണ്.

ഈ വരാൻപോകുന്ന കേരളസംസ്ഥാനം സാമ്പത്തികമായ കഴിവുകളുള്ള സംസ്ഥാനമാണെന്നു സമ്മതിക്കാൻ ഞാൻ തയ്യാറുണ്ടു്. ഇന്നു് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഒരു പ്ലാനിംഗാണ് ആവശ്യം. പണ്ടത്തെ പരിസ്ഥിതിയിൽ ഇൻഡ്യയുടെ നികുതി പിരിക്കുക, നിയമസമാധാനങ്ങൾ പാലിക്കുന്നതിനു ഒരു പോലീസ് സേനയെ വയ്ക്കുക, മറെറ ചില അത്യാവശ്യകാര്യങ്ങൾ നടത്തുക എന്നിങ്ങനെയുള്ള അഡ്മിനിസ്ട്രേറ്റീവ് കാൻസപ്റ്റ്സ് എല്ലാം തന്നെ ഇന്നു മാറിയിരിക്കുകയാണ്. ഇതൊരു പ്ലാനിംഗിന്റെ യുഗമാണ്. അങ്ങനെ നോക്കുന്ന പക്ഷം നമുക്കു കാണാൻ സാധിക്കും ഇൻഡ്യയിലെ സ്റ്റേറ്റുകൾ എല്ലാംതന്നെ ഡിഫിസിറ്റ് സ്റ്റേറ്റുകളാണെന്നു്. പ്ലാനിംഗ് തുടങ്ങേണ്ടതുതന്നെ ഡിഫിസിറ്റ് സ്റ്റേറ്റുകളിലാണ്. അവിടെയാണു ഡവലപ്പ്മെൻറ് പദ്ധതികൾ കേന്ദ്രീകൃതമാകേണ്ടതെന്നാണ് നാം വിചാരിക്കേണ്ടതു്. അതല്ലാതെതന്നെ കമ്മീഷൻ പലവിധത്തിലുള്ള കണക്കുകൾ പരിശോധിച്ചശേഷവും പറഞ്ഞിട്ടുള്ളതു് ഈ കേരളം ഒരു ഡിഫിസിറ്റ് സ്റ്റേറ്റ് ആയിരിക്കുകയില്ല എന്നും, എന്നാൽ മലബാർജില്ല ഒരു ഡിഫിസിറ്റ് പ്രദേശമാണെന്നും മനസ്സിലാക്കുമ്പോൾ മറിച്ചു കേരളസ്റ്റേറ്റ് വളരെ വിഭവസമൃദ്ധിയുള്ളതായ ഒരു സ്റ്റേറ്റാണെന്നുമാണ്. ഞാനതു സമ്മതിക്കുന്നു. എന്നാൽ ഇവിടെ ഒരു ചതുരശ്രമൈലിലു

LIBRARY ARCHIVES Kerala Legislative Assembly

നകത്തു് അയിരത്തിലധികം ആളുകൾ താമസിക്കുന്നുണ്ടു്. എന്നുള്ളതു ഒരു പരമാർത്ഥമാണു്. അങ്ങനെ ജനങ്ങൾ തിങ്ങിപ്പാർക്കാൻ അനുവദിക്കുന്നതായ ഒരു നയം തീരെ തൃപ്തികരമല്ല. അതേസംബന്ധിച്ചു പറയാനുള്ളതു ഈ വിഷയങ്ങളെ സംബന്ധിച്ചു ഞാൻ പ്ലാനിംഗ് കമ്മീഷനുമായി നടത്തിയ ചർച്ചാവേളയിൽ വളരെകാര്യമായി വെളിവാക്കിയിട്ടുള്ളതാണെന്നാണു്. അതുകൊണ്ടു് ഈ നിയമസഭയിലെ എല്ലാവിഭാഗക്കാരും ഈ സ്റ്റേറിന്റെ പിറവിസമയത്തു സന്തോഷത്തോടുകൂടി ആ ശിശുവിനെ സ്വീകരിക്കണമെന്നു് ഒരു അഭ്യർത്ഥന കൂടി എനിക്കു ചെയ്യാനുണ്ടു്.

സർ, ഇവിടെ വന്നിട്ടുള്ള ഭേദഗതികൾ എല്ലാം തന്നെ ഈ സ്റ്റേറിൽ ഏതെല്ലാം ഭാഗങ്ങൾ ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതി ആണു്. ഈ ഭേദഗതികളിൽവച്ചു് എനിക്കു് ഏറ്റവും അധികം ഇഷ്ടമായ ഭേദഗതി ശ്രീ രാമസ്വാമി അവതരിപ്പിച്ച പതിനെട്ടാമത്തെ ഭേദഗതിയാണു്.

"Add at the end of the sentence with particular reference to (1) the need for the solidarity and integrity of India, and (2) the avoidance of feeling of separatism and bitterness and unseemly demonstrations it has generated throughout the country."

അദ്ദേഹം ഈ വശം എടുത്തുപറഞ്ഞതിൽ എനിക്കു വലിയ സന്തോഷമുണ്ടു്. ഇവിടെ നടക്കാൻ പോകുന്ന വാദപ്രതിവാദങ്ങളിൽ എല്ലാവരും ഈ സ്പിരിറ്റ് പ്രദർശിക്കപ്പെടുമെന്നു വിചാരിക്കുന്നു.

സർ, ഭാഷയുടെ അടിസ്ഥാനത്തിലാണു് ഈ കമ്മീഷൻ സ്റ്റേറുകൾ നിർദ്ദേശിച്ചിട്ടുള്ളതു്. ബാംബെ സ്റ്റേറു് മാത്രം രണ്ടു ഭാഷകൾ സംസാരിക്കുന്ന ഒരു ബൈലിംഗ്വൽ സ്റ്റേറായിരിക്കും എന്നു കമ്മീഷൻ നിർദ്ദേശിച്ചു. ഇപ്പോഴത്തെ ലക്ഷണങ്ങൾ വച്ചു് ഈ സന്ദർഭത്തിൽ അങ്ങനെ ഒരു വ്യത്യാസം വരുത്താൻ കമ്മീഷൻ ഉദ്ദേശിച്ചുരായിട്ടാണു് കാണുന്നതു്. അതുകൊണ്ടു് എല്ലാ സ്റ്റേറുകളും ഭാഷയുടെ അടിസ്ഥാനത്തിലുള്ള സ്റ്റേറുകളായിട്ടാണു വരാൻ പോകുന്നതു്. ഭാഷയല്ല ഏറ്റവും പ്രധാനമായ അടിസ്ഥാനമായി തങ്ങൾ കണക്കാക്കുന്നതെന്നു ഈ റിപ്പോർട്ടിന്റെ പല ഭാഗത്തും പറഞ്ഞിട്ടുണ്ടെങ്കിലും പ്രയോഗത്തിൽ വരുന്ന സ്റ്റേറുകളിൽ അതുതന്നെയാണു് അവർ റെക്കമെൻഡ് ചെയ്തിട്ടുള്ളതെന്നു കാണാൻ കഴിയും. പക്ഷെ, ഒരു ഭാഷ മാത്രം സംസാരിക്കുന്ന ജനങ്ങൾ മാത്രമുള്ളതായ സ്റ്റേറുകളായി വിഭജനം ചെയ്യുന്നതിനു സാദ്ധ്യമല്ല. രണ്ടു മാർജ്ജിനൽ ഏര്യാസ്, അതായതു് ഒരു ഭാഗത്തു് ഒരു ഭാഷയും മറെറാരു ഭാഗത്തു് മറെറാരു ഭാഷ സംസാരിക്കുകയും ചെയ്യുന്ന ഒരു മാർജ്ജിനൽ ഏര്യാ പല ഭാഗത്തും ഉണ്ടാകാതെ നിവൃത്തിയില്ല. മലയാളഭാഷ മാത്രം സംസാരിക്കുന്ന ജനങ്ങൾ താമസിക്കുന്ന ഒരു ഭാഗവും, തമിഴ്ഭാഷ മാത്രം സംസാരിക്കുന്ന ഒരു ഭാഗവും, കന്നടഭാഷ സംസാരിക്കുന്ന മറെറാരു ഭാഗവും ഉണ്ടാകുക സാദ്ധ്യമല്ല. ചില ഭാഗങ്ങളിൽ രണ്ടു ഭാഷകൾ സംസാരിക്കുന്നവർ ഉണ്ടാകാതെ നിവൃത്തിയില്ല. അങ്ങനെയുള്ള ഘട്ടങ്ങൾ നേരിട്ടിട്ടുണ്ടു്. ഈ റിപ്പോർട്ടിന്റെ മറെറാരു ഭാഗത്തു അങ്ങനെയുള്ള മൈനാറിറി സിനു ഭാഷാപരമായി ചില സേഫ്ഗാർഡ്സ് അതായതു്, ചില രക്ഷാവ്യവസ്ഥകൾ നൽകണമെന്നാണു് പറഞ്ഞിട്ടുള്ളതു്. അപ്പോൾ ഭാഷയെക്കാൾ ഗൗരവമായ മറെറ ചില പരിഗണനകൾ പ്രധാനമായി നിൽക്കുന്ന സന്ദർഭത്തിൽ വേറെ ചില പരിഗണനകൾക്കു പ്രാധാന്യം കൊടുക്കണമെന്നുള്ളതാണു് ഈ ഭേദഗതികളുടെ പിന്നിലുള്ള അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തെക്കൻതിരുവിതാംകൂറിലെ കാര്യങ്ങൾ ആലോചിക്കുക. തോവാള അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നീ താലൂക്കുകളിൽനിന്നും രണ്ടു മൂന്നു തവണ തെരഞ്ഞെടുപ്പിൽ ജയിച്ചു നമ്മുടെ നിയമസഭയിൽ വന്നിട്ടുള്ള അംഗങ്ങളിൽ ഭൂരിപക്ഷവും ആ താലൂക്കുകളും മറ്റു ചില പ്രദേശങ്ങളും തിരുവിതാംകൂർ–കൊച്ചിയിൽ നിന്നു വേർപെടുത്തി മദ്രാസിനോടു ചേക്കണമെന്നു പറയുന്നു. അങ്ങനെ അവിടെ നിന്നും വന്നിട്ടുള്ള പന്ത്രണ്ടുപേരുടെയും ഭേദഗതികളും ഇവിടെ എഴുതി അവതരിപ്പിച്ചിട്ടുണ്ട്. ആ പ്രദേശങ്ങളും ഈ കേരളത്തിൽത്തന്നെ നിൽക്കണമെന്നുള്ള വാദം മാത്രം ഉൾക്കൊള്ളുന്ന പല ഭേദഗതികളും വന്നിട്ടുണ്ട്. ആ അഭിപ്രായത്തോടു ഞാൻ അനുകൂലിക്കയാണു ചെയ്യുന്നതു്. അതായതു് ഈ താലൂക്കുകളും കേരളസംസ്ഥാനത്തിൽ ഉണ്ടായിരിക്കണമെന്നുള്ളതിനെ ഞാൻ അനുകൂലിക്കുകയാണു്. ഞാൻ അങ്ങനെ ചെയ്യുന്നതു മറ്റു ചില കാരണങ്ങളാലാണു്. പത്തായിരം കൊല്ലം തുടർച്ചയായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങൾ കേവലം ഭാഷയുടെ നാമധേയത്തിൽ മാറിപ്പോകുന്നതു് നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. തൻമൂലം വളരെ ഏറെ വിഷമങ്ങളും അനാവശ്യമായ കുഴപ്പങ്ങളും ഉണ്ടാകുമെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അങ്ങനെ പിരിഞ്ഞുപോകുന്ന ജനങ്ങൾക്കു് അതു നല്ലതായിരിക്കുമെന്നു ഞാൻ കരുതുന്നില്ല. ഇതു ഞാൻ പറയുമ്പോൾ അതെപ്പറ്റി പറയാനുള്ള അവകാശം നിങ്ങൾക്കല്ല ഞങ്ങൾക്കാണു് എന്നു് അവർ പറഞ്ഞേയ്ക്കാം. അതുകൊണ്ടുതന്നെയാണു് ഞാനിതു പറയുന്നതു്. തൽക്കാലികമായ ചില വികാരങ്ങളുടെ ആവേശം മൂലം അങ്ങനെയെല്ലാം തോന്നിയേക്കാമെങ്കിലും ഇപ്പോൾ ഒരു പുതിയ സംസ്ഥാനം ഉണ്ടാകാൻ പോകുന്ന അവസരത്തിൽ നാം ചരിത്രപരമായ കാര്യങ്ങളെപ്പറ്റിയും ഭൂപ്രകൃതിയെപ്പറ്റിയും മറ്റും നോക്കണം.

സർ, എന്താണു് ഈ കേരളസംസ്ഥാനം? കേരളസംസ്ഥാനത്തിനു് ഒരു എൻടിറ്റി ഉണ്ടായിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നില്ല. കേരളത്തിന്റെ എൻടിറ്റി കാലചക്രഭ്രമണത്താൽ വന്ന ചില വിഷമങ്ങൾ മൂലം പല കൊച്ചുകൊച്ചു രാജ്യങ്ങൾ വെട്ടിപ്പിടിക്കുകയും കൂട്ടിച്ചേർക്കുകയും മറ്റും ഉണ്ടായതിനാൽ വികൃതിപ്പെട്ടുപോയി. അതിൽ പിന്നീടു പോർട്ടുഗീസുകാരും ഡച്ചുകാരും ചിന്നം ഇംഗ്ലീഷുകാരും എല്ലാം വന്നു ഇൻവേഷൻ നടത്തി. ബ്രിട്ടീഷുകാർ ഈ രാജ്യം ഭരിക്കാൻ തുടങ്ങിയപ്പോൾ മുതൽ ഈ എൻടിറ്റി കൃസ്റ്റലൈസ് ചെയ്തു ഒരു രാജ്യമായി തുടരുകയാണു് ചെയ്തതു്.

അതുകൊണ്ടു് വളരെക്കാലം മുൻപു് കേരളം എന്നൊരു രാജ്യം ഉണ്ടായിരുന്നു. അതൊരു ഫിഗ്മെൻഡ് ആഫ് ഇമ്മാജിനേഷൻ അല്ല. ഇപ്പോൾ ആലോചിക്കുന്ന എസ്. ആർ. സി. കമ്മിഷൻ റിപ്പോർട്ടു തയ്യാറാക്കിയവരും അതിനെ അനുകൂലിക്കുന്ന ആളുകളും പുതുതായി എഴുതി ഉണ്ടാക്കുന്ന കാരമ്പുല്ല. ഇൻഡ്യയിൽ മറ്റൊരു ഭാഗത്തുമില്ലാത്ത കൊല്ലവർഷം എന്നൊന്നു് ഇവിടെ ഉണ്ടു്. എ. ഡി. 825–മാണ്ടു മുതൽ ആരംഭിക്കുന്നതാണു് ഈ കൊല്ലവർഷം. ആരു് എന്നു തുടങ്ങി എന്നുള്ളതിനെ സംബന്ധിച്ചു് അഭിപ്രായവ്യത്യാസങ്ങളും ഉണ്ടു്. പക്ഷെ ഈ രാജ്യം മുഴുവൻ ഒരു പൊളിറ്റിക്കൽ അഥോറിറ്റിയുടെ കീഴിലിരുന്നതുകൊണ്ടാണു് തിരുവിതാംകൂറിലും, കൊച്ചിയിലും, അൽപ്പ

10 A. M.

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യാസത്തോടുകൂടി മലബാറിലും കൊല്ലവർഷം ഉണ്ടായിരുന്നു. മലബാറിൽ കന്നി ഒന്നാംതീയതിയാണ് കൊല്ലവർഷം തുടങ്ങുന്നത്. തിരുവിതാംകൂറിലും കൊച്ചിയിലും ചിങ്ങം ഒന്നാംതീയതിയാണ് തുടങ്ങുന്നത്. അങ്ങനെ വ്യത്യാസംവരാനുള്ള കാരണത്തെ സംബന്ധിച്ച് ചരിത്രപണ്ഡിതന്മാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ട്. എന്നിരുന്നാലും ഒരുകാലത്തു ഒരു പുതിയ എറ(Era)ഈ രാജ്യത്തിന്റെ ഒരറ്റംമുതൽമറ്റേ അറ്റംവരെ നടപ്പിൽ വരത്തക്കവിധത്തിൽ ഒരു നിസ്സീമായ നിയമശക്തിയുള്ള പൊളിറ്റിക്കൽ പവ്വർ ഉണ്ടായിരുന്നു എന്നുള്ളതു സംശയമില്ലാത്ത കാര്യമാണ്. ആ പവ്വർ പ്രവർത്തിക്കുകയും അതിനു അധീനമായി ആചാരങ്ങളും, ഭാഷയും എല്ലാവിധത്തിലുള്ള നടപ്പുകളും ഒരുപോലെയിരുന്ന പ്രദേശത്തിനാണ് കേരളം എന്നു പറയുന്നത്.

ഗോകർണ്ണത്തുനിന്നും പരശുരാമൻ മഴു എറിഞ്ഞെന്നും അതു കന്യാകുമാരിയിൽ ചെന്നു വീണുവെന്നും അങ്ങനെ അറേബ്യൻ കടലിൽനിന്നും പൊന്തിവന്ന ഭൂവിഭാഗം ബ്രാഹ്മണർക്കു കൊടുത്തുഎന്നും മറ്റുമുള്ളതു ആരും വിശ്വസിക്കാത്ത ഒരു കെട്ടുകഥയാണ്. എന്നാൽ വടക്കു മംഗലാപുരംതൊട്ടു യാതൊരുതരത്തിലുള്ള വിടവുമില്ലാതെ ഒരു പർവ്വതനിര ഈ പ്രദേശത്തെ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിൽനിന്നും വേർതിരിക്കുന്നുഎന്നുള്ളതു ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. ആ പർവ്വതനിര വളരെ സ്വാഭാവികമായ ഒരതിരായി കേരളത്തെ ഇൻഡ്യയുടെ മറ്റു പ്രദേശങ്ങളിൽനിന്നും വേർതിരിക്കുകയാണ് ചെയ്യുന്നത്. ആ പർവ്വതനിര മൂലം കേരളത്തിലെ ജനങ്ങളുടെ ആചാരങ്ങളും, മര്യാദകളും, സ്വഭാവങ്ങളും മറ്റെല്ലാവിധത്തിലുള്ള കാര്യങ്ങളും ഇൻഡ്യയുടെ മറ്റു പ്രദേശങ്ങളിൽനിന്നും ഭിന്നമായി നിൽക്കുകയാണ്. ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിൽ ഉള്ള ജനങ്ങൾക്കു കേരളത്തിന്റെ കാര്യങ്ങൾ ശരിയായി മനസ്സിലാക്കാൻ സാധിക്കാതിരിക്കത്തക്ക വിധത്തിൽ അത്രയേറെ വ്യത്യസ്തത ഈ രാജ്യത്തുണ്ട്. അങ്ങനെ സഹ്യപർവ്വതം കേരളത്തിന്റെ ഒരതിരായി ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിൽനിന്നും തിരിച്ചുനിറുത്തിയിരിക്കുന്നു. ആ അതിരിനകത്തു് ചരിത്രപരമായ ചില കാരണങ്ങളാൽ ചിലഭാഗത്തു് വീട്ടിൽ തമിഴ് സംസാരിക്കുന്ന ജനങ്ങൾ 50 ശതമാനത്തിലധികം ഉണ്ടെന്നുള്ള കാരണംകൊണ്ടു് ആ പ്രദേശങ്ങൾ കേരളത്തിൽനിന്നും വെട്ടിമുറിക്കണമെന്നു പറയുന്നതു് ഹൃദയഭേദകമായ കാര്യമാണ്. ബാക്കി ഭാഗങ്ങളിൽ ഉള്ളവർക്കു മാത്രമല്ല വെട്ടിമുറിക്കപ്പെടുന്ന പ്രദേശങ്ങളിലുള്ളവർക്കും അതു് ഹൃദയഭേദകമായിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. തമിഴും മലയാളവും തമ്മിൽ അത്രയേറെ വ്യത്യാസമുണ്ടോ? ഒരുകാലത്തു് ഈ കേരളം മുഴുവൻ തമിഴ്ഭാഷ ആയിരുന്നു എന്നു് പറയുന്നുണ്ടു്. തമിഴും മലയാളവും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതെ സംസാരിക്കപ്പെട്ട ഭാഷയാണെന്നു് പറയുന്നുണ്ടു്. തമിഴിൽ പ്രസിദ്ധപ്പെട്ട നാലഞ്ചു കാവ്യങ്ങളിൽ ഒരു കാവ്യം കേരളത്തിലുണ്ടായിരുന്ന ഒരാൾ എഴുതിയതാണെന്നും പറയുന്നുണ്ടു്. ഞാൻ പറയുന്നതു് ചിലപ്പോൾ കാരത്തെപ്പറ്റിയാണ്. ഇത്ര വലിയ മഹാകാവ്യം കേരളത്തിൽ അധിവസിക്കുന്ന ഒരാൾ എഴുതിയതുമൂലം അത്രയേറെ തമിഴുമായി സാമ്യം പ്രാപിച്ചിരുന്നു എന്നു കാണാം. തിരുവിതാംകൂറിൽ താമസിക്കുന്ന തമിഴർക്കു് മലയാളം അറിയാതുണ്ടോ? അതുപോലെതന്നെ നമുക്കു് തമിഴ് മനസ്സിലാകാതുണ്ടോ? ഇങ്ങനെയുള്ള ഒരു കാരണംകൊണ്ടു്, ചില പ്രദേശത്തു് വീട്ടിൽ തമിഴ സംസാരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ: പനമ്പിള്ളി ഗോവിന്ദമേനോൻ]

ക്കുന്ന ആളുകൾ പകുതിയിലധികം ഉണ്ടെന്നു വിചാരിച്ചു് നൂറാണ്ടുകളായി നാം പുലർത്തിക്കൊണ്ടിരുന്ന ആ കേരളം പിറവിയെടുക്കാൻപോകുന്ന ഈയവസരത്തിൽ അതിനെ വെട്ടിമുറിക്കുന്നതു് ഒരിക്കലും ശരിയല്ല. അതു തെറ്റാണു്. ഇതിൽ അഭിപ്രായവ്യത്യാസം ഉള്ളവർക്കുപോലും കാലാന്തരത്തിൽ ഇന്നുമല്ല ഉണ്ടാകുന്നതെന്നു് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ അതു പറയേണ്ടതു നിങ്ങളല്ല, ഞങ്ങളാണെന്നു പറയുകയാണെങ്കിൽ എനിക്കു് ഒരു മറുപടിയും പറയാനില്ല. പക്ഷേ എന്റെ അഭിപ്രായങ്ങൾ പറയാനും ഇവിടെയിരുന്നു് ഉപദേശിക്കാൻപോലുമുള്ളവർക്കു സ്വാതന്ത്ര്യമുള്ളതുപോലെ എനിക്കും ഉപദേശിക്കാനും സ്വാതന്ത്ര്യമുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് താൽക്കാലികമായ വികാരങ്ങൾക്കു അതീതരായി മിക്കവാറും അസ്വാഭാവികമായ ഒരു വെട്ടിമുറിപ്പിനു് ഇടയാക്കരുതെന്നു് എനിക്കപേക്ഷയുണ്ടു്. അതുകൊണ്ടു് തെക്കൻതാലൂക്കുകൾ കേരളത്തിന്റെ ഒരു ഭാഗമായി നിൽക്കണമെന്ന അഭിപ്രായത്തെ ഞാൻ അനുകൂലിക്കയാണു് ചെയ്യുന്നതു്.

അടുത്തതായി ചെങ്കോട്ടയുടെ കാര്യം പറയാം. ഇതു കുറച്ചു് ഭിന്നമായ കാര്യമാണു്. ചെങ്കോട്ട താലൂക്കിലുള്ള എട്ടുപത്തു പകുതികളിൽ 5 പകുതികൾ തിരുനെൽവേലി ജില്ലയിലെ ദ്വീപുകളായി കിടക്കുകയാണു്. ഞാൻ മുമ്പു പറഞ്ഞ അതേകാരണംകൊണ്ടുതന്നെ അതു മദ്രാസു് സംസ്ഥാനത്തിൽ ചേരേണ്ടതാണു്. സഹ്യപർവ്വതത്തിനു പടിഞ്ഞാറു വശത്തു കിടക്കുന്ന ഭാഗങ്ങൾ കേരളത്തിൽ ചേരേണ്ടതാണു്. അല്ലെങ്കിൽ ഭരണപരമായി പല വിഷമങ്ങളും ഉണ്ടാകും. സഹ്യപർവ്വതത്തിൻ പടിഞ്ഞാറുള്ള പകുതികൾ മദ്രാസിനോടു ചേർക്കുന്നതു അസ്വാഭാവികമാണു് കമ്മീഷൻ അത്തരത്തിൽ റിപ്പോർട്ടു ചെയ്തതു് കമ്മീഷനു് ഇതിനെപ്പറ്റി വിവരമില്ലാത്തതുകൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നു. ആ വിവരങ്ങളെപ്പറ്റി കമ്മീഷന്റെ അടുത്തു് ആരെങ്കിലും നിവേദനം നടത്തിയതായോ വിശദീകരണം നൽകിയതായോ ഞാൻ അറിയുന്നില്ല. തിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു നദികൾ, അച്ചൻകോവിലാറും, കല്ലടയാറും സഹ്യപർവ്വതത്തിൽ നിന്നും ഉത്ഭവിച്ചു് അറേബ്യൻകടലിലേക്കു് ഒഴുകുകയാണു്. ചെങ്കോട്ടതാലൂക്കു മുഴുവൻ മദ്രാസു് സംസ്ഥാനത്തിൽ ചേരുകയാണെങ്കിൽ ഈ നദികൾ ഇൻറർസ്റ്റേറ്റു് നദികളായിത്തീരും അങ്ങിനെ വന്നാലുള്ള വിഷമം എല്ലാവർക്കും അറിയാമല്ലോ. അങ്ങനെയുള്ള വിഷമങ്ങൾ ഉണ്ടാകണമെന്നു് ആർക്കും അഭിപ്രായമുണ്ടെന്നു തോന്നുന്നില്ല. റിപ്പോർട്ടുമൂലം അതു സംഭവിക്കുന്നതാണു്. റിപ്പോർട്ടു് എഴുതിയവരുടെ മുമ്പിൽ ഇക്കാര്യങ്ങൾ നേരത്തെ അറിയിക്കാൻ സന്ദർഭം കിട്ടിയിരുന്നെങ്കിൽ തീർച്ചയായും ഈ അബദ്ധം റിപ്പോർട്ടിൽ വരുമായിരുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അടുത്തതായി ഗൂഡല്ലൂർ താലൂക്കിന്റെ കാര്യം ഞാൻ പറയട്ടെ. ഈ താലൂക്കു് പണ്ടുമുതൽ മലബാർ ഡിസ്ട്രിക്ടിന്റെ ഒരുഭാഗമാണു്. അതിന്റെ വസ്തുതകൾ തിരുവിതാംകൂർ–കൊച്ചിയിലുള്ള നമുക്കു് ആവശ്യം വരുന്നതുകൊണ്ടു മനസ്സിലാക്കുന്നു എന്നല്ലാതെ വേണ്ടിടത്തോളം അറിവു് നമുക്കില്ല. 1887–വരെ ഗൂഡല്ലൂർ മലബാർ ഡിസ്ട്രിക്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭാഗമായിരുന്നു. 1887-ൽ മലബാറിൽനിന്നും വിടുത്തി നീലഗിരിയുടെ ഒരു ഭാഗമായി ചേർത്തു. അങ്ങിനെ ചെയ്യാനുള്ള കാരണം നീലഗിരി വളരെ ചെറുതും മലബാർ വലുതുമായിരുന്നതാണു്. അതുകൊണ്ടാണു് നീലഗിരിയോടു കൂട്ടിച്ചേർത്തതു്. അങ്ങനെ കൂട്ടിച്ചേർത്തെങ്കിലും ഗ്രൂഡല്ലൂർ വയനാട്ടിന്റെ മാതിരിതന്നെ സഹ്യപർവ്വതനിരകളുടെ താഴെയാണു കിടക്കുന്നതു്. ഗ്രൂഡല്ലൂർതാലൂക്കു് കേരളത്തിന്റെ ഒരു ഭാഗമായി നിൽക്കാൻ പല കാരണങ്ങളുമുണ്ടു്. ഭാഷയുടെ കാര്യം നോക്കാം. 1887 മുതൽ ഇന്നുവരെ ഗ്രൂഡല്ലൂർ താലൂക്കിലെ കോർട്ടുഭാഷ മലയാളമാണു്. 1955-മാണ്ടുവരെ അവിടെ വോട്ടർമാരുടെ പട്ടിക തയ്യാറാക്കിയിരുന്നതു് മലയാളത്തിൽ മാത്രമാണു്. 1955-ലാണു് തമിഴിൽക്കൂടി വോട്ടർപട്ടിക തയ്യാറാക്കാൻ തീരുമാനിച്ചതു്. 1900-ത്തിലാണു് മലബാർ കാമ്പൻസേഷൻ ഫാർ ടെനൻസ് ഇംപ്രൂവുമെന്റു് ആക്ടു് മദ്രാസു് നിയമസഭ പാസ്സാക്കിയതു്. അതു് മലബാറിനുമാത്രം ബാധകമാകുന്ന ഒരു നിയമമാണു്. പക്ഷേ ആ നിയമം പാസ്സാക്കിയതുമുതൽ ഗ്രൂഡല്ലൂർതാലൂക്കിലെ ജനങ്ങളും ഞങ്ങളും സ്വാഭാവികമായി മലബാറിൽ പെട്ടവരാണു്, അതുകൊണ്ടു് ആ നിയമം ഞങ്ങൾക്കുകൂടി ബാധകമാക്കണമെന്നു് നിവേദനം നടത്തിക്കൊണ്ടിരുന്ന ആ നിവേദനത്തിന്റെ ഫലമായി 1930-ലോ, 31-ലോ മദ്രാസു് ഗവണ്മെന്റു് മറ്റൊരു നിയമം കൊണ്ടുവന്നു. ആ നിയമത്തിൽ ഒരു ക്ലാസേ ഉള്ളൂ. മലബാർ കാമ്പൻസേഷൻ ഫാർ ടെനൻസു് ഇംപ്രൂവുമെന്റു് ആക്ടു് ഗ്രൂഡല്ലൂർ താലൂക്കിനുകൂടി ബാധകമാക്കിയിരിക്കുന്നു എന്നുള്ള ഒരേ ഒരു ക്ലാസ്സാണു് അതിലുണ്ടായിരുന്നതു്. ആ നിയമത്തിന്റെ ഉദ്ദേശകാരണവിവരണത്തിൽ പറഞ്ഞിട്ടുള്ളതു് വളരെ അർത്ഥഗർഭമാണു്. മലബാർ ടെനൻസി ആക്ടു്, ഗ്രൂഡല്ലൂർതാലൂക്കിലെ സ്ഥിതിഗതികളും മലബാറിനോടു തുല്യമാകയാൽ, ആ താലൂക്കിനുംകൂടി ബാധകമാക്കേണ്ടതാണെന്നു ഗവണ്മെന്റു് വിചാരിക്കുന്നു എന്നാണു് പറഞ്ഞിട്ടുള്ളതു്. ഇതു വളരെ പ്രധാനമാണു്. 1930-ലും, 31-ലും സ്റ്റേറ്റു് റീ ഓർഗനൈസേഷൻ ഉണ്ടാകുമെന്നുള്ള ആലോചനയില്ലാത്ത സന്ദർഭത്തിൽ മദ്രാസു് ഗവണ്മെന്റും മദ്രാസു് നിയമസഭയും എടുത്ത തീരുമാനം സ്വാഭാവികമായി 1887 വരെ മലബാർ ഡിസ്ട്രിക്ടിന്റെ ഒരു ഭാഗമായിരുന്ന ഗ്രൂഡല്ലൂർതാലൂക്കു് ഭരണപരമായ കാര്യങ്ങൾക്കുവേണ്ടി നീലഗിരിയോടു ചേർത്തുവെങ്കിലും അതു് മലബാറിന്റെ ഒരു ഭാഗമായി കണക്കാക്കേണ്ടതാണെന്നാണു് കാണിക്കുന്നതു്. അതാണു് ടെനൻസി ആക്ടു് ഗ്രൂഡല്ലൂർകൂടി ബാധകമാക്കിയതു്. ഗ്രൂഡല്ലൂർ താലൂക്കിലെ ഭൂരിപക്ഷം ആളുകളും മലയാളം സംസാരിക്കുന്നവരാണെന്നാണു് അറിയുന്നതു്. അതുകൊണ്ടു് ഗ്രൂഡല്ലൂർ താലൂക്കു് മലബാറിനോടെന്നും കേരളത്തിന്റെ ഒരു ഭാഗമായി കൊണ്ടുവരണമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ശ്രീ. കെ. സി. ജഗ്ഗിന്റെ ഭേദഗതിയിൽ ഒരു അഭിപ്രായം കാണുന്നുണ്ടു്. ആ അഭിപ്രായവും ഞാൻ ആദരിക്കുന്നു. 26-ാമത്തെ ഭേദഗതിയെപ്പറ്റിയാണു് ഞാൻ പറയുന്നതു്. ആ ഭേദഗതി ഇപ്രകാരമാണു്:

"If differences arise regarding boundaries it may be settled by friendly negotiations between the Governments concerned."

സർ, ഇതു വളരെ പ്രധാനമായ ഒരാശയമാണു്. എന്തുകൊണ്ടെന്നാൽ കേരളസംസ്ഥാനം വരും, തമിഴ്സംസ്ഥാനം വരും, സ്റ്റേറ്റു് റീ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ആർഗനൈസേഷൻ വരും, അതൊക്കെ നടക്കും. പക്ഷെ ഈ സ്റ്റേറ്റ് റീ ആർഗനൈസേഷൻ അഴിച്ചുവിട്ട ആലോഹ്യങ്ങളും വിരോധങ്ങളും, ലഹളകളും നീണ്ടുനിൽക്കുകയാണെങ്കിൽ അതെല്ലാ സംസ്ഥാനങ്ങൾക്കും ദോഷകരമായിരിക്കും. കേന്ദ്രഗവണ്മെൻറിനു പാർട്ടികാര്യത്തിൽ ആലോചിച്ചു് തീരുമാനിക്കാൻ കഴിഞ്ഞു എന്നു വരികയില്ല. കേന്ദ്രഗവണ്മെൻറ് സൗഹാർദ്ദപരമായി കക്ഷികളെക്കൊണ്ടു് സമ്മതിപ്പിച്ചു് തീരുമാനമെടുക്കാൻ നോക്കുകയാണു്. അതു് സാധിക്കുന്നില്ലെങ്കിൽ നീതിയും ന്യായവും അനുസരിച്ചു് ഒരു തീരുമാനം നൽകുകയാണു് വേണ്ടതു്. കേന്ദ്രഗവണ്മെൻറ് ഉദ്ദേശിക്കുന്നതും അതാണെന്നാണു് എനിക്കു തോന്നുന്നതു്. സർ, പത്തുപതിനഞ്ചുലക്ഷം ചതുരശ്രമൈൽ മാത്രം വിസ്താരമുള്ള ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, തക്കപ്പെട്ട കേസുകൾ, ഉണ്ടാകാൻപോകുന്ന സംസ്ഥാനങ്ങളിൽ വച്ചു് ഏറ്റവും ഇളയതായ കേരളസംസ്ഥാനത്തിനു് അനുകൂലമായി തീരുമാനിക്കയാണു് വേണ്ടതു്. അതിനാണു് എല്ലാ ന്യായങ്ങളുമുള്ളതു്. ഈ റിപ്പോർട്ടിൻറെ ഒരുഭാഗത്തു വരാൻ പോകുന്ന സംസ്ഥാനങ്ങളുടെ വിസ്താരം കാണിക്കുന്ന ഒരു പട്ടിക കൊടുത്തിട്ടുണ്ടു്. അതിനു വലിയ പ്രാധാന്യമുണ്ടെന്നു പറയുകയല്ല ചെയ്യുന്നതു്. അതിൽ ചില ഭാഗങ്ങൾ നമ്മുടെ ശ്രദ്ധയിൽ വരേണ്ടതുണ്ടു്. ഒരു ഫെഡറേഷനിൽ സ്റ്റേറ്റുകൾക്കു ഇകപാളിറ്റി വേണമെന്നു് സാധാരണയായി പറയാറുണ്ടു്. അമേരിക്കൻ ഫെഡറേഷൻ ജനസംഖ്യയനുസരിച്ചു് ലോവർ ഹൗസിൽ പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടെങ്കിലും സെനറ്റിൽ പ്രാതിനിദ്ധ്യം കൊടുത്തിട്ടുള്ളതു് എല്ലാ സ്റ്റേറ്റിനും രണ്ടംഗങ്ങൾ എന്ന നിലയിലാണു്. എത്ര വലിയ സ്റ്റേറ്റായാലും ശരി, എത്ര ചെറിയ സ്റ്റേറ്റായാലും ശരി, രണ്ടു പേർ ഉണ്ടായിരിക്കും. നമ്മുടെ അതായതു് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിൽ അതേമാതിരിയുള്ള ഫെഡറൽ രാജ്യങ്ങൾ അല്ലാ അവിഷ്കരിച്ചിട്ടുള്ളതു്.

അതുപോലെതന്നെ ഈ സ്റ്റേറ്റുകൾ തമ്മിൽ വലിയ അന്തരം ഉണ്ടായിരിക്കുന്നതും ശരിയല്ല, അങ്ങിനെ ഉണ്ടായിരിക്കാൻ പാടില്ല എന്നാരഭിപ്രായവും ഉണ്ടായിട്ടുണ്ടു്. പുതുതായി രൂപീകരിക്കാൻ പ്രൊപ്പോസ് ചെയ്തിട്ടുള്ള കേരളസ്റ്റേറ്റിൻറെ വിസ്താരം 14,980 ചതുരശ്രമൈലാണു്. അതു് എല്ലാ സ്റ്റേറ്റുകളെക്കാളും വിസ്താരം കുറഞ്ഞതാണു്. കേരളാ സ്റ്റേറ്റിനേക്കാൾ കൂടുതൽ വിസ്താരമുള്ളതു് ബോംബാ ആണു്. അതിൻറെ വിസ്താരം 34,590 ചതുരശ്രമൈലാണു്. ഇവ രണ്ടും ആണു് ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളവയിലെ ചെറിയ സ്റ്റേറ്റുകൾ. ഇവ തമ്മിലുള്ള വിസ്താരത്തിൻറെ അന്തരം നോക്കണം. അതുപോലെ ഏറ്റവും വലിയ സ്റ്റേറ്റു് മധ്യപ്രദേശ് ആണു്. അതിൻറെ വിസ്താരം 1,71,200 ചതുരശ്രമൈലാണു്. അതായതു് കേരളസ്റ്റേറ്റിൻറെ ഏകദേശം പന്ത്രണ്ടിരട്ടിയാണു്, കേരളസ്റ്റേറ്റു് ഉള്ളതിൽ ചെറുതാണു്. ഇതുകൊണ്ടു് എന്തെങ്കിലും ദോഷം ഉണ്ടാകാനിടയുണ്ടെന്നു് ഞാൻ പറയുന്നില്ല. ചെറിയ സ്റ്റേറ്റായതുകൊണ്ടു് യാതൊരു സാദ്ധ്യതയും ഇല്ലെന്നല്ല ഞാൻ പറയുന്നതു്. ഞാൻ പറയുന്നതു് ഇത്ര ചെറിയ ഒരു സ്റ്റേറ്റിനോടു് ന്യായമായി ചേർക്കേണ്ട എല്ലാ ഭാഗങ്ങളും ഈ സ്റ്റേറ്റിനോടു ചേർക്കുവാൻ ഇൻഡ്യാഗവണ്മെൻറു് തീരുമാനം ചെയ്യേണ്ടതാണു് എന്നാണു്. ഇപ്പോൾ മദ്രാസ് സ്റ്റേറ്റിൽപ്പെട്ട നിൽക്കുന്ന നീലഗിരി ഡിസ്ട്രിക്റ്റി

LIBRARY ARCHIVES Kerala Legislative Assembly

ള്ള താലൂക്കുകൂടി കേരളാസ്റ്റേറ്റിനോട് ചേർക്കേണ്ടതാണ്. അവിടെ മലയാളം സംസാരിക്കുന്നവർ എഴുപതുശതമാനം അല്ലെങ്കിൽ എഴുപത്തിയഞ്ചുശതമാനം ഉണ്ടായിരിക്കുമെന്നു പറയുന്നതു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമാണെന്നു തോന്നുന്നില്ല. എന്നാൽ അവിടെ ബാക്കിയുള്ള ആളുകൾ തമിഴ് അല്ല സംസാരിക്കുന്നതും. ഒരു ചെറിയ ശതമാനം ആളുകൾ മാത്രമേ തമിഴ് സംസാരിക്കുന്നവരായിട്ടുള്ളൂ. അങ്ങിനെ ഭാഷയുടെ പരിഗണന വച്ചു നോക്കിയാൽ ഗ്രൂഡല്ലൂർ താലൂക്ക് കേരളാസ്റ്റേറ്റിനോടു ചേർക്കേണ്ടതാണെന്നു കാണാം. ഭൂമിശാസ്ത്രപരമായി നോക്കിയാൽ, ഗ്രൂഡല്ലൂർ സഹ്യപർവ്വതത്തിനു പടിഞ്ഞാറേ വശമാണു് കിടക്കുന്നതു്. ചരിത്രപരമായി നോക്കിയാൽ അതു് മലബാറിന്റെ ഒരു ഭാഗമാണു് എന്നു കാണാം. ഭരണപരമായി നോക്കിയാൽ ടെനൻസി നിയമം ഒന്നുതന്നെയാണു് എന്നു കാണാം. ഏതു പരിഗണന വച്ചു നോക്കിയാലും ഗ്രൂഡല്ലൂർ കേരളത്തിന്റെ ഒരു ഭാഗമാണെന്നും അതു കൊണ്ടു് അതു് കേരളാസ്റ്റേറ്റിൽ ചേർക്കേണ്ടതാണെന്നും കാണാം.

തെക്കൻ കർണ്ണാടകത്തിലെ കാസർകോട് താലൂക്ക് കേരളത്തിന്റെ ഒരു ഭാഗമാണെന്നു കമ്മിഷൻ പ്രസ്താവിച്ചിട്ടുണ്ടു്. തെക്കൻ കർണ്ണാടകത്തിലെ ഭാഷ കർണ്ണാടകമാണെന്നു് ആ പേരു കേട്ടാൽ തോന്നിപ്പോകും. പക്ഷെ അവിടെ അങ്ങനെയല്ല. തുളുവും കൊങ്കണിയുമാണു് അവിടത്തെ ഭാഷ. ഇവസ്തു് ഡയലെക്റ്റ്സ് മാത്രമേയുള്ളു എന്നുള്ളതുകൊണ്ടു് അവിടത്തെ സ്കൂളുകളിൽ കർണ്ണാടകം ആണു് ഉപയോഗിക്കുന്നതു്. കാസർകോട്ടു് മലയാളം സംസാരിക്കുന്നവരാണു് കൂടുതൽ ഉള്ളതു്. അതുകൊണ്ടു് കാസർകോടും ന്യായമായി കേരളാസ്റ്റേറ്റിനോടു് ചേർക്കേണ്ടതാണു്. ഈ സംഗതിയെ സംബന്ധിച്ചു് ഇവിടെ ഭേദഗതികളൊന്നും തന്നെ വന്നുകണ്ടില്ല. ശ്രീ. താണുപിള്ള, പീരുമേടും തമിഴു താലൂക്കുകളും വേർപെടുത്തരുതെന്നുള്ള കാര്യവും അദ്ദേഹത്തിന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ടു്. കർണ്ണാടകഡിസ്ട്രിക്റ്റിലെ കാസർകോട് താലൂക്കുകൂടി കേരളാസ്റ്റേറ്റിൽ ഉൾപ്പെടുത്തണമെന്നുള്ള ഒരു അഭിപ്രായംകൂടി ഈ അവസരത്തിൽ പൊന്തിവരാനുള്ളതാണു്. ഇതുരണ്ടും കാര്യങ്ങളാണു് എനിക്കു് അഭിപ്രായപ്പെടാനുള്ളതു്.

പീരുമേടും ദേവികുളവും താലൂക്കുകളുടെ കാര്യം റിപ്പോർട്ടിൽ പെട്ടിട്ടുണ്ടു്. ദേവികുളം, പീരുമേടു്, ചിറവൂർ, നെയ്യാറ്റിൻകര ഈ താലൂക്കുകളും കേരളാസ്റ്റേറ്റിന്റെ പരിധിയിൽനിന്നും മാറ്റി മദ്രാസു് സംസ്ഥാനത്തിൽ ചേർക്കണമെന്നു് ഇവിടെ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടു്. ഏതുവിധത്തിൽ നോക്കിയാലും ഈ താലൂക്കുകളും കേരളാസംസ്ഥാനത്തുനിന്നും പോകാൻ ന്യായമുള്ളതല്ല. ഇതേപ്പറ്റി കൂടുതൽ ഒന്നും എനിക്കു പറയുവാനില്ല. ഇവിടെയുള്ള ബഹുമാനപ്പെട്ട സ്നേഹിതന്മാരുടെയെല്ലാം അഭിപ്രായങ്ങൾ അറിഞ്ഞതിനുശേഷം ആവശ്യമുള്ള മറുപടി പറയാം.

ദേവികുളവും പീരുമേടും താലൂക്കുകളും കേരളാസ്റ്റേറ്റിൽ അല്ലനിൽക്കേണ്ടതു്, മദ്രാസു് സംസ്ഥാനത്തോടു വേണ്ടം ചേർന്നുനിൽക്കേണ്ടതു് എന്നുള്ള ഒരു വാദം മദ്രാസു് ഗവണ്മെന്റും ഉന്നയിച്ചിട്ടുണ്ടു്. അങ്ങിനെ ഒരു വാദം നമുക്കു് വളരെ വേദനയുള്ളതാണു്. പീരുമേടു താലൂക്കിൽ തമിഴു് സംസാരിക്കുന്നവർ 44 ശതമാനം എന്നാണു് റിപ്പോർട്ടിൽ കാണു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ന്നതു്. എന്നാൽ പീരുമേട് താലൂക്ക് ചരിത്രാതീതകാലം മുതൽ തിരുവിതാംകൂറിന്റെ ഒരു ഭാഗമായി സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറു ഭാഗത്തു് സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണു്. എന്തു ന്യായത്തിലാണു് അതിനെ കേരളത്തിൽനിന്നും വിട്ടുത്തി മദ്രാസിനോടു ചേക്കുന്നമെന്നു പറയുന്നതു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. ദേവികുളം താലൂക്കിൽ തമിഴ് സംസാരിക്കുന്നവർ ഇപ്പോഴത്തേക്കാൾ കൂടുതൽ ഉണ്ടെന്നുള്ളതു് വാസ്തവമാണു്. എന്നാൽ കേവലം ഭാഷാപരമായ കാര്യം മാത്രം നോക്കുകയാണെങ്കിൽ പ്രഥമശ്രവണത്തിൽ അതു് തമിഴ് പ്രദേശമാണെന്നു തോന്നിയേക്കാം. കമ്മീഷൻ റിപ്പോർട്ടിൽ ദേവികുളം താലൂക്കിലെ സ്ഥിരതാമസക്കാരല്ലാത്ത തമിഴ് സംസാരിക്കുന്നവർ 46 ശതമാനമാണെന്നു രേഖപ്പെടുത്തിയിട്ടുണ്ടു്. എനിക്കു കിട്ടിയിട്ടുള്ള അറിവു വച്ചു നോക്കുകയാണെങ്കിൽ ഈ കണക്കിനു് അല്പം വ്യത്യാസം ഉണ്ടു്. അതനുസരിച്ചു് കമ്മീഷൻ റിപ്പോർട്ടിലുള്ള കണക്കുകൾ ശരിയല്ലെന്നുകാണാം. ഞാൻ ആ ഭാഗത്തേക്കു കടക്കുന്നില്ല.

തിരുവിതാംകൂർ–കൊച്ചിയിലേക്കു് ആവശ്യമുള്ള ഇലക്ട്രിസിറ്റി ലഭിക്കുവാനുള്ള ഒരു മുഖ്യസോഴ്സു് ദേവികുളം താലൂക്കാണു്. അവിടെയുള്ള ഡാമുകൾ, അതിനെ സംബന്ധിച്ചുള്ള മറ്റനേകം പ്രവർത്തനങ്ങൾ ഇവയെല്ലാം ഉൾക്കൊള്ളുന്ന ദേവികുളം താലൂക്കു് കേരളാ സംസ്ഥാനത്തിന്റെ ജീവനാണു്. അതിനെ വിട്ടുത്തിക്കൊണ്ടുള്ള ഒരു കേരളാ സംസ്ഥാനം എങ്ങിനെ ഉണ്ടാക്കും? അങ്ങിനെയുള്ള വാദങ്ങൾ ഉന്നയിക്കുന്നതു തെറ്റാണു്. കമ്മീഷൻ റിപ്പോർട്ട ചെയ്തിട്ടുള്ളതനുസരിച്ചു് ദേവികുളവും പീരുമേടും താലൂക്കുകൾ കേരളസംസ്ഥാനത്തിൽതന്നെ നിൽക്കണം.

SHRI A. CHIDAMBARANATHA NADAR: What is the percentage of Tamilians in Devikulam?

SHRI PANAMPILLI GOVINDA MENON: It is given in the Report. അതായതു് മദ്രാസിനെപ്പറ്റി പറയുന്ന ഭാഗത്താണു്.

സർ, ഞാൻ ഇതിനെപ്പറ്റി ഇതിൽ കൂടുതൽ നീട്ടി പ്രസംഗിക്കുന്നില്ല. വളരെ സൗഹാർദ്ദപൂർവ്വമായ ഒരു അന്തരീക്ഷത്തിൽ വളരെ ശക്തമായ, വളരെ ഗൗരവമായ ഒരു കാര്യത്തെപ്പറ്റി വാദപ്രതിവാദം നടത്താൻ ഉള്ള ഒരവസരമാണു് ഈ നിയമസഭയ്ക്കു് ഇപ്പോൾ ഉണ്ടു്. അഭിപ്രായഗതികൾ എന്തുതന്നെ ആയാലും നിയമസഭയുടെ അന്തസ്സിനു് അനന്യസാധാരണമായ ഗൗരവത്തോടുകൂടി ഇതിനെപ്പറ്റി വാദപ്രതിവാദം നടത്തി നമ്മുടെ രാജ്യത്തിന്റെയും, ഈ നിയമസഭയുടെയും അന്തസ്സു പുലർത്തി, നാം ആഗ്രഹിക്കുന്ന വിധത്തിൽ കേരളാ സംസ്ഥാനം ഉടലെടുക്കുന്നതിനു് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നമെന്നു് അപേക്ഷിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

SHRI T. T. DANIEL: Will this Government be pleased to place on the table the records that this Government and the previous Government have placed before the Commission so that Members may be enabled to refer to them in their discussions?

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: I shall consider that. I don't know whether they are confidential matters. Anyhow I can assure the House that this Government and the previous Government did not give any other view than what is contained in my speech.

Shri T. T. DANIEL: Sir, Today we are discussing the S.R.C. Report which in the history of the country is an important one, and we are approaching an event when the map of our country is going to be redrawn. Under the canopy of the present political atmosphere it is our bounden duty to approach this linguistic problem with a spirit of co-operation and good-will. We shall not allow the venom of communalism to enter the body politic of our country. We shall eschew from ourselves petty mindedness and narrowness which are powerful enemies to break down our national unity and solidarity. Let us face facts; let us meet arguments with arguments; let us fight data with data; but let us not fight against each other. It is in that spirit that I wish this House will approach the S.R.C. Report. The S R.C. Report has recognised the political concept of the Kerala State and the Madras State. It may be argued that these two States are truncated and mutilated. Our quarrel is now in regard to the territorial limits of these two States. Nevertheless the Report has attempted to satisfy the political aspirations of the two important races of our country. Sir, the three crores of Tamilians are longing for a Tamil State for their spiritual, political, cultural and economic advancement. It is not a sin for the Tamilians to claim for a Tamilian State as for the Keralites to claim for a Kerala State for themselves.

Sir, the wish of the Tamilians in the State is for the merger of the Tamil areas with Madras. It is for this that the T. T. N. C. stands. The formation of an 'Ikyathamilakom' is the political cry of the Tamilian minority. The T.T.N.C. contested successive elections on this political issue. Sir, today our sisters and mothers of Tamilnad are singing lullabies to their children in their cradles with this political concept.

I am at the claim of the Tamilians to Shencottah, Thovala, Agasteeswaram, Kalkulam and Vilavancode. As for this claim a good deal of the population in this State has conceded it. The Communist Party, the R. S. P. and the K. S. P. have all agreed to it, though they would say that a portion of Shencottah which lies on the western side of the

LIBRARY ARCHIVES Kerala Legislative Assembly

[Shri. T. T. Daniel]

Ghats must continue to remain in the Kerala State. These political parties represent the voice of nearly forty lakhs of the people. It is no wonder to me that the Praja Socialist Party is deadly against the merger of the above taluks to the Madras State. I would state that there is no real Socialist Party in this State. It is only a group of people under the cloak of socialism, which has not done any good for this State but has only bred communal hatred and widened the gulf between the Tamilians and the Malayalies. Permit me to say that the bullets fired by the P. S. P. Government not only hit the flesh of the Tamilians but also pierced their souls. The marks of that dark reign are there, and they will be there for posterity to remember. We have been trying to efface the wounds from the minds of the Tamilian masses, but we, the representatives of the people have failed to efface them.

As for the Congress Party it is really painful for me to say that the very party in which my friends and are the Members is also against this. The Resolution of the T. C. Provincial Congress Committee held in Kottayam on 30-10-1955 is a historic resolution which has ruthlessly violated the sacred pledge which the Congress Party gave to the Tamilian minority of the State. When they were holding the conference in Nagercoil they said that the Tamilian minority will be having their right of self-determination on this issue. I appeal to my Congress friends to ponder over it, to think about it, to search their hearts and say that has happened to their pledge. That pledge is flouted. I would characterise the Kottayam Resolution as nothing but a rape on the sacred pledge. It is nothing but a gross violation of the principles of democracy.

Sir, should not the pledge be respected, have not the Tamilian minority expressed their wish to exercise their right of self-determination in the successive elections for the last several years? The T. T. N. C. which is our beloved political party, has been contesting on this definite issue and all the other parties have been trying their level best to oppose the T. T. N. C. But the T. T. N. C. candidates were returned with an overwhelming majority defeating the opposing candidates to such an extent that in many cases they lost their deposits. The right of self-determination has been exercised duly by the Party. Here the Congress Party and the State did not face actually what has happened in the

LIBRARY ARCHIVES Kerala Legislative Assembly

elections. If elections are not an instrument to gauge the pulse and the feelings of the people what the other instruments will the Congress Party in the State employ?

It is sometimes urged that a Kerala State is smaller in area and the future Kerala State is confronted with an acute density of population. Is it proper to say that these Tamil taluks should be merged with Kerala on this ground? I ask my friends whether the continuance of these taluks with Kerala will solve the problem of density of population. According to the Census Report of 1952 the southern taluks comprise nearly six hundred sq. miles and the population is 8·1 lakhs. It is evident from this data that for one sq. mile 1300 persons live in these taluks. The Chief Minister in his statement said that the extent of the Kerala State is fifteen thousand sq. miles and the population is nearly 13·6 millions. This will show that there will only be a population of 900 or 1000 per sq. mile in the future Kerala State. Thus it will be seen that these taluks are more densely populated now than the future Kerala State. Therefore I fail to understand how the problem of density of population of the Kerala State will be solved if these taluks continue in the Kerala State.

Coming to the other aspect of the question, it is stated that the Kerala State will not be self-sufficient. I ask whether these Tamil Taluks are self-sufficient or whether there is any surplus for the other taluks to take from them. Governmental records show that so far as these taluks are concerned they are hardly self-sufficient. So the argument that the problem of self-sufficiency in the matter of food of the Kerala State will be solved if these taluks are added to it does not hold water. As regards the Chief Minister's statement, where is his history, where is his geography where Gudaloor taluk is concerned? There he says history and geography will not apply, but when he comes to the Tamil Taluks he says history and geography should apply. So his history and geography also do not help him.

In regard to Devicolam and Peermade, I would tell my hon. brothers that we Tamilians are not greedy. It is stated in the S. R. C. Report that 72 percent of the population of Devicolam and Peermade are Tamilians. But they added that out of this 46 percent are floating leaving a residuary population of 26 percent as sedantary. I challenge this statement. I ask whether this Government can place any record to substantiate that position which has been

LIBRARY ARCHIVES Kerala Legislative Assembly

[Shri T. T. Daniel]

taken by the framers of this S. R. C. Report. The framers of the S. R. C. have gone wrong in saying that 26 percent of the population alone are permanent residents. The Electoral rolls which have been prepared for successive elections by the Government show clearly that the Tamilian population in these taluks is permanent. Then coming to the will of the people, what have they stated? Should we not respect the will of the people? What is the way in which we have to administer those taluks? Do the electorates say that those taluks be merged with the neighbouring Madras State? In the successive elections the electorates of those taluks have unequivocally declarad that they are for the merger of these taluks with the Madras State. It has been stated by the Chief Minister in moving the motion that not only the linguistic question should be taken into consideration but other factors also. According to the S. R. C. Report, if some of the Taluks of the Bellari District can go to Andhra on the principle that some of the major irrigation works which Andhra needs are there why not we apply the very same argument to these taluks. The Periyar lake has been constructed by the Madras State. About thirteen thousand acres are at present under cultivation in the Madras State from the Periyar waters and the Madras State has now another irrigation scheme called the Vaikai Reservoir Scheme. If this scheme is implemented it is estimated to irrigate 1·5 lakh of acres in Coimbatore and Ramnad Districts. So far as our State is concerned till now we do not have any major irrigation schemes to use these waters. We do not claim the Pallivasal Pakuthi and the Peruvanthanam Pakuthi where we admit the major population is Malayali. Sir, the Hydro-electric Schemes are installed there and we do not claim that area.

It was only very recently that Devicolam and Peermade came under Travancore-Cochin State. Till 1886 Travancore-Cochin State had no claim to these taluks. In that year the Kannan Devan Hills Produce Company got the first lease from the Poonjar Chief who was a descendant of the Tamilian kings at Thenkasi. Till then it was under the supremacy of the Pandyan kings. The Travancore-Cochin State Manual, written by a venerable Member of this Assembly, I mean Shri T. K. Velu Pillai, clearly records this.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Deputy Speaker in the Chair.]

Coming to another problem, that is, if this detached from the future Kerala State, that will seriously affect the acute density of population. What is the area of these two taluks? The total area is only one thousand one hundred odd sq. miles. Out of these the Game Sanctuary takes up nearly 300 sq. miles, 120 sq. miles come under the Kannan Devan Hills Produce Company and 96000 acres are covered by Cardamom which is 150 sq. miles in area. The area covered by rubber, coffee, tea etc., owned by private individuals is about 200 sq. miles. About 200 sq. miles is covered by hills unfit for habitation. There will thus be only a residue of about 130 sq. miles and that will not solve the problem of the density of population in the Kerala State.

There was no direct communication with these taluks from this State till 11-2-1935 when the Nariamangalam bridge was constructed. But long before this there were regular communications from Madras State through Bodi and Kumali.

Sir, therefore, I would say that the hon. Members of this House will ponder over all these facts. We are a minority but let us pray that our children and grand-children shall not say that in this Legislature the opinion of the minority was stifled and that justice was not meted out to the Tamilian sections in the State. I wish therefore that everyone of you, if it comes to a case of voting, will express your unbiassed view.

In conclusion, I have to say a word or two of sorrow. I think the Congress Party should not consider this question as a party-question but on principles of democracy and in the light of what has been taking place. It would only be proper and just if the members of the Congress Party are allowed to voice their views on this aspect of this question and if it comes to voting, this should not be made a party question but treated as a question in which every individual can exercise his vote unfettered by party rules. With this, Sir, I conclude.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു കേരളസംസ്ഥാനം ഉണ്ടാകാൻ പോകുന്ന ഈ അവസരത്തിൽ ആ സംസ്ഥാനത്തിൽ ഉൾപ്പെടേണ്ടുന്ന ഭൂവിഭാഗങ്ങൾ ഏവ എന്നുള്ളതിനെപ്പറ്റിയാണ്, നാം ഇപ്പോൾ ചർച്ച ചെയ്യുന്നതു്. കേരളത്തിന്റെ ഒരു ഭാഗം മദ്രാസിലേക്കു പോകണമെന്നും ഏതാനും ഭാഗങ്ങൾ വരണമെന്നും പറയുന്നുണ്ടു്. കേരളം എന്ന വാക്കിന്റെ അർത്ഥം തന്നെ കേരം സമൃദ്ധിയായുള്ള ഭൂവിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാടൻ]

എന്നാണ്. കേരവൃക്ഷങ്ങൾ ധാരാളം വളർന്നുവരുന്ന ഒരു രാജ്യമെന്നുള്ള അർത്ഥത്തിലാണ് കേരളം എന്ന പദം ഉപയോഗിച്ചുപോരുന്നത്. ഈ കേരളം തന്നെയാണ് മലയാളമായിട്ടും നാം വിവക്ഷിക്കുന്നത്. കേരളരാജ്യമെന്നും മലയാളരാജ്യമെന്നും പറഞ്ഞാൽ ഒന്നുതന്നെയാണ്. കേരളം ഒരു ആയിരം കൊല്ലങ്ങൾക്കു മുമ്പ്, ദക്ഷിണേൻഡ്യയിലെ ചേരരാജ്യം, ചോളരാജ്യം, പാണ്ഡ്യരാജ്യം, കേരളരാജ്യം എന്നിങ്ങനെ നാലു രാജ്യങ്ങളിൽ ഒന്നായിരുന്നു. ആയിരം കൊല്ലങ്ങൾക്കു മുമ്പു കേരളം, സഹ്യാദ്രിക്കും അറബിക്കടലിനും ഇടയ്ക്ക് ഒന്നായിത്തന്നെ കിടന്ന ഒരു രാജ്യമായിരുന്നു. ആ കേരളരാജ്യത്തിനു ഒരു കേരളചക്രവർത്തിയും, ഒരു ചേരമാൻ പെരുമാളും ഉണ്ടായിരുന്നു എന്ന വസ്തുത നമുക്കെല്ലാവർക്കും അറിവുള്ളതാണ്. കാലാന്തരത്തിൽ ഈ കേരളരാജ്യം അനേകം ചെറിയ രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. പത്മനാഭപുരം, ആറ്റിങ്ങൽ, അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ, അല്ലെങ്കിൽ വെമ്പലനാട്, കൊച്ചി, സാമൂതിരിപ്പാട് ഭരിച്ചിരുന്ന കോഴിക്കോട് മുതലായ രാജ്യങ്ങളായി ഛിന്നഭിന്നമായിപ്പോയി. ഒരു കാലത്തു ഈ കേരളത്തിനു തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ അനേകം ചെറിയ രാജ്യങ്ങൾ ഉണ്ടായിരുന്നു. ഇങ്ങനെ ആരംഭത്തിലുണ്ടായിരുന്ന കേരളം, ഒന്നായി നിലനിന്നിരുന്ന കേരളം, വീണ്ടും ഒന്നായി തീരുന്നതിനു വേണ്ട പരിശ്രമങ്ങൾ കഴിഞ്ഞ അനേകം നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരുന്നു. അതിന്റെ ഫലമായി നമ്മുടെ തിരുവിതാംകൂർ രാജ്യത്തോടു ആദ്യം ആറ്റിങ്ങൽ ചേർക്കപ്പെട്ടു. അതിനോടു പിന്നീട് അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ മുതലായ രാജ്യങ്ങളും ചേർക്കപ്പെട്ടു. ഈ അടുത്ത കാലത്തു കൊച്ചി രാജ്യവും തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു. ഇനി നാമെല്ലാവരും കൂടി ആലോചിച്ചു മുമ്പു ചേരമാൻ പെരുമാൾ ഭരിച്ചിരുന്ന ആ പ്രാചീന കേരളസംസ്ഥാനം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി, മുമ്പു സാമൂതിരിപ്പാടിന്റെ കൈവശമുണ്ടായിരുന്ന രാജ്യങ്ങളും മറ്റും കൂടി ഒന്നിച്ചുചേർത്തു പഴയ നിലയിൽ തന്നെ ഒരു കേരളം ഉണ്ടാക്കുവാനാണു നോക്കേണ്ടതു്. ആദ്യകാലത്തു കേരളം എന്തായിരുന്നുവോ, അതിനുശേഷം വന്നിട്ടുള്ള രൂപഭേദങ്ങൾ മാറ്റി പഴയ നിലയിൽ ഒരു കേരളം സ്ഥാപിക്കുന്നതിനുള്ള ഒരു ശ്രമമാണ് ഇപ്പോൾ നാം നടത്തിക്കൊണ്ടിരിക്കുന്നതു്.

കേരളത്തിന്റെ അതിർത്തിതന്നെ ഒന്നു നോക്കാം. മിക്ക രാജ്യങ്ങൾക്കും നാലു അതിർത്തികൾ ഉണ്ടായിരിക്കും. എന്നാൽ കേരളത്തിനു രണ്ടതിർത്തികൾ മാത്രമേ ഉള്ളൂ. കിഴക്കു മലയും, സഹ്യപർവ്വതവും പടിഞ്ഞാറു അറബിക്കടലും തെക്കു അറ്റം കടലും മലയും കൂടി ഒന്നിച്ചു ചേരുന്നു. വടക്കേ അറ്റവും അതുപോലെ മലയും കടലും കൂടി ഒന്നിച്ചു കിടക്കുകയാണ്. അതുകൊണ്ടു കേരളത്തിനു രണ്ടതിർത്തികൾ മാത്രമേയുള്ളൂ. ആ നില മാറ്റി, ആ അതിർത്തികൾ മാറ്റി കേരളരാജ്യത്തെ ഛിന്നഭിന്നമാക്കിത്തീർക്കുവാൻ തുനിഞ്ഞാൽ അതു നാം പ്രകൃതിക്കു എതിരായി ചെയ്യുന്ന ഒരു പ്രവൃത്തിയായിരിക്കും. ഞാൻ കൊറാൻ വായിച്ചപ്പോൾ അതിൽ പറഞ്ഞിരുന്ന ഒരു ഭാഗം ഇപ്പോൾ ഓർമ്മയിൽ വരുന്നു. ദൈവം, അതായതു് അള്ളാ ഭൂമിയെ സൃഷ്ടിച്ച അവസരത്തിൽ ഭൂമി ഇളകിക്കൊണ്ടിരുന്നു: ആ ഇളക്കം തീർക്കുന്നതിനു അള്ളാ പർവ്വതങ്ങളെ ഭൂമിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ഭാഗത്തായി ഉറപ്പിച്ചുവച്ചു. അങ്ങനെ ഭൂമിയുടെ ഇളക്കം നിൽക്കുകയും ചെയ്തു.

ശ്രീ. പി. കെ. കുഞ്ഞു് : കൊറാന്റെ ഏതു ഭാഗത്താണു് ഇങ്ങനെ പറഞ്ഞിരിക്കുന്നതു്?

ശ്രീ. ജോസഫ് ചാഴിക്കാടൻ : പേജൊന്നും ഞാൻ ഇപ്പോൾ ഓർക്കുന്നില്ല.

അങ്ങനെ മഹാപ്രളയത്തെകൊണ്ടു് അതിഭീതി തിരിക്കപ്പെട്ട ഒരു രാജ്യത്തെ ഒന്നോ, രണ്ടോ, മൂന്നോ ഭാഗങ്ങളായി മുറിക്കണമെന്നു പറയുന്നതു ശരിയാണോ, അതു പ്രകൃതിക്കു യോജിച്ചതാണോ? കന്യാകുമാരി മുതൽ കാസർകോടുവരെയും നീണ്ടുകിടക്കുന്ന ഈ ഭൂമി ചരിത്രപരമായും ഭൂമിശാസ്ത്രപരമായും, ആചാരസംബന്ധമായും മറ്റെല്ലാവിധത്തിലും ഒന്നായി ഒരു ഭരണത്തിൻ കീഴിൽ കൊണ്ടുവരുവാൻ അർഹതയും സാദ്ധ്യതയുമുള്ള ഒരു രാജ്യമാണു്. ഈ മലബാറിൽമാത്രമാണു് കാലവർഷവും തുലാവർഷവും ഒന്നുപോലെ കിട്ടുന്നതു്. മറ്റു രാജ്യങ്ങളിൽ അതു കിട്ടുന്നില്ല. അതായതു്, മലയുടെ അപ്പുറത്തു് കിടക്കുന്ന രാജ്യങ്ങളിൽ തെക്കുപടിഞ്ഞാറു നിന്നും വരുന്ന കാലവർഷമാകട്ടെ, വടക്കുകിഴക്കു നിന്നും വരുന്ന തുലാവർഷമാകട്ടെ രണ്ടും ഒന്നിച്ചു ലഭിക്കുന്നില്ല. പ്രകൃതിയും, മലയുടെ കിഴക്കുള്ള ദേശങ്ങളെ അപേക്ഷിച്ചു വ്യത്യസ്തമാണു് മലയുടെ പടിഞ്ഞാറുവശത്തുള്ള കേരളത്തിനേറ്റതു്. ഇങ്ങനെയുള്ള ഒരു രാജ്യത്തിനു നാം ചരിത്രത്തിന്റെ ആരംഭം മുതൽ നോക്കിയാൽ, തെക്കു നിന്നും ഓരോ രാജ്യങ്ങളായി ചേർത്തു ഒന്നായി ചേർക്കപ്പെട്ട രാജ്യത്തോടു മറ്റു രാജ്യങ്ങൾകൂടി ചേർത്തുകൊണ്ടുവരുന്ന ഈ അവസരത്തിൽ തെക്കൻ തിരുവിതാംകൂറിലെ സഹോദരന്മാർ പറയുന്നതു്, നിങ്ങൾ ഞങ്ങളെ പിരിച്ചു വിട്ടിട്ടു ചേരികൽപോലെ കൂട്ടിച്ചേർത്തുമാത്രം എടുത്തുകൊള്ളുവാനാണു്.

തെക്കൻതിരുവിതാംകൂറിലെ സഹോദരന്മാരോടു് ഞാൻ ചോദിക്കുന്നു, ഈ തിരുവിതാംകൂറിനെ, ഒന്നാക്കുവാൻ സഹായിച്ച ഡിലനായിയുടെ ശവകുടീരം എവിടെയാണു് സ്ഥാപിച്ചിരിക്കുന്നതു്, എന്നു്. ധീര ദേശാഭിമാനിയായ വേലുത്തമ്പി ദളവായുടെ ഒരു സ്മാരകം ഈ അടുത്ത കാലത്തുണ്ടാക്കാൻ പോകുന്നതായി കേട്ടു. തിരുവിതാംകൂറിന്റെ അഭ്യുദയത്തിനുവേണ്ടി പരിശ്രമിച്ച വേലുത്തമ്പി ദളവയുടെ ഒരു സ്മാരകം ഉണ്ടാക്കുകയാണെങ്കിൽ തെക്കൻതിരുവിതാംകൂർ മദ്രാസിലേക്കു ചേർക്കപ്പെടുന്നപക്ഷം, മദ്രാസിൽ എവിടെയെങ്കിലുമല്ലയോ സ്ഥാപിക്കേണ്ടതു് എന്നു് ഞാൻ ചോദിക്കുന്നു. രാജാ കേശവദാസന്റെ ജനനംകൊണ്ടു പരിപാവനമായ ദേശം തെക്കൻതിരുവിതാംകൂർ അല്ലേ? ദേവസഹായം പിള്ളയുടെ ശവകുടീരം ആരുവാമൊഴിയിൽസ്ഥാപിച്ചിരിക്കുന്നതു് നിങ്ങളെല്ലാവരും കണ്ടിരിക്കും. അങ്ങനെ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വളരെയേറെ ചരിത്രപ്രാധാന്യമുള്ള ഒരു ദേശമാണു തെക്കൻതിരുവിതാംകൂർ. ഇത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെല്ലാം മദ്രാസിലേക്കു വിട്ടുകൊടുത്തു് ബാക്കിയുള്ള ഭാഗം മാത്രം കേരളസംസ്ഥാനത്തിനു മതിയെന്നു പറഞ്ഞാൽ അതു ശരിയായിരിക്കുകയില്ല. നിങ്ങളുടെ ചക്കരയില്ലാതെ ഞങ്ങളെങ്ങനെ ജീവിക്കും? നിങ്ങളുടെ ഉപ്പുകിട്ടാതെ ഞങ്ങൾ എങ്ങിനെ ജീവിക്കും? ഉപ്പും ചക്കരയും മറ്റും നൽകാൻ മദ്രാസിലേക്കു കൊണ്ടുപോയാൽ കേരളത്തിലെ ഞങ്ങളുടെ കായ്യം വളരെ കഷ്ടത്തിലാകുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാടൻ]

തമിഴനാട്ടിലെ ജനങ്ങൾക്കു സങ്കടമുണ്ടാക്കുന്ന ചില കാര്യങ്ങൾ ഇതിനു മുമ്പു നടന്നിരിക്കാം. അങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അഥവാ ഉണ്ടായാൽ അതു പരിഹരിക്കുവാനുള്ള മാർഗ്ഗങ്ങൾ നാം ഇരുകൂട്ടരുംകൂടി ആലോചിച്ചു കണ്ടുപിടിക്കാവുന്നതേയുള്ളൂ. 1858-ൽ ആണെന്നു തോന്നുന്നു, ഇപ്പോൾ പിരിഞ്ഞുപോകണമെന്നു പറയുന്ന തമിഴനാട്ടിലെ നാടാന്മാരെ പല വിധത്തിൽ ദേഹോപദ്രവമേൽപ്പിക്കുകയും അവരുടെ അനവധി വീടുകളും പള്ളികളും തീവെച്ചു നശിപ്പിക്കുകയും ചെയ്തിട്ടുള്ളതായി ചരിത്രമുണ്ട്. ആ സംഭവം കഴിഞ്ഞിട്ടു നൂറു വർഷത്തോളമായിരിക്കുന്നു. അന്നു ജീവിച്ചിരുന്ന ആളുകളിൽ ആരെങ്കിലും ഇപ്പോൾ വൃദ്ധന്മാരായി ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർ പറഞ്ഞതു്, ഇങ്ങനെയുള്ള കഥകൾ ഇപ്പോഴത്തെ ചെറുപ്പക്കാർ ആരെങ്കിലും കേട്ടുവിശ്വസിക്കുമോ—ഇവർക്കു് അമർഷമുണ്ടാവും. അതുകൊണ്ടു പഴയ സ്മരണകൾ വച്ചുകൊണ്ടു മദ്രാസിലേക്കു പോകണമെന്നു നിർബന്ധം ശഠിക്കരുതേയെന്നാണു് എനിക്കു തമിഴനാട്ടു സ്നേഹിതന്മാരോടു പറയുവാനുള്ളതു്. പഴയ കായ്യം മറക്കാൻ കാലമായി. അതു നിർബന്ധം മറന്നുകളയണം.

ശ്രീ. എ. കുഞ്ഞൻ നാടാർ: തെക്കൻതിരുവിതാംകൂറിൽ നാടാർ ലഹളയുണ്ടായതു് നാടാർ സ്ത്രീകളുടെ മാറു മറയ്ക്കുന്നതിനെന്ന അഭിപ്രായത്തെ അവിടത്തെ സവർണ്ണഹിന്ദുക്കളും ഗവണ്മെൻറും കൂടി എതിർത്തതുകൊണ്ടാണെന്നറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: അതുമറിയാം; അതിലപ്പുറവും അറിയാം.

അന്നു ആ ലഹള നടന്നതു കാലം അതായിരുന്നു. കാലം മാറുന്നു. ആശയങ്ങളും അഭിപ്രായങ്ങളും മാറുന്നു. അന്നു ഒരു പ്രത്യേക വിധത്തിൽ മാറുമറയ്ക്കുന്നതു സമുദായാചാരത്തിനു വിരുദ്ധമായിരുന്നു. ചിലരുടെ അവകാശധ്വംസനമായിരുന്നു. അന്നത്തെ കാലം അതായിരുന്നു. ഇന്നാകട്ടെ മാറു മറയ്ക്കാതെയുള്ള സ്ത്രീകളെ എല്ലാവരും പഴിയ്ക്കും. അക്കാലം നമ്മൾ മറക്കണം. ആ കാലം പോയി 98 വർഷങ്ങൾക്കു മുമ്പു നടന്ന കാര്യങ്ങളാണു്. അതൊക്കെ മറക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. നിർബന്ധം ഈ നാടുവിട്ടു മദ്രാസിലേക്കു പോകുന്ന പക്ഷം ഇന്നു തിരുവിതാംകൂറിൽ പൊതുവെ ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസം Free education നിർബന്ധമായും കിട്ടാൻ പോകുന്നില്ല എന്നു നിർബന്ധപ്രത്യേകം ധരിക്കണം. എനിക്കു വേണ്ടിയില്ല, നിങ്ങൾക്കുവേണ്ടിയാണു് ഞാൻ പറയുന്നതു്. അതുപോലെ, ഇവിടത്തെ ഭൂനികുതി എത്രയോ തുച്ഛമാണു്. മദ്രാസിൽ ഇവിടത്തെക്കാൾ വളരെ കൂടിയ ഭൂനികുതിയാണു് ഇന്നു നിലവിലിരിയ്ക്കുന്നതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: അതു തെറ്റാണെന്നു പറഞ്ഞാൽ സമ്മതിക്കുമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: അതോറിറ്റിയോടുകൂടി പറഞ്ഞാൽ സമ്മതിക്കാം. ചുമ്മാതെ പറഞ്ഞാൽ സമ്മതിക്കുകയില്ല. ഏതായാലും മദ്രാസിനെ അപേക്ഷിച്ചു് ഇവിടെ ഭൂനികുതി വളരെ കുറവാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ആരോഗ്യം സംബന്ധിച്ചു നോക്കുകയാണെങ്കിൽ തിരുവിതാംകൂർ–കൊച്ചിയിൽ കിട്ടിക്കൊണ്ടിരിക്കുന്നതുപോലെയുള്ള വൈദ്യസഹായം മദ്രാസിൽ ലഭിക്കുന്നതുകൊണ്ടു കിട്ടാൻ പോകുന്നില്ല. തെക്കൻതിരുവിതാംകൂറിലുള്ള ഏതൊരു പൌരനും ആറോ എട്ടണയോ ചെലവാക്കുന്നപക്ഷം ഇവിടത്തെ ഹൈക്കോടതിയിൽ വന്നു കാര്യം സാധിക്കാം. നേരെ മറിച്ചു്, മദ്രാസിൽ പോകുകയാണെങ്കിൽ ഈ ഒരു ഒറക്കാര്യത്തിനുവേണ്ടി എത്ര പണം ചെലവാക്കേണ്ടിവരുമെന്നു അവർതന്നെ ചിന്തിച്ചുനോക്കട്ടെ. മാത്രമല്ല ദിനരാത്രങ്ങൾ അങ്ങോട്ടമിങ്ങോട്ടമുള്ള സഞ്ചാരത്തിൽ കഴിഞ്ഞുകൂടേണ്ടിവരുമെന്നും ചിന്തിക്കേണ്ടതാണു്.

11 A. M.

സർ, തമിഴ്നാട്ടിൽനിന്നും ഇവിടെ പത്തുപന്ത്രണ്ടു മെംബറന്മാർ ഈ നിയമസഭയിൽ പ്രതിനിധികളായിട്ടുണ്ടു്. അവർ ഈ നിയമസഭയിൽ ഗവണ്മെൻറിനോടു അനുകൂലിച്ചുനിന്നില്ലെങ്കിൽ ഇന്നത്തെ ഗവണ്മെൻറു് തന്നെ ഇല്ലാതാകും. അവക്കു ഗവണ്മെൻറിനെ ഉണ്ടാക്കാനും ഇല്ലാതാക്കാനും ഉള്ള കഴിവു് ഇവിടെ ഇന്നുണ്ടു്. അവർ വിചാരിച്ചാൽ ആ നിമിഷത്തിൽ ഈ ഗവണ്മെൻറു് താഴെ വീഴുന്നു. നേരെ മറിച്ചു് ഇവരെല്ലാവരും മദ്രാസിൽ പോകുകയാണെങ്കിൽ എന്തു സ്ഥാനമാണു് അവക്കു് അവിടെ കിട്ടാൻ പോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. അവിടെ അവർ സമുദ്രത്തിലെ ഒരു തുള്ളി മാത്രം. ഇവിടെ കിട്ടുന്നത്ര സ്വാതന്ത്ര്യവും സ്വാധീനശക്തിയും മദ്രാസിൽ കിട്ടുകയില്ലെന്നു മാത്രമല്ല ഇവർ പറഞ്ഞാൽ ആരെങ്കിലും വകവയ്ക്കുമോ എന്നുകൂടി സംശയമാണു്. അങ്ങനെയിരിക്കെ, ഞാൻ മുമ്പുപറഞ്ഞ പലവിധത്തിലുള്ള അനുകൂല പരിതഃസ്ഥിതിയെ വെടിഞ്ഞു് വെറും വൈരാഗ്യബുദ്ധിയോടുകൂടി പിരിഞ്ഞുപോകുന്നതു ബുദ്ധിപൂർവ്വമാണെന്നു ബുദ്ധിയുള്ളവർ കരുതുകയില്ല. അതുകൊണ്ടു്, പൂർവ്വവൈരാഗ്യമോ കക്ഷിവൈരാഗ്യമോ ഉണ്ടെങ്കിൽ അവയൊക്കെ വിസ്മരിച്ചുകൊണ്ടു് ഈ അവസരത്തിൽ നാമെല്ലാവരും ഒത്തൊരുമിച്ചുനിന്നു പ്രവർത്തിക്കാൻ തക്കവണ്ണമുള്ള ഒരന്തരീക്ഷം സൃഷ്ടിക്കയും ആത്മാർത്ഥതയോടും സഹവർത്തിത്വത്തോടും കൂടി രാജ്യക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതാണെന്നു ഞാൻ അവരോടു അപേക്ഷിക്കുകയുമാണു ചെയ്യുന്നതു്. പക്ഷെ എൻറെ സ്നേഹിതന്മാർക്കു് ഒരബദ്ധം പറ്റിയിരിക്കുകയാണു്. "പിരിഞ്ഞുപോകണം, പിരിഞ്ഞുപോകണം" എന്നു പറഞ്ഞു പറഞ്ഞു് ഇപ്പോൾ ആ പറച്ചിൽ പിൻവലിക്കാൻ വയ്യാതെ വന്നിരിക്കുകയാണു്. ആരെങ്കിലും കാര്യമായി പറഞ്ഞാൽ അവർ അവരുടെ വൈരാഗ്യം ഉപേക്ഷിച്ചേയ്ക്കാം. വൈരാഗ്യം ഇക്കാര്യത്തിൽ ഉണ്ടായിരിക്കരുതു്. ഈ ഒരു ഘട്ടത്തിൽ നാം അവരെ സഹായിക്കേണ്ടതാണു്. അവരുടെ അഭിമാനത്തെ രക്ഷിക്കത്തക്കവണ്ണം നമുക്കു് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതൊക്കെ ചെയ്തു്, അവരെ സന്തോഷിപ്പിച്ചു് മനസാന്തരപ്പെടുത്തി നമ്മോടുകൂടി കൊണ്ടുപോകാൻ ശ്രമിക്കേണ്ടതാണു്. അങ്ങനെയായാൽ അവർ പിരിഞ്ഞുപോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. സർ, അവക്കു് ചില അവശതകളും എല്ലാം ഉണ്ടു്. അവ പരിഹൃതമാക്കുന്നതിനു നാം അല്ലെങ്കിൽ ഗവണ്മെൻറു കടപ്പെട്ടവരാണു്. മാത്രമല്ല കന്യാകുമാരി ഇല്ലാത്ത ഒരു കേരളത്തെപ്പറ്റി അഭിമാനമുള്ള ഒരു കേരളീയനു ചിന്തിക്കാൻപോലും സാധ്യമല്ല. ലോകത്തിൻറെ മറ്റേതു ഭാഗത്തെക്കാളും കന്യാകുമാരിക്കു് ഒരു വിശേഷതയുണ്ടു്. അതു്മിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

സൂര്യനെയും ഉദിക്കുന്ന ചന്ദ്രനേയും ഒരേസമയത്തു കന്യാകുമാരിയിൽ മാത്രമേ ദൃശ്യമാകുന്നുള്ളൂ. മാത്രമല്ല മൂന്നു മഹാസമുദ്രങ്ങളാൽ ആവൃതമായ ഒരു ഭൂവിഭാഗമാണു കന്യാകുമാരി. ചരിത്രാതീതകാലംമുതൽക്കുതന്നെ കന്യാകുമാരിയെ സംബന്ധിച്ചു പല ഐതിഹ്യങ്ങളും വിശേഷങ്ങളും കേട്ടുകേൾവിയും ഉണ്ടായിട്ടുണ്ട്. അങ്ങനെയിരിക്കുന്ന കന്യാകുമാരി കേരളസംസ്കാരത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. അതുകൊണ്ടു കന്യാകുമാരി ഇല്ലാത്ത കേരളം കേരളമല്ല. കേരളം കേരളമായിരിക്കണമെങ്കിൽ അതിൽ കന്യാകുമാരിയും ഉണ്ടായിരിക്കണം

എന്റെ സ്നേഹിതന്മാർ മദ്രാസിൽ പോകണമെന്നു ആവശ്യപ്പെടുന്നതെക്കൻതിരുവിതാംകൂറിൽത്തന്നെ അനവധി മലയാളികൾ നിവസിക്കുന്നുണ്ട്. അവരുടെ ഭാവികൂടി നാം ചിന്തിക്കേണ്ടതാണ്. അവശതകൾ ഉണ്ടെങ്കിൽ ഗവണ്മെന്റുമായി നേരിട്ട് പറഞ്ഞുതീർക്കാം. ഞങ്ങളും കൂടി ആകാര്യങ്ങളിൽ പങ്കെടുക്കാം. നെയ്യാർ ഡാം പണി പൂർത്തിയായില്ലെങ്കിൽ എത്രയും വേഗത്തിൽ ഗവണ്മെന്റുതന്നെ ചീഫ് എഞ്ചിനീയരെ വിളിച്ചുവരുത്തി എൻക്വയറി ചെയ്യേണ്ടതാണ്. അതുപോലെതന്നെ മറ്റനവധി കാര്യങ്ങളും ഉണ്ടായിരുന്നാലും അവയൊക്കെ നമുക്കു നിവൃഹിക്കാവുന്നതേയുള്ളൂ. വെറുതേ ഈ കാര്യത്തിൽ മക്കടമുഷ്ടി പിടിക്കേണ്ട ആവശ്യമില്ലെന്നുകൂടി ഞാൻ ഈ അവസരത്തിൽ എന്റെ സ്നേഹിതന്മാരോടു പറഞ്ഞുകൊള്ളട്ടെ.

സർ, എനിക്കു മറ്റൊരു കാര്യം ഈ അവസരത്തിൽ പറയാനുണ്ട്. എന്റെ ഒരു മാന്യസ്നേഹിതൻ ഇവിടെ പറയുകയുണ്ടായി, ദേവികുളം, പീരുമേട് താലൂക്കുകളിൽനിന്നും എതാനും സ്ഥലവിഭാഗങ്ങൾകൂടി മദ്രാസിനു വിട്ടുകൊടുക്കണമെന്ന്. സർ, അതു മൈസൂരിന്റെയോ അല്ലെങ്കിൽ എതോപ്പായുടെയോ കുറെ ഭാഗങ്ങൾ വിട്ടുകിട്ടണമെന്നു പറയുന്നതുപോലെയാണ്. അതുപോലെ അന്തരമുള്ള ഒരു കൂട്ടിച്ചേർപ്പാണ് ഇതും. അതായതു സഹ്യപർവ്വതത്തിനാൽ വേർതിരിക്കപ്പെട്ട രണ്ടു ഭൂപ്രദേശങ്ങൾ എങ്ങനെ കൂട്ടിച്ചേർക്കാനാണ്? ചെങ്കോട്ടയെ സംബന്ധിച്ചാണെങ്കിലും ഒരു ചെറിയ വിഭാഗം മാത്രമേ പാണ്ടിയോടു തൊട്ടുകിടക്കുന്നുള്ളൂ. സഹ്യപർവ്വതത്തിനു കിഴക്കുഭാഗത്തായി അച്ചൻപുത്തൂർ, സാംബൂർവടകര എന്നു രണ്ടുമൂന്നു ഗ്രാമങ്ങൾ ചെങ്കോട്ട താലൂക്കിന്റെ ഭാഗങ്ങളായി പാണ്ടിയിലുണ്ട്. ഭൂപ്രകൃതിയിൽ അതു പാണ്ടിയുടെ ഭാഗമാണ്. വേണമെങ്കിൽ ആ ഭാഗം മദ്രാസിൽ ലയിപ്പിക്കണമെന്നു അഭിപ്രായപ്പെട്ടാലും ഒരു വിധത്തിൽ ന്യായീകരിക്കാം. എന്നാൽ ചെങ്കോട്ടതാലൂക്കു മുഴുവനും കൂടി മദ്രാസിനു വിട്ടുകൊടുക്കണമെന്ന വാദത്തോടു ഒരിക്കലും യോജിക്കാൻ നിവൃത്തിയില്ല. ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ ഒരു ചതുരശ്രമൈലിനു രണ്ടായിരം ജനങ്ങൾ അധിവസിക്കുന്നുണ്ട്. മലബാറുംകൂടി ചേരുകയാണെങ്കിൽ ജനസംഖ്യ ചതുരശ്രമൈലിനു 1000 ആയി താഴ്ന്നേയ്ക്കും. മലബാർകൂടി ചേർന്നതോടുകൂടി നിബിഡമായി താമസിച്ചുകൊണ്ടിരുന്ന ജനങ്ങൾക്കു ഒരു വിധമെങ്കിലും ശ്വാസം മുട്ടാതെ കഴിഞ്ഞുകൂടാനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. അതുകൊണ്ടും ജനപ്പെരുപ്പമുള്ള ഈ സംസ്ഥാനത്തുനിന്നും ഇനിയും സ്ഥലം വിട്ടുകൊടുക്കുകയെന്നുള്ളതു ഒട്ടും ആശാസ്യമായിട്ടുള്ള ഒരു കാര്യമല്ല. ദേവികുളവും പീരുമേടും മദ്രാസിനു വിട്ടുകൊടുത്താൽ പിന്നെ നമ്മുടെ ഭാവി എന്തായിരിക്കുമെന്നുകൂടി നാം ചിന്തിക്കേണ്ടതാണ്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു് ഒരിഞ്ചു സ്ഥലംപോലും ഈ നിലയിൽ വിട്ടുകൊടുക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കുകയില്ല. എന്റെ തമിഴ്നാടു സ്നേഹിതന്മാരുടെ വാദഗതിയിൽ, കിടക്കുന്നതു്, കേരളത്തിൽനിന്നും 8 താലൂക്കുകൾ വിട്ടുകിട്ടുമെന്നു പറയുമ്പോൾ 4 താലൂക്കുകളെങ്കിലും കിട്ടുമല്ലോ എന്നാണു്. ചെങ്കോട്ട താലൂക്കിനെ സംബന്ധിച്ചിടത്തോളം ബുദ്ധിമാന്മാരെന്നു പറയുന്ന മുന്നു കമ്മിറ്റിയംഗങ്ങൾ ചേർന്നുകൊണ്ടു് എഴുതിവച്ചിരിക്കുന്നതു് അതു മഴവനം മദ്രാസിനു വിട്ടുകൊടുക്കണമെന്നാണു്. ആ താലൂക്കു് എവിടെയെല്ലാം വ്യാപിച്ചുകിടക്കുന്നുണ്ടെന്നു് അവർ നോക്കിയിട്ടില്ലെന്നാണു് തോന്നുന്നതു്. ആര്യങ്കാവു്, തെന്മല മുതലായ ലോകമനോഹരങ്ങളായ വനപ്രദേശങ്ങളും അവയിലെ വിലയേറിയ പനവൃക്ഷങ്ങളും തൃപ്പടിയാറിനു കുറുകെയുള്ള കിടപ്പും വളരെ അധികം വിലപിടിപ്പുള്ള വനവിഭവങ്ങളും മറ്റും ചെങ്കോട്ട താലൂക്കിൽ ഉൾപ്പെടുന്നു. മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ രണ്ടു വലിയ നദികളുടെ ഉൽഭവസ്ഥാനവും അവിടെത്തന്നെയാണു്. അതായതു കല്ലടയാറും അച്ചൻകോവിലാറും ഉൽഭവിച്ചു പ്രവഹിക്കുന്നതു് അവിടെനിന്നാണു്. അതിനെ മാറ്റിക്കണമെന്നു പറയുന്നതു ചില കുടുംബങ്ങളിലെ മാറ്റപ്രകാരം പറയിടം ഒരാൾക്കും അതിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കും മറ്റൊരാൾക്കും കൊടുക്കുന്നതുപോലെയാണു്. അതു് ഏതു കാലത്തായാലും തർക്കത്തിലും വഴക്കിലുമേ അവസാനിക്കയുള്ളൂ. അതുപോലെ ഇതും അതിനിമിത്തമായതെ സംബന്ധിച്ചായാലും അവയിലെ ജലത്തെ സംബന്ധിച്ചായാലും എന്നും സൈരക്കേടു് ഉണ്ടായിക്കൊണ്ടിരിക്കാനാണു് എളുപ്പം. ഒരു നദിയുടെ ഉല്പത്തി ഒരു രാജ്യത്തും ബാക്കിഭാഗം മറ്റൊരു രാജ്യത്തും വരുന്നതു് തീരാത്ത തർക്കങ്ങൾക്കു വഴിയുണ്ടാക്കുകയായിരിക്കും.

ഈ കമ്മീഷൻ റിപ്പോർട്ടു വരുന്നതിനു മുമ്പു് ഈ ഗവണ്മെൻറ് വേണ്ടകാര്യങ്ങൾ വേണ്ടിടത്തോളം ശ്രദ്ധയായി ചെയ്തോയെന്നും കൂടി സംശയമുണ്ടു്. ഇവിടത്തെ ഗവണ്മെൻറ് വേണ്ട കാര്യങ്ങൾ വേണ്ടപ്പോൾ ചെയ്തിരുന്നുവെങ്കിൽ ഈ ദേവികുളത്തിന്റെയും പീരുമേടിന്റെയും അതുപോലെ തന്നെ ചെങ്കോട്ടയുടേയും കാര്യത്തിൽ ഇത്ര വിഷമം വരികയില്ലായിരുന്നു. ഇനിയും മറ്റൊരു കമ്മീഷൻ ഇപ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ ആ റിപ്പോർട്ടു് ഒരു അവസാനതീരുമാനമായി കരുതേണ്ട ആവശ്യമില്ല. അവസാനം തീരുമാനം ചെയ്യുന്നതിനുള്ള അധികാരം പാർലമെൻറിനാണു്. ഇന്നു നാം കാണുന്ന തിരുവിതാംകൂർതന്നെ എത്രയോ കാലങ്ങൾക്കു മുൻപു പിരിഞ്ഞിരിന്നുമായി കിടന്ന സ്ഥലങ്ങളാണു്. അങ്ങനെയുള്ള സ്ഥലങ്ങളെല്ലാം ഒന്നാക്കിച്ചേർത്തു ഇന്നത്തെ തിരുവിതാംകൂർ ഉണ്ടാക്കിവച്ചിരിക്കയാണു്. അങ്ങനെ പിരിക്കുമ്പോൾ ഇനിയും അവയെ മുൻപിലത്തെപ്പോലെ പിന്നെയും തുണ്ടുതുണ്ടാക്കണമെന്നു പറയുന്നതു ശരിയല്ല. തമിഴ് സഹോദരങ്ങളെ, നിങ്ങൾ ഇന്നു ചെയ്യുന്ന ബുദ്ധിപൂർവ്വമല്ലാത്ത പ്രവൃത്തിയും, തെക്കൻതിരുവിതാംകൂറിനെ മദ്രാസിൽ ചേർക്കുന്നതിനു് ഇന്നു ശ്രമിക്കുന്ന നിങ്ങളെ നിങ്ങളുടെ സന്താനങ്ങളും മറ്റും തലമുറയും കുറ്റപ്പെടുത്തും. നിങ്ങൾ ഇന്നു ചെയ്യുന്നതു് എന്താണെന്നു നിങ്ങൾ അറിയുന്നില്ല. നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്കു വിനവരുത്തി വയ്ക്കുകയാണു്. ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും, സാംസ്കാരികമായും, ഒന്നായി കിടക്കുന്ന കേരളത്തെ രാഷ്ട്രീയപരമായും ഒന്നാക്കി ഒരു അഖണ്ഡകേരളം ഉണ്ടാക്കുന്നതിനു ഇന്നത്തെ തലമുറ ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നു് ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാരോടു് അപേക്ഷിച്ചുകൊണ്ടു ഞാൻ ശ്രീ. വിശ്വംഭരന്റെ ഭേദഗതിയെ അനുകൂലിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, റ്റു. ആർ. സി. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കേരളത്തെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ പ്രത്യേകിച്ചും പൊതുവെ സ്വീകാര്യങ്ങളാണ്. അതിൽത്തി കളെ സംബന്ധിച്ച് തർക്കങ്ങൾക്കിനിയും ഇടയുണ്ടെങ്കിലും നിർദ്ദേശങ്ങളെ പൊതുവെ ഞാൻ സ്വീകരിക്കുന്നു. അവയുടെ അടിസ്ഥാനത്തിൽ ഒരു കേരളസംസ്ഥാനം ഉടലെടുക്കാൻ പോവുകയാണ്. ഇതൊരു നിസ്സാരസംഗതിയല്ല. സാമൂഹ്യജീവിതത്തിന്റെ ഓരോ തുറയിലും നാം കാണുന്നതു് യാഥാർത്ഥ്യത്തിലേയ്ക്കുള്ള ഒരു നീക്കമാണ്. എന്നാൽ ഓരോ നീക്കത്തേയും പടസ്സുപ്പെടുത്തുവാൻ ഓരോ സ്ഥാപിതതാല്പര്യങ്ങൾ ശ്രമിക്കുന്നുണ്ടെന്നുള്ളതു് നാം മറന്നുകൂടാ. കേരളത്തിലെ ജനങ്ങൾ ഒന്നിച്ചൊരു സംസ്ഥാനത്തിലായിത്തീരുക എന്നതു് ചിരകാലപ്രാർത്ഥിതമായ ഒരു കാര്യമാണ്. പക്ഷെ ഇതിനേയും തടസ്സപ്പെടുത്തുവാൻ പലമാതിരി സ്വാർത്ഥങ്ങൾ തുണ്ടുപിടിച്ചു ഉത്സാഹിക്കുന്നു. ആ താൽപ്പര്യങ്ങളെ വിശകലനം ചെയ്തു മനസ്സിലാക്കി യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായി കാണുവാൻ നാം ശ്രമിക്കേണ്ടതാണ്.

സംസ്ഥാനപുനഃസംവിധാനക്കമ്മീഷൻ റിപ്പോർട്ടിൽ ഇടയ്ക്കിടയ്ക്കു പറയുന്നുണ്ട്; ഭാഷയും സംസ്കാരവും മാത്രമല്ല പുനഃസംവിധാനത്തിനു് മാനദണ്ഡമാക്കിയിട്ടുള്ളതെന്നു്. എന്നാൽ പരമാർത്ഥത്തിൽ ഭാഷയേയും സംസ്കാരത്തേയും തന്നെയാണു് പ്രധാനനിയാമകമാക്കിയിട്ടുള്ളതു്. ഇടയ്ക്കിടയ്ക്കു മറിച്ചു പറയുന്നതു് സത്യം വ്യക്തമായി പറയുന്നതാ ആക്ഷേപങ്കിലും രസിക്കാതെ വരുങ്കിലോ എന്നു വിചാരിച്ചു് മാത്രമാണു് ഭാഷയേയും സംസ്കാരത്തേയും വേണ്ടം മുഖ്യനിയാമകമാക്കുവാൻ എന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയും മറ്റു ഉൽപ്പതിഷ്ണുകക്ഷികളും വാദിച്ചിട്ടുള്ളതു് ഫലമില്ലാത്ത ഒരു കാര്യമായി കണക്കാക്കിപ്പോകരുതു്. സംസ്ഥാനപുനഃസംവിധാനത്തിൽ ഭാഷയും സംസ്കാരവും തന്നെയാണു് മുഖ്യനിയാമകമായിരിക്കേണ്ടതെന്നു് ശാസ്ത്രദൃഷ്ട്യാ തന്നെ ബോദ്ധ്യമാക്കാവുന്നതാണു്. ഭൂമിയും അതിൽ താമസിക്കുന്ന ജനങ്ങളും തമ്മിലുള്ള ബന്ധം അതിൽനിന്നാണു് ഭാഷയും സംസ്കാരവും സാമൂഹ്യനീതിയുമെല്ലാം ഉരുത്തിരിഞ്ഞിട്ടുള്ളതു്. മൂന്നും നാലും മാസം കൊണ്ടു് വിളവു് എടുക്കാവുന്ന കാർഷികപ്രവർത്തനങ്ങളിൽ ഭൂമിയുമായി മല്ലടിക്കുന്ന മനുഷ്യൻ അവൾക്കു മാത്രമേ ഭൂമിയുമായി സ്ഥായിയായ ബന്ധം ഉണ്ടാവുകയുള്ളൂ. മറ്റുള്ള ബന്ധങ്ങളെല്ലാം ഒരു വിധത്തിൽ "സഞ്ചാരിബന്ധ"ങ്ങളാണു്. അതിപ്രാചീനകാലത്തു് കൃഷിയിലൂടെയാണു് മനുഷ്യൻ ഒരിടത്തു് താമസമാക്കി സാമൂഹ്യജീവിയായിത്തീർന്നതു്. സ്വന്തമൊരു ഭാഷയിലൂടെയാണു് മറ്റുള്ളവരുമായി ആശയവിനിമയം ചെയ്യുവാൻ ചിന്താശക്തി വളർത്തിയെടുത്തതു്. മനുഷ്യന്റെ സംസ്കാരമെല്ലാം ആ വഴിക്കുണ്ടായതാണു്. അപ്പോൾ ഞാൻ പറയുന്നതു്, ഭാഷയേയും സംസ്കാരത്തേയും മുഖ്യനിയാമകമാക്കുമ്പോൾ മനുഷ്യന്റെ സാമൂഹ്യജീവിതത്തേയും ഭൂമിയുമായുള്ള ബന്ധത്തേയും ശാസ്ത്രീയമാനദണ്ഡം കൊണ്ടു് അളക്കുന്നു എന്നാണർത്ഥം. ഇതൊന്നും ഞാൻ കരുതിക്കൂട്ടി പറയുന്നതല്ല. മാനവസംസ്കാരത്തിന്റെ ചരിത്രവും സാമൂഹ്യശാസ്ത്രവും നരവംശശാസ്ത്രവുമൊക്കെ ഈ വിശകലനത്തിനു സാധകമായിട്ടുണ്ടു്. അതൊക്കെയും അധിവസിക്കുന്നവരുടെ ഭാഷയാണു് ഒന്നിച്ചുകൂട്ടി ഒരു സംസ്ഥാനമാക്കേണ്ടതു് എന്നു് ആലോചിക്കുമ്പോൾ ഭാഷയേയും സംസ്കാരത്തേയും

LIBRARY ARCHIVES Kerala Legislative Assembly

തന്നെവേ ം മാനദണ്ഡമായി കൈക്കൊള്ളുവൻ. ആ മാനദണ്ഡം ചെന്നെത്തുന്നതു് കാർഷി ജീവിതത്തിലൂടെയുള്ള സ്ഥായിയായ ഭൂമി ബന്ധത്തിലാണെന്നാം. ഈ വഴിക്കു നോക്കുമ്പോൾ, കേരളസംസ്ഥാനത്തിൽ ഏതേതു ഭാഗങ്ങൾ ഉൾക്കൊള്ളണം എന്നു നമുക്കു ഏളുപ്പത്തിൽ തീരുമാനിക്കാം. അതിർത്തികളെ സംബന്ധിച്ചു് അല്പാല്പം തർക്കങ്ങളുണ്ടാകാം. അതത്ര സാരമാക്കാനില്ല.

ഭാഷയേയും സംസ്കാരത്തേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു കേരളസംസ്ഥാനം എങ്ങിനെ നിലനിൽക്കാനാണു് എന്നു ആശങ്കിക്കുന്നതിലർത്ഥമില്ല. കേരളീയർക്കു് മറ്റു സംസ്ഥാനങ്ങളിൽ പോയി ജോലി ചെയ്യാൻ സാധിക്കാതെവരുമോ? വരാൻ പാടില്ല. വളരെ ചെറിയ ഒരു സംസ്ഥാനമാകയാൽ കേരളത്തിനു സാമ്പത്തിക ഭദ്രത നഷ്ടപ്പെട്ടേയ്ക്കുമോ? അതും പേടിക്കേണ്ട ഒരു കാര്യമില്ല. ഇൻഡ്യ ഒരു ഫെഡറൽ സ്റ്റേറ്റ് ആയിരിക്കണം എന്നാണല്ലൊ എല്ലാവരുടേയും വാദം. ചീഫ്മിനിസ്റ്റർ അതുതന്നെ പറയുന്നു. അനുഭവത്തിൽ ഇൻഡ്യ ഒരു ഫെഡറൽ സ്റ്റേറ്റ് ആയിട്ടില്ല ഇപ്പോഴും. പക്ഷെ ഫെഡറൽസ്റ്റേറ്റ് ആയേ ഈ രാജ്യത്തെ ജനങ്ങളുടെ ഭാഗധേയം അടക്കുവാൻ കഴിയൂ. ചീഫ്മിനിസ്റ്റർ പറയുമ്പോലെയുള്ള ഒരു സിറിസൻഷിപ്പ് ആണു് നമ്മിൽ ഓരോരുത്തനും ഉള്ളതെങ്കിൽ ആ സിറിസൻഷിപ്പ് തികച്ചും ഫെഡറൽ അടിസ്ഥാനത്തിലുള്ള ഒരു ഇൻഡ്യൻ സ്റ്റേറ്റിലെ സിറിസൻഷിപ്പ് ആയിരിക്കണം. വേറെയുമുണ്ടു് ഒരു കാര്യം. ഈ ഫെഡറൽ യൂണിയൻ സോഷ്യലിസ്റ്റിക്കു് പാറ്റേണിലേയ്ക്കു് കുതിക്കുന്നു എന്നു പറയുന്നുണ്ടല്ലോ. ഈ പ്രസ്താവനയ്ക്കു വല്ല അർത്ഥവും ഉണ്ടെങ്കിൽ ഇൻഡ്യയിലെ പൗരന്മാർ ഏതു സംസ്ഥാനത്തിൽ കിടന്നാലും അവർക്കു് ജോലിചെയ്തു മാന്യമായി ജീവിക്കാനുള്ള സാദ്ധ്യത കൈവന്നേ കഴിയൂ. നമ്മുടെ സംസ്ഥാനത്തിലെ ഈ വക പ്രശ്നങ്ങൾ ഭാവിയിൽ നാം ഒട്ടിടുക്കാനിരിക്കുന്ന സോഷ്യലിസ്റ്റ് സ്റ്റേറ്റവ്യവസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നവയാണു്. ഭാഷയുടേയും സംസ്കാരത്തിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംവിധാനം ചെയ്യുന്നതു അത്രയും ഒരു ഭാവിയെ ഒരു തരത്തിലും തടസ്സപ്പെടുത്തുകയില്ല. നേരെ മറിച്ചു് അതിന്റെ സാക്ഷാൽക്കാരത്തെ ത്വരിതപ്പെടുത്തുകയേ ഉള്ളൂ. അതുകൊണ്ടു് ഉദ്യോഗസ്ഥന്റെയും സമ്പത്തിക ഭദ്രതയുടേയും കാര്യങ്ങൾ വലിച്ചിട്ടു സംസ്ഥാനരൂപീകരണപ്രശ്നം കുഴപ്പത്തിലാക്കുകയോ വിളംബപ്പെടുത്തുകയോ ചെയ്യേണ്ടതില്ല.

ഭൂമിയുമായുള്ള സ്ഥായിയായ ബന്ധത്തെ ഭാഷയും സംസ്കാരവും കൊണ്ടു് അളക്കാമെങ്കിൽ, തെക്കൻതിരുവിതാംകൂറിലെ താലൂക്കുകൾ തമിഴ് സംസ്ഥാനത്തിലേയ്ക്കു വിടണം എന്നുള്ള വാദം തികച്ചും ശരിയാണെന്നു കാണാം. ആ താലൂക്കുകളിൽ ഭൂമിയുമായി മല്ലടിച്ചു് എത്രയോ കാലമായി സാമൂഹ്യജീവിതം കെട്ടിപ്പടുത്തിട്ടുള്ളവർ തമിഴരാണു്. അവർക്കു ആ പ്രദേശങ്ങളോടുകൂടി തമിഴ് സംസ്ഥാനത്തിലേയ്ക്കു് ചേരുവാൻ അവകാശമുണ്ടു്. ആ താലൂക്കുകൾ ഇനിയും കേരളസംസ്ഥാനത്തിൽ നിൽക്കണമെന്നു വാദിക്കുന്നതു് ഏതടിസ്ഥാനത്തിലാണു്? തിരുവനന്തപുരത്തും നെയ്യാറിൻകരയിലുമുള്ള ജന്മികൾക്കാണു് ആ പ്രദേശത്തിലെ കൃഷി ഭൂമിയുടെയെല്ലാം ഉടമ എന്നതാണോ അടിസ്ഥാനം? ആണെങ്കിൽ അതൊരു അടിസ്ഥാനമേ അല്ല എന്നു ഞാൻ പറയും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

എന്നാ ദേവികുളത്തിന്റെയും, പീരുമേടിന്റെയും ഭാവി നമുക്ക് ഈ മാനദണ്ഡംകൊണ്ട് അളക്കാമോ? വളരെ സംശയമാണ്. ആ താലൂക്കിൽ തമിഴ് സംസാരിക്കുന്നവർ ഉണ്ടെന്നുള്ളതു് വാസ്തവമാണ്. പക്ഷെ അവർ തെക്കൻ തിരുവിതാംകൂറിലെ തമിഴരെപ്പോലെ കൃഷിയിലൂടെയും മറ്റും ഭൂമിയുമായി ചിരകാലം ബന്ധം പുലത്തി ദേവികുളത്തും പീരുമേട്ടുകാരുമായതാണോ? അല്ല. അധികംപേരും പ്ലാന്റേഷൻ ലേബർ ആയി (തോട്ടം തൊഴിലാളികളായി) ഈ അടുത്തകാലത്തു വന്നു കുടിയേറിപ്പാർത്തവരാണ്. ആ താലൂക്കുകളുമായി അവക്ക് സ്ഥായിയായ ബന്ധം ഒന്നും ഇല്ല. അവിടത്തെ സാമൂഹ്യജീവിതം കൊണ്ട് ഉണ്ടായതല്ല അവരുടെ ഭാഷയും സംസ്കാരവും. ഇതിനൊക്കെ പുറമെ ആ താലൂക്കുകളിൽ ഇന്നും ജനസംഖ്യ വളരെ കുറവാണ്. ചതുരശ്രമൈലിന് 100-ൽ പരമേ അതു കാണുള്ളൂ. ഭാവി കേരളത്തിൽ ചതുരശ്രമൈലിന് 1000-ൽ പരം ഉണ്ടാകും. ജനസംഖ്യ തിരുവിതാംകൂർ-കൊച്ചി മാത്രം എടുത്താൽ ചതുരശ്രമൈലിന് 1000-നും 2000-നും ഇടയ്ക്കു വരുന്നുണ്ട്. ഒന്നരക്കോടിയിൽപ്പരം ജനസംഖ്യയുള്ള കേരളസംസ്ഥാനത്തിനു കഷ്ടിച്ചു് 15000 ചതുരശ്രമൈലേ വലിപ്പമുള്ളൂ എന്ന വസ്തുത കൂടി വിചാരിക്കുകയാണെങ്കിൽ ദേവികുളവും പീരുമേടും കേരളത്തിൽ തന്നെ നിൽക്കണം എന്നുള്ള വാദം വളരെ ശരിയാണെന്നു കാണാം. കമ്മിഷൻറിപ്പോർട്ടിൽ ഈ വാദം അംഗീകരിച്ചിട്ടുള്ളതു് യുക്തിയുക്തമായി കണക്കാക്കാം.

[Mr. Speaker in the Chair.]

ദേവികുളത്തും പീരുമേട്ടിലുമായി കിടക്കുന്ന നമ്മുടെ നദികളുടെ ഉത്ഭവസ്ഥാനങ്ങളെക്കുറിച്ചും പറയാനുണ്ട്. മദിരാശിക്കാർ ദേവികുളവും പീരുമേടും കിട്ടണമെന്നു വാദിക്കുന്നതു് അവിടങ്ങളിൽനിന്നു് ഉത്ഭവിക്കുന്ന നദികളിലെ വെള്ളം തിരുനൽവേലിയ്ക്കും മറ്റും വെട്ടിത്തിരിച്ചു കൊണ്ടുപോയ് ഉപയോഗിക്കാനാണ്. ആ നദികളിലെ വെള്ളമെല്ലാം വെറുതെ അറബിക്കടലിൽപോയി വീഴുകയാണല്ലൊ എന്നു് തമിഴ്നാട്ടുനേതാക്കന്മാർ പറയുന്നുണ്ട്. ഈ നദീജലക്കാര്യം കേരളത്തെ സംബന്ധിച്ചിടത്തോളം അത്രയൊന്നും പ്രധാനമല്ലെന്നാണ് അവർ വാദിക്കുന്നതു്. അതു ശരിയല്ല. നമ്മുടെ നദീജലം തമിഴ്നാട്ടിലേയ്ക്കു വെട്ടിത്തിരിച്ചു കൊണ്ടുപോയാൽ അഥവാ അറബിക്കടലിലേയ്ക്കു വീഴാതാക്കിയാൽ കേരളത്തിന്റെ പടിഞ്ഞാറൻകരയിൽ കിടക്കുന്ന കായൽനിലങ്ങളെല്ലാം ഉപ്പുവെള്ളം കയറി കൃഷിയോഗ്യമല്ലാതായിത്തീരാം. ഈ പ്രശ്നത്തെപ്പറ്റി അതിവിദഗ്ദ്ധന്മാരായ എഞ്ചിനീയറന്മാരുടേയും മറ്റും ഖണ്ഡിതമായ അഭിപ്രായമാരാഞ്ഞ ഒരു തീരുമാനം ചെയ്യാൻ കഴികയുള്ളൂ. നമ്മുടെ തമിഴ്നാട് സ്നേഹിതന്മാർ ദേവികുളത്തിനും പീരുമേടിനും വേണ്ടി എന്തിനിത്ര വാശിപിടിച്ചു വാദിക്കുന്നു? തിരുവിതാംകൂർ-കൊച്ചിയിൽനിന്നു പിരിഞ്ഞുപോകുന്ന തമിഴ്താലൂക്കുകളുംമാത്രം ഒന്നിച്ചുകൂട്ടി ഒരു സംസ്ഥാനമാകാനല്ലല്ലൊ പോകുന്നതു്. അങ്ങിനെ ഒരു കൊച്ചു സംസ്ഥാനമാണ് അവർ വിഭാവന ചെയ്യുന്നതെങ്കിൽ ദേവികുളത്തെയും പീരുമേട്ടിനെയും സംബന്ധിച്ചു് പുനരാലോചന ചെയ്യണമെന്നു വാദിക്കുന്നതു് കുറേക്കൂടി ന്യായമായി തോന്നാം. എന്നാൽ അവരിപ്പോൾ അഞ്ചു താലൂക്കുംകൊണ്ടു പോകുന്നതു് വളരെ വിശാലമായ മദിരാശി

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിലേയ്ക്കാണ്. മൂന്നരക്കോടിയോളം ജനങ്ങളും 50,000-ത്തിൽപ്പരം ചതുരശ്രനാഴിക വലിപ്പവുമുള്ള ഒരു സംസ്ഥാനമാണ് വരാൻ പോകുന്ന മദിരാശി സംസ്ഥാനം. ആ സംസ്ഥാനത്തിനു വെറും 15,000 ചതുരശ്രനാഴിക മാത്രം വലിപ്പമുള്ള കേരളത്തിനു ദേവികുളവും പീരുമേടും വിട്ടുതരാൻ പാടില്ലേ? നാമെല്ലാവരും ഇനിയും യോജിച്ചും സ്നേഹിച്ചും പൊറുക്കേണ്ടവരാണല്ലൊ.

ഏതാണ്ട് ഇതേ അടിസ്ഥാനത്തിൽത്തന്നെയാണ് ഗ്രൂഡല്ലൂർ കേരള സംസ്ഥാനത്തിനു വിട്ടുതരണം എന്നു വാദിക്കേണ്ടിവരുന്നതു്. അവിടെ വേറൊരു ന്യായം കൂടി ഉണ്ട്. ഭൂമിയുമായി സ്ഥിരബന്ധം സ്ഥാപിച്ചിട്ടുള്ളവരിൽ ഭൂരിപക്ഷവും മലയാളികളാണ്. ചീഫ് മിനിസ്റ്റർ പറഞ്ഞതു പോലെ മലബാർ കുടിയാൻ നിയമം ഗ്രൂഡല്ലൂരിനു ബാധകമാക്കിയിട്ടുണ്ട്. കുറേനാൾ മുമ്പുവരെ ഗ്രൂഡല്ലൂർ മലബാർ ജില്ലയിൽ പെട്ടിരുന്നതാണു താനും.

കാസർകോടിന്റെ കാര്യം കമ്മിഷൻതന്നെ തീരുമാനിച്ചിട്ടുള്ള സ്ഥിതിക്ക് വിശേഷിച്ചു് ഒന്നും പറയേണ്ടതില്ല. ഇന്നു് തെക്കൻ കർണ്ണാടക ജില്ലയിലാണെങ്കിലും കാസർകോട് താലൂക്കിൽ ഭൂമിയുമായി ബന്ധമുള്ള ആളുകളിൽ ഭൂരിപക്ഷവും മലയാളികളാണ്.

ഞാനി പറഞ്ഞതെല്ലാം വെറും വസ്തുതകളാണ്. ഇതൊക്കെ വിട്ട് ചരിത്രം വായിക്കാൻ തുടങ്ങിയാൽ വിഷമമേ ഉണ്ടാവുകയുള്ളൂ. തെക്കൻ തിരുവിതാംകൂറിൽനിന്നാണ് വേലുത്തമ്പിദളവായും മാറും ഉണ്ടായതെന്നു പറഞ്ഞു് ആ പ്രദേശമെല്ലാം കേരളത്തിൽത്തന്നെ പിടിച്ചുനിർത്തണമെന്നു സിദ്ധാന്തിച്ചാൽ അനുകൂലിക്കാൻ ന്യായം കാണുന്നില്ല. ഭാരതീയ സംസ്കാരത്തിന്റെ പിള്ളത്തൊട്ടിലായ ആ സിന്ധുനദീതടത്തിലെ മോഹൻജദാരോയും, ഹാരപ്പയും മറ്റും ഇന്നു് എവിടെ കിടക്കുന്നു? എല്ലാം പാകിസ്ഥാനിൽ പോയില്ലേ? ആ പ്രദേശമെല്ലാം എന്തുകൊണ്ടു് ഇൻഡ്യയിൽ പെടുത്തി നിർത്തിയില്ല? യഥാർത്ഥത്തിൽ ചരിത്രത്തെയാണ് മാനിക്കാൻ പോകുന്നതെങ്കിൽ നമ്മുടെ കേരളത്തിനു് അത്രയേറെ വ്യാപ്തിയൊന്നും ഇല്ലെന്നു കാണാം. അതിപ്രാചീനകാലത്തു് കേരളം പേരാറിന്റെയും പെരിയാറിന്റെയും ഇടയ്ക്കുള്ള പ്രദേശവും ആ രണ്ടിന്റെയും അങ്ങട്ടും ഇങ്ങോട്ടും കയറിക്കടക്കുന്ന ഏതാനും ഭാഗങ്ങളും കൂടിയതു മാത്രമായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെന്താണു് പ്രമാണം?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സംഘത്തമിഴ്കൃതികളൊന്നും പരിശോധിച്ചു് ചരിത്രകാരന്മാർ നിശ്ചയിച്ചിട്ടുള്ളതാണു്. ഏതാണ്ടു് അമ്പത്തഞ്ചു രാജാവിന്റെ രാജ്യാതിർത്തി വരെയേ കേരളം എത്തിയിരുന്നുള്ളൂ. 32 ഗ്രാമങ്ങളിൽ ഒടുക്കത്തേതു് ചെങ്ങന്നൂരാണ്. തെക്കുനിന്നു് പാണ്ഡ്യന്മാരും, വടക്കുനിന്നു് ചോളന്മാരും ഇന്നത്തെ കേരളത്തിന്റെ അറുപതു ശതമാനം രണ്ടും പിടിച്ചടക്കിയിരുന്നതായിട്ടാണു് ചരിത്രം. ഇതു പറയുന്നതുകൊണ്ടു് തിരുവിതാംകൂറിൽനിന്നു കുറേക്കൂടി ഭാഗങ്ങൾ തമിഴ്നാട്ടിലേയ്ക്കു വിട്ടുകൊടുക്കണമെന്നല്ല ഞാൻ അർത്ഥമാക്കുന്നതു്. പണ്ടു് എല്ലാവരും കൊടുംതമിഴ് സംസാരിച്ചിരുന്നവരാണു്. ഇന്നത്തെ കേരളത്തിന്റെ നടുവിലായി മലയാളഭാഷ ഉരുതിരിഞ്ഞു് മലയാളികളുടേതായ ഒരു സംസ്കാരം രൂപപ്പെട്ടുവന്നു. വെക്കോട്ട തെക്കോട്ടു ചെല്ലുന്തോറും കൊടും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

തമിഴിന്റെ പ്രാബല്യം അവശേഷിച്ചു. തെക്കൻ തിരുവിതാംകൂറിലെ തമിഴന്മാർ സംസാരിക്കുന്ന തമിഴ് ഒരു മാതിരി മലയാളംതമിഴാണ്. അവർക്ക് കേരളീയരുമാകാം, തമിഴരുമാകാം. ആ സ്ഥിതിക്കു് തമിഴ് ഭാഷയും തമിഴ് സംസ്കാരവും ശക്തിപ്പെട്ടുനിൽക്കുന്ന തെക്കൻ താലൂക്കുകളും മാത്രം തമിഴ്നാട്ടിലേയ്ക്കു വിട്ടുകൊടുത്താൽ മതിയാകും.

ഇവിടെ ചിലർ പരശുരാമകേരളത്തെക്കുറിച്ചു പറയുന്നു. പരശുരാമൻ മഴു എറിഞ്ഞുണ്ടാക്കിയതാണ് കേരളം എന്നുള്ളതു് ഒരു പഴങ്കഥ മാത്രമാണ്. സഹ്യപർവ്വതത്തിന്റെ ഇപ്പുറത്തുള്ള കുന്നും കുഴിയുമായി കിടക്കുന്ന പ്രദേശങ്ങളിൽനിന്നു് ഒരു കാലത്തു് കടൽ ഇറങ്ങിപ്പോയി കരവന്നിട്ടാണ് ഇന്നു നാം കാണുന്ന കേരളം ഉണ്ടായതു്. ആ പുതിയ കരയിൽ സിന്ധുതടത്തിൽനിന്നു വന്ന കുറെ ആര്യന്മാർ കുടിയേറിപ്പാർത്തു അന്നതിനു സൗകര്യം ഉണ്ടായിരുന്നു. അവരാണ് ചേരരാജ്യത്തിലെ ജനങ്ങളെ ഇന്നു കാണുന്നവിധം കേരളീയരാക്കിമാറ്റുന്നതിൽ നല്ലൊരു പങ്കു വഹിച്ചതു്. അവർ കുടിയേറിപ്പാർത്ത പ്രദേശത്തെക്കുറിക്കുന്നതാണ് പരശുരാമകഥ. അപ്പോൾ പരശുരാമകേരളം അത്ര വലുതൊന്നുമല്ലെന്നു കാണാം. കന്യാകുമാരി മുതൽ ഗോകർണ്ണം വരെ കേരളം എന്നു പറഞ്ഞിട്ടൊരു കാര്യവുമില്ല. അതിന്റെ രണ്ടാറ്റത്തുമായി തലമുറ തലമുറയായി താമസിച്ചുപോരുന്നവർ മറവുള്ളവരാണ്.

ചരിത്രം ശരിക്കു മനസ്സിലാക്കുകയാണെങ്കിൽ, കേരളം വളരെ ചെറുതാണെന്നാണ് ഞാനി പറയുന്നതിന്റെ അർത്ഥം. പക്ഷെ, ഇത്ര ചെറിയ ഒരു സംസ്ഥാനം തനിച്ചുനിന്നാൽ എന്താകും? കഷ്ടിച്ചു കോടി ആളുകൾ സംസാരിക്കുന്ന മലയാളഭാഷയെ അടിസ്ഥാനപ്പെടുത്തി ഒരു സംസ്ഥാനമുണ്ടാക്കുകയോ? ഈ ചോദ്യങ്ങൾ പിന്നെയും പിന്നെയും പൊങ്ങിവരുന്നുണ്ടു്. എനിക്കു് കേരളത്തിന്റെ ഭാവിയെപ്പറ്റി യാതൊരു ആശങ്കയുമില്ല. യൂറോപ്പിൽ നാം പല രാജ്യങ്ങളെക്കുറിച്ചും കേൾക്കുന്നുണ്ടല്ലൊ. ആ ബൽജിയവും പോളണ്ടും ഡെന്മാർക്കും ഫിൻലണ്ടും നോർവ്വേയും ചെക്കോസ്ലോവേക്യയും പോർച്ചുഗലും മറ്റും വാസ്തവത്തിൽ രാജ്യങ്ങളാണോ? കൊച്ചു കൊച്ചു സംസ്ഥാനങ്ങളും മാത്രമാണവ. ചില രാജ്യങ്ങളിൽ ജനസംഖ്യ ഏതാനും ലക്ഷങ്ങളും മാത്രമാണ്. എന്നിട്ടും അവ സ്വന്തമായൊരു ഭാഷയും സംസ്കാരവും വ്യവസായവാണിജ്യവും മറ്റും നിലനിർത്തിപ്പോരുകയാണ്. ഓരോ രാജ്യത്തും ഉള്ള എല്ലാ കഴിവുകളും പരമാവധി ഉപയോഗപ്പെടുത്തി പ്രവർത്തിക്കുകയാണെങ്കിൽ, വലിപ്പവും ജനസംഖ്യയും എന്തുതന്നെയിരുന്നാലും അഭിവൃദ്ധിപ്പെടാനും നിലനിൽക്കാനും കഴിയുമെന്നു് ആ രാജ്യങ്ങൾ തെളിയിക്കുന്നു. സ്വന്തം ഭാഷയിലാണ് മേൽപ്പറഞ്ഞ ഓരോ രാജ്യവും അന്നേയറ്റംവരെ വിദ്യാഭ്യാസം നടത്തുന്നതു്. ശാസ്ത്രീയപുരോഗതിക്കെല്ലാം ആ വിദ്യാഭ്യാസം ഉപകരിക്കുന്നുണ്ടു്. രാജ്യഭരണവും അതാതിന്റെ ഭാഷകളിലാണ് ആ രാജ്യങ്ങളിലെല്ലാം. അവയുടെ വളർച്ചയെ മാനദണ്ഡമാക്കുകയാണെങ്കിൽ കേരളത്തിനു വളരാൻ കഴിയുമെന്നുറപ്പിച്ചു പറയാം. ഹിമാലയം തൊട്ടു് കന്യാകുമാരി വരെ സാമൂഹ്യജീവിതത്തിലെ എല്ലാ തുറകളിലേയ്ക്കും മിടുമിടുക്കന്മാരെ സംഭാവന ചെയ്തിട്ടുള്ള കേരളത്തിനു്, എഴുപതിൽപ്പരം ശതമാനം ജനങ്ങൾ അഭ്യസ്തവിദ്യരായിട്ടുള്ള കേരളത്തിനു്, പ്രകൃത്യാതന്ത്ര

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള വിഭവസമ്പത്തുകളും, ജനങ്ങളുടെ പ്രയത്നശക്തിയും ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞാൽ അന്തസ്സുള്ള ഒരു സംസ്ഥാനമായി വളരാനും നിലനിൽക്കാനും കഴിയും.

കുറെപ്പേർ ദക്ഷിണസംസ്ഥാനത്തിനുവേണ്ടി വാദിക്കുന്നു. അവരുടെ ഉള്ളിൽ കിടക്കുന്നതു് കേരളത്തിൽ ഉറച്ചൊരു ഗവണ്മെൻറ് ഉണ്ടാവുകയില്ലല്ലൊ എന്ന കാംക്ഷമാണു്. ഉറച്ച ഒരു ഗവണ്മെൻറ് ഉണ്ടാകാതെയിരിക്കത്തക്കവിധം കേരളീയർക്കിടയിൽ അനൈക്യം ഉണ്ടെന്നാണു് അവരുടെ പരാതി. അതു പരിഹരിക്കാനവർ കേരളത്തിനു് ഐക്യതമിഴകത്തിന്റെയോ, ഐക്യകർണ്ണാടകത്തിന്റെയോ കീഴിൽ ഏതാനും കൊല്ലത്തേക്കു് ഒരു "പ്രൊബേഷൻ" ശുപാർശ ചെയ്യുന്നു. "ഇൻഡ്യൻ എക്സ്പ്രസ്സു"പത്രം ഈ അഭിപ്രായം ഉന്നയിച്ചുകാണുകയുണ്ടായി. രാഷ്ട്രീയാഭിപ്രായത്തിൽ അനൈക്യം ഉണ്ടാവുക, ഇതൊക്കെ ബുദ്ധിശൂന്യതയുടെ ലക്ഷണമായി കണക്കാക്കിക്കൂടാ. ഞാൻ വിചാരിക്കുന്നതു് ഇതൊക്കെ ബുദ്ധിസാമർത്ഥ്യത്തിന്റെ ലക്ഷണമാണെന്നാണു്. സ്വയം ചിന്തിക്കാൻ പ്രാപ്തിയുള്ള ഒരു ജനതയ്ക്കിടയിൽ കുറെക്കാലത്തേക്കു് അനൈക്യം ഉണ്ടാകും. ഉറപ്പില്ലാത്ത ഗവണ്മെൻറും ഉണ്ടാകും. യൂറോപ്പിൽ ഫ്രാൻസു് ഇതിനൊന്നാംതരം ദൃഷ്ടാന്തമാണു്. ഉറച്ച ഗവണ്മെൻറില്ലാത്ത ഫ്രാൻസിനു് സ്പെയിനിന്റെയോ, പോർട്ടുഗലിന്റെയോ കീഴിൽ കുറെക്കാലത്തേക്കു് "പ്രൊബേഷൻ" വേണമെന്നു് വല്ലവരും പറയുമോ?

ഏതായാലും നാം എല്ലാവരും പുതിയൊരു ദശയിലേയ്ക്കു നീങ്ങുകയാണു്. അതിർത്തികളെ സംബന്ധിച്ചുള്ള തർക്കങ്ങൾ അതിർത്തിക്കമ്മീഷൻ മുമ്പാകെ പറഞ്ഞുതീർക്കാവുന്നതേയുള്ളു. വെവ്വേറെ സംസ്ഥാനങ്ങളിലായാലും നാം തെറ്റിപ്പിരിയാൻ പോകുന്നില്ല. എല്ലാവരും ഈ രാജ്യത്തൊരുത്തപ്പെട്ടു് കഴിയേണ്ടവരാണു്. തീവ്രവാദങ്ങൾ ഉപേക്ഷിക്കണം. അഭിപ്രായഭേദങ്ങൾ കൂടിയാലോചനകൾ വഴി തീർക്കാൻ ശ്രമിക്കണം. കേരളീയർക്കു് കേരളസംസ്ഥാനം ഉണ്ടാകുന്നതുപോലെ തമിഴർക്കു് തമിഴ് സംസ്ഥാനവും, കർണ്ണാടകക്കാർക്കു് കർണ്ണാടകസംസ്ഥാനവും, ബങ്കാളികൾക്കു് ബങ്കാൾ സംസ്ഥാനവും മറ്റും മറ്റും ഉണ്ടാവാൻ പോവുകയാണു്. എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങൾ പരസ്പരം ഇണങ്ങിക്കഴിയുന്ന ഒരു പുതിയ കാലാവസ്ഥ ഇൻഡ്യയിലുണ്ടാകണം. ഭാവികേരളസംസ്ഥാനത്തിനു വിജയമാശംസിക്കുന്നതോടുകൂടി, മറ്റു ഭാഷാസംസ്ഥാനങ്ങൾക്കും മംഗളം നേർന്നുകൊണ്ടു് ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

SHRI M. BHASKARAN NAIR: I read the report and especially the recommendations of the States Reorganisation Commission regarding the formation of the Kerala State with anxious care. The Kerala State as is recommended by the Commission consists of the Malabar District including Fort Cochin, the Kazargode Taluk of South Kanara, the Laccadive and Amindive islands and the State of Travancore-Cochin less the five Taluks, *viz.* Thovala, Agasteeswaram, Kalkulam and Vilavancode of the Trivandrum District and Shencottah Taluk of the Quilon District. A day or two before the Commission arrived in Trivandrum to collect evidence on

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Bhaskaran Nair]

this matter, a member of the Commission, Sardar K. M. Panikkar, had announced that a Kerala State would be formed without the Southern Taluks. I refer to this fact to show that before the evidence was collected and the arguments were heard, a judgment had been written that a Kerala State less the Southern Taluks of Travancore-Cochin would be formed. This State as recommended by the Commission is the smallest of all the States in India.

SHRI K. C. GEORGE: May I know when that statement was made and where that statement was made?

SHRI M. BHASKARAN NAIR: That statement was published in all papers of the State and it was reported that the statement was made at Trichur.

This is the smallest State in India having an extent of 14,980 square miles with a population of 13·6 millions. I know, as everybody in this House knows, that the population of this State is the heaviest of all the countries on earth. The heavy density of population, the high literacy, the menacing problem of unemployment, food shortage and heavy pressure on land, are a few of the many problems which face our country. It is out of such a State that these five Taluks—five rich well developed and most productive taluks—are excluded thus crippling the economic resources of this State and making it an anaemic State.

Now, as soon as the Commission reached Trivandrum, many persons representing various bodies, institutions and in their individual capacity had submitted memoranda stating their view points. Of all the persons who have submitted memoranda it was only the representatives of the T.T.N.C. who insisted that all the 9 taluks of the Kerala should be excluded and added on to Madras. But the Travancore-Cochin Pradesh Congress Committee submitted their memorandum stressing the necessity of retaining all these taluks in the proposed Kerala State showing strong reasons to support their case. But all these have been ignored in making the recommendations by the Commission. My view is that this report, if accepted, would have a great political significance. There would have been more justification in the recommendation of the Commission if they had included some of the adjoining areas in the Kerala State as was suggested by the Aikya-Kerala Committee. I am also surprised to know that even

LIBRARY ARCHIVES Kerala Legislative Assembly

Gudaloor which was till recently in the Malabar District and which for reasons more than one should form part of Kerala is excluded. But I may say that this is more or less sowing seeds of discord which will seriously impair the unity and national security of India.

SHRI A. KUNJAN NADAR: In what way? Are you going to declare war on India?

SHRI M. BHASKARAN NAIR: Creation of uneconomic units will result in discontentment and will develop fissiparous tendencies. The reasons which prompted the Commission to make this recommendation for dismembering 5 taluks from the Travancore-Cochin State and annexing them to Madras thus cutting asunder the political, historical and economical affinities existing in these areas for the last hundreds of years and more are stated in paragraph 290 of Chapter II of the Report. It is stated—

"The main claim advanced on behalf of Madras is for the addition of the Tamil-speaking areas of Travancore-Cochin. This claim rests mainly on linguistic considerations and grounds of geographical contiguity and relates to nine taluks, namely, Thovala, Agastheeswaram, Kalkulam, Vilavancode and Neyyattinkara in Trivandrum District, Devikulam and Peermade in Kottayam District, Shencotta in Quilon District and Chittur in Trichur District."

Regarding the geographical aspect of the question one cannot help concluding that the recommendation is unacceptable. The area extending from the north of Malabar to the southernmost tip of India, Cape Comorin, is separated from the rest of India by a long chain of unbroken mountains and the four taluks, namely, Thovala, Agasteeswaram, Kalkulam and Vilavancode, are separated from the rest of Madras by this unbroken barrier of mountain ranges and the only access from Madras to these taluks is through the Aramboly pass. There is hardly a region in India which is clearly and definitely marked by natural boundaries. So also if history and historical considerations have any value, the case for the inclusion of these four taluks and Gudaloor in the proposed State becomes stronger, and it is unwise to separate these taluks from Travancore-Cochin. It can be seen that till 1872 A. D. the capital of Travancore was at Padmanabhapuram, a place in the Kalkulam taluk, now recommended to be added on to Madras.

SHRI N. A. NOOR MOHAMMED: Was Travancore existing then?

LIBRARY ARCHIVES Kerala Legislative Assembly

SHRI M. BHASKARAN NAIR: Yes. Originally these taluks formed mainly the part of Venad which subsequently became Travancore.

SHRI A. CHIDAMBARANATHA NADAR: What about Thekankoor and Vadakankoor?

SHRI M. BHASKARAN NAIR: They were later annexed to form Venad.

SHRI A. CHIDAMBARANATHA NADAR: Were not these integrations made by Peria Marthanda Varma?

SHRI M. BHASKARAN NAIR: The pages of the Travancore State Manual substantiate my statements.

SHRI A. KUNJAN NADAR: Is it not natural that as Travancore moves from south to north the capital also moves likewise?

SHRI M. BHASKARAN NAIR: This irrelevant question I don't propose to answer. So, Sir, history has it that these four taluks formed the main part of Travancore since hundreds of years past. Again, the economy of these taluks is closely integrated with the economy of the State and therefore I am of the view that it is unwise to effect any change at present. Regarding culture and cultural influences they are similar. The law of inheritance, forms of architecture and manner of worship, all are similar to those prevailing in the rest of the State.

SHRI A. CHIDAMBARANATHA NADAR: What are the manners?

SHRI M. BHASKARAN NAIR: I referred to the method of worship. If there is anything wrong in my statement, you can correct it when you speak. I don't propose to yield, Sir. In paragraph 293 of the Report it is stated thus—

"As a result of the re-sorting of census slips of the Tamil-speaking taluks of the Travancore-Cochin State, the percentages of people with different mother-tongues in the nine taluks claimed by the Madras Government are now available. These figures show that in the four southern taluks, namely, Agasteeswaram, Thovala, Kalkulam and Vilavancode situated in what is known as Nanjil Nad, the percentage of Tamil-speaking people is above 79."

Now, this statement that these 4 taluks namely, Thovala, Agastheeswaram, Kalkulam and Vilavancode formed Nanjil Nad is absolutely wrong. Nanjil Nad comprises only

LIBRARY ARCHIVES Kerala Legislative Assembly

Thovala and Agastheeswaram and a portion of Kalkulam south of Padmanabhapuram and not the whole of 4 taluks as understood by the Commission.

SHRI A. KUNJAN NADAR: Does the hon. Member know that Nanjil Nad comprises the land from Manakudi to Mangalam?

SHRI M. BHASKARAN NAIR: By this the hon. Member agrees with to say that the statement in the Report regarding Nanjil Nad is incorrect. It can also be seen from this paragraph that it is purely out of linguistic considerations that this separation is recommended. Now when this question of language was considered one important aspect was lost sight of by the Commission. It is a fact that the area is purely bilingual. The people living in these four taluks know Malayalam as well as Tamil. Even those people who describe themselves as Tamil-speaking people can very well read, write and understand Malayalam. So also the Malayalees can read, write and understand Tamil. I may state that hon. Member Mr. Kunjan Nadar, who is a top-ranking leader of the T. T. N. C., is well versed in Malayalam and does not know to write or speak in Tamil. The Dhar Commission has in its report held that it is inadvisable to redistribute provinces on the basis of language. The J. V. P. Committee has also in their report sounded a note of warning against the re-distribution of Provinces on linguistic basis. This Commission also accepts this principle. But they conveniently ignore this principle in making their recommendations about Kerala.

Now the one very important basis suggested by the Commission in making their proposals regarding the Southern Taluks is: "The wishes of the people of this area have been clearly expressed and there is no particular reason why these wishes should not be respected." This is a very important statement, but it is absolutely unfounded and unwarranted. Probably, the Commission have based their conclusions on the results of the three elections held in 1123 M. E., in 1951-52 and in 1954 respectively. Now, the Travancore Tamil Nad Congress came into being in 1947 just before the elections in 1123 or 1947. The slogan they sounded was "Malayalee ozhika," meaning "Malayalees quit".

12 noon

LIBRARY ARCHIVES Kerala Legislative Assembly

SHRI A. KUNJAN NADAR: Sir this is absolutely unfounded and nonsense. I want responsible Members to restrain from making such statements.

SHRI THOPPIL BHASKARAN PILLAI: Sir, on a point of order. Is 'nonsense' parliamentary and can it be used?

MR. SPEAKER: He was referring to a point and the fact was refuted.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, അതല്ല, ഒരു ബഹുമാന്യപ്പെട്ട മെമ്പർ പറയുന്നതു നാൺസൻസാണെന്നു മറ്റൊരു മെമ്പർക്കു പറയാമോ?

വി. സ്പീക്കർ: പറയാൻ പാടില്ല. ഞാൻ മനസ്സിലാക്കുന്നതു്, ഹാക്ക് പ്രസന്റ് ചെയ്ത കൂട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറഞ്ഞതായിരിക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, 'മലയാളി ഒഴിക' എന്നതിനെപ്പറ്റി ഞാൻ പറഞ്ഞതാണു്. അതു് നാൺസൻസെന്നാണു് പറഞ്ഞതു്.

SHRI M. BHASKARAN NAIR: I am sorry that in my making a statement which is absolutely true, the hon. Member has descended to such a level, and has characterised it as 'nonsense'. I do not expect Members to descend to this level.

Now, it is a fact that a good portion of the lands in those areas are owned by Malayalees and a major portion of the people of Nadar Community there are enjoying these lands as lessees or mortgagees. The Nadars were incensed with the idea that the proprietory rights in these lands would vest in them if the Malayalees were driven out of the area. The people were incensed with this idea that they even resorted to violence and many of the big houses of Malayalees were burnt down in midnight. Immediately, the elections followed in an atmosphere of awe and horror.

SHRI A. KUNJAN NADAR: Can the hon. Member cite one instance? I challenge him to cite one instance.

MR. SPEAKER: Order, order. When the hon. Member is not yielding, it is not for anybody to interrupt him.

SHRI M. BHASKARAN NAIR: The hon. Member is asking me to cite one instance. Sir, there are several cases charged in the courts for the offences of arson.

SHRI M. WILLIAM: Is the hon. Member aware that those cases are fabricated?

LIBRARY ARCHIVES Kerala Legislative Assembly

SHRI K. C. GEORGE: Have they been decided or are they pending?

SHRI M. BHASKARAN NAIR: All those cases have been withdrawn by the Congress Government at the request of T.T.N.C. leaders with the hope that better relations will prevail

Sir, an atmosphere of terror prevailed during these days of polling. In the elections, the majority of the seats were obtained by the Tamil Nad Congress. Now, the purpose for which I have stated these facts is to show that there was no issue during these elections of the merger of this area with the Madras State. The slogan was 'Malayalees quit'.

In the next elections in 1951-52 also, my information is that there was no specific issue that these people should join the Madras State. My hon. friends who have been returned on the Travancore Tamil Nad Congress ticket may say that there was a specific issue. Even conceding that, what I have to point out is that the number of votes polled in 1951-1952 elections were 3,45,579 and the number of votes polled in favour of the T. T. N. C. were only 1,46,119, that is, a little above one-third of the total votes polled. So, even conceding that the specific issue was raised during these elections of these Taluks joining with the Madras State, the total number of votes polled in favour of the T. T. N. C. was only a little above one-third, and it is obvious that the election results do not represent "the wishes of the people."

Then, in the 1954 elections there was a peculiar circumstance prevailing in the State. There was an understanding between the Opposition parties to fight the Congress in all the constituencies, and in almost all the constituencies in the State, the Congress had to face the candidate of the opposition group formed into a 'United front.'

SHRI K. C. GEORGE: Sir, one correction. Does the hon Member mean that the Communist Party was also joining the Tamil Nad Congress Party?

SHRI M. BHASKARAN NAIR: Yes, in six out of the ten Constituencies.

SHRI A. CHIDAMBARANATHA NADAR: Either the hon. Member must yield or let him say facts.

LIBRARY ARCHIVES Kerala Legislative Assembly

SHRI N. A. NOOR MOHAMMED: When the Member is saying something false, are we not entitled to correct him?

MR. SPEAKER: Yes.

SHRI M. BHASKARAN NAIR: Sir, these are facts borne out by records. So, what I have tried to establish is that during the elections of 1954, the United Front was created and the Congress candidates in all the constituencies were opposed by the United Front consisting of all the Opposition parties. In these areas also, out of the 10 constituencies they were defeated in the Thovala constituency and in the other nine constituencies, excepting in three constituencies, the fight was between the Tamil Nad Congress and the Congress. In all these areas, with a view to defeating the Congress, all the other parties have supported the Tamil Nad Congress and even then, the total number of votes polled was 2,71,681 and the T. T. N. C. with the support of the Opposition Parties was able to secure 1,54,921 votes, that is, a little above 50 per cent. A good number of voters did not exercise their franchise as is evident from the difference in the total number of votes polled in 51-52 and in 1954. This is due to the want of sympathy of these voters for the T. T. N. C., or the Congress or the Communist Parties. Now, from the foregoing facts, it could be seen clearly that the two reasons which prompted the Commission to make these recommendations—namely (a) the percentage of the Tamil-speaking people is 79 and (b) the wishes of the people of this area has been clearly expressed—in favour of merger are absolutely unfounded.

Regarding administrative convenience, it may be pointed out that administratively these areas have formed part of the State of Travancore for hundreds of years. And the test as to the administrative efficiency and the fact that the interests of the people are best served are evidenced by the existence of major irrigation projects like the Kodayar Scheme, the Pechippara dam and the Perinchani dam irrigating sixty thousand acres of land; roads, schools, hospitals and many other amenities of life in the area. A comparison of the prosperity of this area with the prosperity in the neighbouring areas of the Madras State will show that the people in these areas have enjoyed better and efficient administration during all these years.

In these circumstances, my view is that it is not at all proper to recommend for a separation of these taluks, for being annexed to the Madras State. There is another

LIBRARY ARCHIVES Kerala Legislative Assembly

difficulty also. An irrigation project is being now prosecuted in the Neyyar River spending an amount of Rs. One and half crores. Of the two tributaries of the Neyyar River, one has its source in the Kaliyal Pakuthi which is in the Vilavancode Taluk. If this taluk is also to be included in the Madras State, then it will create a good deal of complications.

ஸ்ரீ. எ. சிதம்பரநாத நாடார்: அந்தப் பணம் யாருடைய்து என்று சொல்ல முடியுமா? அது எங்கள் அப்பன்களுடைய பண மாக்கும்.

MR. SPEAKER: He is not yielding.

SHRI M. BHASKARAN NAIR: So, many questions will arise if the separation is effected. I only tried to point out a few of the complications which will arise if the recommendations of the Commission are accepted.

Then, with regard to the separation of the Shencottah Taluk, the Chief Minister, while moving the motion has very clearly stated his reasons for suggesting that portions east of the Western Ghats should be added on to Madras. In the amendment I have tabled, it is stated that the whole of Shencottah should be added to the proposed Kerala State. But I accept the arguments advanced by the Chief Minister and concede that the Western Ghats and portions west of the Western Ghats should be added on to the proposed Kerala State. It is also a fact that for the last more than a thousand years, the people in these Tamil areas are living in amity and concord and there is no necessity to propose a separation at this stage.

In regard to Gudallur, very many historical, geographical and linguistic considerations have been suggested on the floor of the House to include Gudallur in Kerala, and I do not propose to reiterate them here.

With regard to Peermade and Devicolam, sufficient facts have been stated, and I do not propose to reiterate them. What I have to propose here is that these recommendations, if accepted without any modification, would create various problems which were not envisaged at the time of the appointment of the Commission. So, I plead that the implementation of the recommendations of the Commission should be done, in the interest of peace and amity of the country, only after very careful study and scrutiny and I fervently appeal to the Leaders at the Centre to proceed with care and caution and to make the necessary modifications in the report before they are implemented.

LIBRARY ARCHIVES Kerala Legislative Assembly

SHRI K. C. GEORGE: In the beginning of your speech, you stated that if this Report is accepted, it would have a very serious political consequence or something like that. Will you explain what that political significance or consequence is? Because, this is a very important thing which should be considered by this House, it has to be very clearly understood by the House and that is why I am asking for a clarification.

SHRI M. BHASKARAN NAIR: To explain that statement, it will take hours and I do not propose to take up the time of the House. I know that what I meant by that statement is clear to the hon. Members. I think the hon. Member who asked for a clarification also knows what I meant and I do not propose to explain them in this context.

SHRI N. A. NOOR MOHAMMED: Sir, the S. R. C. Report has been received with bitter feelings of disappointment by the Tamils in the T. C. State. They are glad that the Commission has recommended the merger of the 5 taluks with the Madras State; but they are sorry that the Commission has not seen its way to concede the legitimate demands of the Tamils for the merger of the other 4 Taluks also *viz.*, Devicolam, Peermade, Neyyattinkara and Chittoor.

The Tamils in the State have been for the last 8 years agitating for the merger of the 9 Taluks with the Madras State. They have through three consecutive elections given their verdict for the merger of these Taluks with the Madras State.

On the eve of the dissolution of the previous Assembly, Sri Sadasivan Pillai who was then the Secretary of the T. C. P. C. and M. L. A., threw out a challenge to the Tamils in the State. He said that the Tamil friends in the Assembly wanted the merger of the Tamil areas with the State. He wanted to know whether the people were behind the move. The T. T. N. C. took up the challenge and fought the election on the very same issue. The people gave their verdict in very unequivocal terms. They gave their overwhelming support to the T .T. N. C. candidates who came out successful with a majority of thousands of votes.

It may be said that in Thovala and in Shencottah the T. T. N. C. candidates did not succeed. Basing on that Sri Pattom has gone to the extent of saying that the people of Thovala are not in favour of joining the Madras State. But both Sri T S. Ramaswami Pillai and Sri Karayalar in

LIBRARY ARCHIVES Kerala Legislative Assembly

their election manifestoes pledged their support for the merger of the Tamil areas with the Madras State; and it was in pursuance of that assurance that both of them gave evidence before the S. R. C. that the Tamil Taluks should merge with the Madras State. They even now hold that view.

If we believe in democracy, if we believe in the philosophy of counting of heads, then the House should unhesitatingly come forward to give its whole-hearted support for the merger of the Tamil Taluks with the Madras State

Now some people go about saying that historically, geographically and economically, the Southern Talu s are bound up with Kerala. Nothing can be farther away from truth than this. Some friends go to the extent of saying that the Tamil areas in the South formed an integral part of Travancore always and the present Tamil population there consists mainly of Tamil immigrant labourers from the adjoining District of Tinnevelly. This statement would reveal a colossal ignorance of the history of South Travancore

The southern taluks of Travancore formed part of the ancient Tamil Pandian Kingdom with its head-quarters at Madura. Bhoothapandy, the present head-quarters of the Thovala Taluk was founded by and named after the famous Pandian King Bhoothapandian. The Pandian dam on the Paraliar river in Kalkulam Taluk but for which mighty work of genius and invention Nanjinad would not have been what it is today, and the Pandian Kal irrigating the rich fields in the taluks of Thovala, Agasteeswaram and Kalkulam are standing monuments of the solicitude of those ancient kings to the agrarian population of this part of the country. The Pandian dam and the channel are about 8 centuries old, when Akbar and Ahalya Bai were yet in the womb of time. A thousand years ago the Tamil Pandiyan kings held sway in South Travancore, long before Travancore came into being.

Since the fall of the Pandiyan Kingdom, the Southern Taluks split up into 3 units, the Purathayanadu, surrounded by Manukottai, the ruins of which can still be seen round about Cape Comorin under the Pandian Kingdom, the Nanjinad extending from Mangalam to Manakudy, which was an independent Republic, and Venad, comprising the taluks of Vilavancode, Neyyattinkara and portions of Kalkulam Taluks. A Tamil chieftain of the Pandian King

LIBRARY ARCHIVES Kerala Legislative Assembly

[Shri N. A. Noor Mohammed]

proclaimed himself as the Raja of Venad and entered into an alliance with the Republic of Nanjinad guaranteeing fullest autonomy to it.

The Raja of Venad began to extend his domains towards the north which had split up into petty principalities on the fall of the Cheras. By adoptions, sambanthams, and alliances, he conquered several principalities and adopted the matriarchial system of inheritance prevalent among the northern princelings owing to the prevailing unsettled conditions. Padmanabhapuram which was the capital was shifted to Trivandrum and Malayalam became the language of the ruling family.

Subsequently, Purathayanadu and Shenkottai were gifted to the Maharaja of Travancore in 1766 by the Nawab of Arcot who conferred on him the title of Sham Sher Jung. The Raja of Venad was thus the maker of modern Travancore and he was a Tamilian. It is, therefore, absurd to contend that immigrants from Tamilnad entered and settled in these Taluks.

Geographically it is said that the Western Ghats divide Travancore from the Madras State. If mountains are effective barriers against the formation of States in this atomic age, then India cannot be one, as the Vindhyas are an effective barrier to keep out North India from South India. For my Malayalee friends even ocean, miles and miles of ocean, is not an effective barrier for they are claiming Amindive and Laccadive Islands for Kerala.

Western Ghats are only a low lying ridge with scattered hillocks in the Southern Taluks. In the south the mountain range is not of very great breadth. For the rest of its length towards the South the mountain backbone is a mere ridge sloping on either side. The Ghats abruptly end near the Aramboly pass. From Aramboly down to Cape Comorin, a distance of 15 miles, there are no barriers whatever to separate Tinnevelly from the T. C. State. In some places the border line runs through villages dividing them into two. The Tamil areas in South Travancore lie contiguous to the Madras State, and geographically there is no impediment to the merger of these two areas. The vegetation, cultivation of paddy, cereals and pulses and irrigation are so akin to the Madras State.

LIBRARY ARCHIVES Kerala Legislative Assembly

The hundreds of inscriptions scattered throughout the length and breadth of South Travancore are only in Tamil. Even the mile-stones are in Tamil. The old settlement records were in Tamil. The architecture of the temples of the Tamil areas in Travancore including the Sri Padmanabhaswamy temple at Trivandrum have the same peculiar characteristics as those in the Madras State. The Gopuram, the Moolasthanam, the Prakaram, the location of the flag staff in the Prakaram, the clothing of female deities with coloured sarees, the tying of the Thali around their necks and the forms of worship are similar to those in the Madras State. No temple beyond Trivandrum can boast of these characteristics.

The unit of measurement which is the para and edangali were unknown in the Tamil areas till the Malayali Government imposed it in the last settlement. But the Madras measures of pakka, marakkal, kottah alone are still prevalent in this area; and the nirak rates in Courts is still calculated on the basis of kottahs and pakkas.

Such being the case, how can my Malayali friends go about saying that the Tamil areas formed part of Kerala for the last 2000 years?

Some of my Malayali friends go about saying that Tamils and Malayalies have lived together as friends so long and that we should continue to do so in Kerala also. Some of them have travelled all the way to Delhi to tell the Prime Minister that the merger of the Tamil Taluks would be greatly disadvantageous to the Tamils and that the Tamils would be put to untold hardships and miseries. They have said that Trivandrum is just 40 miles from Nagercoil while Madras 500 miles away. So, to file an appeal before the High Court the Tamils will have to travel 500 miles instead of 40 miles. Here they say there is free and compulsory education which is not available in Madras. Here there is compulsory Hindi Education which is not available in Madras. Tamils are going to join a backward area they say, and this would retard the natural progress and mar their prosperity. At our parting and at the prospect of the fate that is awaiting us, our friends are moved to tears. They are not genuine tears, but tears prompted by greed, avarice, land grabing, selfishness and a sense of self preservation. The solicitude of my Malayali friends is engendered by the fear that Kerala will have to lose the rich areas occupied by the Tamils, areas rich in fertility, rich in natural resources,

LIBRARY ARCHIVES Kerala Legislative Assembly

[Shri N. A. Noor Mohammed]

rich in minerals and forest wealth. To speak the truth my Malayali friends do not want us, the Tamils, but they want only the land we occupy.

This fear is still further accentuated by the thought that with the cutting away of the Tamil areas, the Political centre of gravity which has already shifted to Cochin from Trivandrum will never more return to Trivandrum. Those of my friends who have till now basked in the sun shine of Royal and official favours will never more enjoy them. Such a situation they cannot countenance with equanimity.

We have seen what a Malayali rule means to us. At best they would be callously and totally indifferent to our legitimate demands and grievances. At worst they would let lose a reign of terror to cow down the Tamils. That is what we saw during the P. S. P. regime. No amount of assurances and baits is going to deflect us from our set ideal of joining the Madras State.

It is highly regrettable that the Taluks of Devicolam and Peermade have not been recommended for inclusion in the Madras State. My Malayali friends say that in Devicolam and Peermade Taluks there is but the Tamil emigrant plantation labour and that they have no claim to these areas. Nothing could be far from truth than this statement. Peermade and Devicolam and the neighbouring areas in the Madras State were under local Tamil rulers called Mannadiars. Kannan Devan, from whom Kannan Devan Hill Produce Co., claimed its name was one of those Mannadiars, who ruled over that area. The Mannadiars even now form the bulk of the population in Marayur, Kanthalur, Puthur Keezhanthur, Karayur, Perumalayur, Nachivayal, Kottakudi etc., The invasion of Tippu drove Pulayas and others from the planes into these areas and they still speak Tamil. The Muthuvans who move from one hill top to another are all Tamils. The labourers in Devicolam and Peermade area are all Tamils from the Madras State. They are not just floating labour but they have settled down in the estates for generations.

These hilly tracts were inaccessible from the west, but were accessible only from the east through the various passes in the Madras State. It is only after the Neriyamangalam bridge and the Pallivasal road were opened up these places became accessible from the Travancore area. Malayalies

LIBRARY ARCHIVES Kerala Legislative Assembly

are now infiltrating in these areas for purposes of exploitation. To eliminate the Tamils from here, the P. S. P. Government launched on an ambitious scheme of Colonisation which has proved to be a thorough failure. Sri Pattom now accuses the Congress Government for not following up his Scheme of Colonisation.

In the Assembly Constituency of Devicolam and Peermade the total population is 1,53,743 out of which 1,05,316 are Tamils, according to the 1951 Census. Though the Commission has accepted that 72% of the population in Devicolam are Tamils, it minimised its importance by saying that recent figures for Peermade and Deviculam Taluks show that the Tamil migrant population constitute 30% and 45% leaving behind 14% and about 26% as the non-floating Tamil speaking population in these areas respectively.

The Commission has not revealed the source of these recent figures. The census figures of 1951 and the electoral rolls prepared from time to time since 1949 belie the so-called recent figures relied on by the Commission.

The two reasons advanced by the Commission for including these two Taluks in the future Kerala State are that with the progress of development, Devicolam and Peermade should be able to relieve some of the burdens of the heavily congested littoral areas of the State and that it is necessary to adopt measures to afford protection against inundation and floods to the rice fields in the valley bottom.

The first reason of relieving congestion in the littoral areas by colonisation in these taluks has in recent experience proved to be impracticable. The Commission has not considered that apart from the areas covered by the Game Sanctuary, *viz.*, 300 sq. miles at Periyar Lake, the K. D. H. P. Co. concession area *viz.*, 125 sq. miles, the Cardamom Hills, 96,000 acres, and the Tea plantations, there is not much left for any further exploitation by way of reserve forest.

As for the second reason, the rivers referred to by the Commission are only mountain streams within this area, and the volume of water they discharge into the Arabian Sea is augmented by tributaries from the forest areas of the adjoining taluks. The periodical inundation of the valley bottoms and rice fields are due mostly to the flood waters of these tributaries. So, the transfer of Devicolam and Peermade taluks to Madras would in no way affect the paddy fields in the valley bottoms.

LIBRARY ARCHIVES Kerala Legislative Assembly

[Shri N. A. Noor Mohammed]

On the other hand, the Madras State will be seriously handicapped in the execution of its development schemes of irrigation and power if Devicolam and Peermade taluks do not become part of it. The headwaters of the Periyar and other rivers are essential for irrigating the vast and extensive arid tracts in the districts of Madura, Ramnad and Tinnevelley.

Further, most of the cardamom plantations are owned by Tamils coming from Kombai and Madura areas in the Madras State. Out of the total acreage of 86,000 acres of cardamom plantation, 76,000 acres belong to Tamils and only 10,000 acres belong to Malayalies and they are situated in the Pallivasal Pakuthy. The estates in Devicolam and Peermade have been developed to their present state by the sweat and toil of the Tamils.

So far as Devicolam and Peermade are concerned, the problem has to be viewed as a human problem. The Tamil labourers there have been subjected to great troubles both by the Malayali elements and the police there. If these areas are allowed to continue in Kerala, the day is not far off when they, all the Tamils, would be ejected or would be thrown to the tender mercies of the Malayalies there.

When a reign of terror was let loose in the South recently, even the Central Government could not come to our rescue. The Union Government was not in a position to give protection to the Tamil minorities here when they were oppressed and persecuted during the P. S. P regime. There is no guarantee that the Tamils in Devicolam and Peermade would not also be oppressed and persecuted in future.

The main reason for the retention of these two Taluks in the Kerala State seems to be financial consideration only. If Kerala State would suffer for want of finances the remedy is not to abandon the principle laid down by the Commission and sacrifice the human interest of the population in that area but to have recommended sufficient financial aid from the Union Government.

The Madras Government has sunk much money in the Periyar Dam and the Hydro-electric scheme there. Applying the reason that prompted the S. R. C. to recommend the granting of Bellary Taluk to Andhra, the Devicolam Peermade Assembly Constituency must be given to Madras. The Tamils will not have any objection for the pakuthies of Peruvanthanam and Pallivasal being retained in Kerala.

LIBRARY ARCHIVES Kerala Legislative Assembly

It is, therefore, clear that on a balance of equities and advantages, these two Taluks, excepting Pallivasal and Peruvanthanam Pakuthies, should form part of the Madras State.

As far as Neyyattinkara is concerned, it is stated that the population is predominantly Malayalam speaking. But the fact is otherwise. The Tamilians were purposely enumerated as Malayalees in the 1951 Census. When the 1951 Census was about to be prepared, the Travancore Tamilnad Congress issued instructions to the Tamils that they should register their names as Tamils. Those of the Tamil volunteers who went about to do propaganda to that effect were arrested, and a criminal case was registered against them. Moreover, one of the Members of the Assembly, Shri Kunjan Nadar, comes from that area. His constituency extends on both sides of the Neyyar River. Five Panchayats in this Taluk have been formed by the Tamil Nad Congress. All these would show that this Taluk also should go to the Madras State.

So far as Chittur is concerned, the population is predominantly Tamil speaking. The Chittur Taluk projects into the Coimbatore District and is an enclave there. Very recently in a conference people there unequivocally demanded the merger of the Taluk with the Madras State. It is noteworthy that in that conference Malayalees also participated. Therefore, it is a very legitimate demand to ask for the merger of this Taluk also in the Madras State.

As stated by my friends, the time for the parting of the ways has come. At this crucial juncture it is better we do not indulge in bickerings and recriminations. It is better we part as friends, and the wise way to part as friends is not to mar the atmosphere by raising untenable claims over areas, which do not legitimately belong to them.

ശ്രീ. എം. പി. മേനോൻ: സർ, ഇൻഡ്യൻ യൂണിയനിലെ സ്റ്റേറ്റുകളെ പുനസംഘടിപ്പിക്കുന്നതിൽ അടിസ്ഥാനഘടകമായി ഭാഷയെ അംഗീകരിക്കണമെന്നാണ് എസ്. ആർ. സി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നത്. ഭാഷാടിസ്ഥാനത്തിൽ നടക്കുന്ന പുനർവിഭജനം തത്വപരമായി ആദരണീയവുമാണ്. മലയാളഭാഷ സംസാരിക്കുന്നവരുടേതായ ഒരു കേരളാസ്റ്റേറ്റ് വേണമെന്നുള്ള ഏറെ കാലങ്ങളിൽ ഏറ്റവും ആവേശത്തോടെ ആവശ്യപ്പെട്ടിരുന്ന ഒരു പാർട്ടിയിലെ അംഗമെന്ന നിലയ്ക്കു ഐക്യകേരള രൂപവൽകരണത്തിൽ മറ്റാരെക്കാളും കൂടുതൽ ഞാൻ സന്തോഷിക്കുന്നു. കേരളത്തിൽ മാത്രമല്ല, ഇൻഡ്യൻ യൂണിയന്റെ എല്ലാ മൂലയിലും മൂലയിലും പുനർവിഭജനം ഇന്നു ഗൗരവമേറിയ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. നിശ്ശബ്ദമായിരുന്ന മൂലകളിൽ പോലും ശക്തിയേറിയ ചലനങ്ങൾ പ്രത്യക്ഷപ്പെടുന്നു. ബാംഗ്ലൂരെപ്പോലുള്ള ദ്വിഭാഷാ പ്രദേശങ്ങളിൽ ഒരു കൊടുങ്കാറ്റിനുള്ള ഒരുക്കങ്ങൾ തന്നെ കാണുന്നു. ഇതു കണ്ടില്ലെന്നു നടിച്ചിട്ടു പ്രയോജനമില്ല.

പ്രമേയമവതരിപ്പിച്ചുകൊണ്ടു മുഖ്യമന്ത്രി സംസാരിച്ചപ്പോൾ, വികാരമോ, ആവേശമോ, കൂടാതെ പ്രശ്നത്തെ കൈകാര്യം ചെയ്യണമെന്നും ഇൻഡ്യയുടെ ഐകൃത്തിനു ഉടവു തട്ടാനിടയില്ലാത്ത ഒരു സമീപനരീതി കൈക്കൊള്ളണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഈ അഭിപ്രായം വരുന്ന ശ്രീ. ടി. എസ്. രാമസ്വാമിയുടെ ഭേദഗതിയെപ്പറ്റിയും അദ്ദേഹം സൂചിപ്പിച്ചു. മാത്രമല്ല, എസ്. ആർ. സി. റിപ്പോർട്ട് പുറത്തു വരുന്നതിനു മുമ്പുതന്നെ ഇൻഡ്യൻ പ്രധാനമന്ത്രിയും മറ്റു നേതാക്കളും ഇത്തരത്തിലുള്ള ഉൽബോധനങ്ങൾ രാജ്യവാസികളോടായി ചെയ്തതും നമുക്കോർക്കാൻ കഴിയും. ഭാഷാരാഷ്ട്രീകാര്യം അത്രകണ്ടു പടിച്ചുവാങ്ങേണ്ട ഇവയ്ക്കെല്ലാം അറിയാം. എന്നിട്ടും തിരുവിതാംകൂറിന്റെ കാര്യം വരുമ്പോൾ ഭാഷ അത്ര പ്രധാനകാര്യമല്ലെന്നു ശ്രീ. പനമ്പിള്ളി ഒരൊഴുക്കൻമട്ടിൽ പറഞ്ഞൊപ്പിച്ചതിലാണ് എനിക്കു കൗതുകം. അങ്ങിനെയുള്ള സമീപനരീതിയെ എന്റെ പാർട്ടിയൊ ഞാനോ സ്വീകരിക്കുന്നില്ല. മനുഷ്യരുടെ ഹൃദയങ്ങളെ ലേക്കു പാലമായി കയറുവാനുള്ള ശക്തി ഭാഷാവാദത്തിനുണ്ടെന്നും, അതിനെ നിസ്സാരമാക്കിത്തള്ളുന്നതു് ആപൽക്കരമായിരിക്കുമെന്നും ഭൂതകാലചരിത്രങ്ങളുടെ വെളിച്ചത്തിൽ ഞാനീ പ്രമേയത്തെയും അതുപോലെ ചിന്തിക്കുന്നവരെയും ഓർമ്മപ്പെടുത്തുന്നു.

വികാരപരമോ സാംസ്കാരികമോ ആയ ബാഹ്യവശത്തിനപ്പുറമായി, ഭാഷക്കു സാമ്പത്തികമായ ഒരു ഉള്ളടക്കം കൂടിയുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. മനുഷ്യർ തമ്മിൽ തമ്മിൽ ഇടപഴകുന്നതിന്റെ ഏറ്റവും പ്രധാനമായ ഉപാധിയാണു ഭാഷ, അതുകൊണ്ടുതന്നെ, വ്യാപാരത്തിന്റെയും, വ്യവസായത്തിന്റെയും, സാമൂഹ്യജീവിതത്തിന്റെയും ഏറ്റവും പ്രധാന ഉപാധിയും ഭാഷയാണു്. ഇന്നത്തെ മനുഷ്യനു വ്യക്തിയെന്ന നിലയ്ക്കോ, കുടുംബം എന്ന നിലയ്ക്കോ ഒറ്റതിരിഞ്ഞു ജീവിക്കാൻ സാദ്ധ്യമല്ല. സമൂഹത്തിന്റെ ഇന്നത്തെ ഘടനയിൽ വിലക്കുകളും തുലുക്കുകളും സ്വയം സംപൂർണ്ണങ്ങളല്ല. വ്യവസായച്ചരക്കുകളും കാർഷിക വിഭവങ്ങളും പരസ്പരം കൈമാറ്റം ചെയ്യാതെ നാമെങ്ങിനെ ജീവിക്കാനാണു്? ഈ കൈമാറ്റം ഭാഷാപരമായ ഇടപഴകലും ആശയവിനിമയവും കൂടാതെ എങ്ങിനെ സാധ്യമാക്കാനാണു്? രണ്ടു നൂറ്റാണ്ടുകൾക്കപ്പുറമുള്ള യൂറോപ്യൻ ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ പഴയ കേരളത്തെപ്പോലെ ചെറിയ ചെറിയ നാടുവാഴി പ്രദേശങ്ങളായി മുറിഞ്ഞുകിടന്നിരുന്ന കാഴ്ചതന്നെയാണു് കാണാൻ കഴിയുന്നതു്. പൂഞ്ഞാർ, ഇടപ്പള്ളി, ദേശ്മംഗനാട്, വേണാട് എന്നൊക്കെ പറയുന്നതുപോലെയുള്ള ചെറിയ ചെറിയ രാജ്യങ്ങളും രാജാക്കന്മാരുമായിരുന്ന അവിടേയും. എന്നാൽ വ്യവസായവിപ്ലവം പുരോഗമിച്ചതോടുകൂടി ഈ നിലയ്ക്കു മാറ്റം വന്നു. വൻതോതിൽ ഉൽപ്പാദനം ചെയ്യപ്പെടുന്ന ഫാക്ടറി ചരക്കുകൾക്കു അതുവരെ നാടുവാഴിയുടെ സങ്കുചിതാതിർത്തികൾക്കുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരുങ്ങിനിൽക്കാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ, അയൽ രാജ്യങ്ങളിലേക്കു അവ തള്ളിക്കയറാൻ ശ്രമിച്ചു. ചുരുക്കത്തിൽ, വ്യാപാരം വികസിക്കാൻ തുടങ്ങി. ഭിന്നഭിന്നമായി കിടക്കുന്ന നാടുവാഴിപ്രദേശങ്ങളിലോരോന്നിലും അളവ്, തൂക്കം, നാണയം, ചുങ്കം എന്നിവ വ്യത്യാസപ്പെട്ടിരുന്നതിനാൽ വ്യാപാരവികസനത്തിനു അവ തടസ്സമായി. അതുകൊണ്ട് ആ കൃത്രിമാതിർത്തികളെ തള്ളിമാറ്റി ഒരേ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളെ കൂട്ടിയിണക്കി "ഭാഷാസ്റ്റേറ്റുകൾ" രൂപം കൊണ്ടു. കാൾമാർക്സ്സിന്റെ അലങ്കാരിക ശൈലി ഉപയോഗിക്കുകയാണെങ്കിൽ, വ്യവസായച്ചരക്കുകളാകുന്ന പിരങ്കിയുണ്ടകൾ നാടുവാഴിത്വത്തിന്റെ പഴഞ്ചൻ പ്രാകാരങ്ങളെ തകർത്തു നിരപ്പാക്കിയതിന്റെ ഫലമായി ദേശീയ രാഷ്ട്രങ്ങൾ യൂറോപ്പിലാകെ ജന്മമെടുത്തു. വ്യവസായ വിപ്ലവത്തിന്റെ അപ്രതിരോധ്യങ്ങളായ സാമ്പത്തിക ശക്തികളാണ് ഭാഷാ രാഷ്ട്രങ്ങളുടെ പിറവിക്കു പശ്ചാത്തലം കുറിച്ചതെന്നു ചരിത്രം രേഖപ്പെടുത്തുമ്പോൾ, ഈ പ്രശ്നത്തെ വെറും വികാരത്തിന്റെ കാര്യമാണെന്നു് അവഗണിക്കുന്നതു ബുദ്ധിശൂന്യമായിരിക്കും.

ദൌർഭാഗ്യവശാൽ ഇൻഡ്യ ഇക്കഴിഞ്ഞ നൂറാണ്ടുകളിൽ വിദേശാധിപത്യത്തിൻ കീഴിലായിരുന്നു. അതുകൊണ്ടു് വ്യവസായവിപ്ലവത്തിന്റെ മുഴുവൻ പടികളും നമുക്കു് ചവിട്ടാൻ കഴിഞ്ഞതില്ല. സ്വാതന്ത്ര്യം ലബ്ധിക്കശേഷമാണു് ഒരു സ്വതന്ത്ര ജനതയെന്ന നിലയ്ക്കു വ്യവസായവിപ്ലവത്തിന്റെ പ്രശ്നങ്ങളെ നാം നേരിടാനിടയായതു്. വളരെ കാലമായി അമർന്നു കിടന്നിരുന്ന ദേശീയ ശക്തികൾക്കു് ഉണരാൻ സാധിക്കുന്നതു ഇപ്പോഴാണു്. ഭാഷാകമ്മീഷന്റെ റിപ്പോർട്ടു് ഈ ശക്തികളെ ഒന്നു പതുക്കെ ഇളക്കി നോക്കി. അതോടെ നൂറാണ്ടുകളായി ഒളിഞ്ഞു കിടന്നിരുന്ന വികാരങ്ങൾ അഗ്നിപർവ്വതത്തിന്റെ പൊട്ടൽ പോലെ, ഭയങ്കരമായ കോലാഹലത്തോടുകൂടി പുറത്തു വരുന്നതു നമുക്കു കാണാൻ കഴിയുന്നു. കമ്മീഷന്റെ റിപ്പോർട്ടു് നടപ്പാക്കട്ടെ, നടപ്പാക്കാതിരിക്കട്ടെ, ഇൻഡ്യയിൽ അങ്ങോളമിങ്ങോളം ഏച്ചു കൂട്ടിയ ഐക്യത്തിന്റെ ബന്ധങ്ങളെ അടിമുടി ഉലയ്ക്കുന്ന ശക്തികളാണു റിപ്പോർട്ടിന്റെ പ്രസിദ്ധീകരണത്തോടുകൂടി അഴിച്ചുവിടപ്പെട്ടിരിക്കുന്നതു്. ഈ പ്രവണതകളെ വളർത്തണമെന്നു ഞാൻ പറയുന്നില്ല, തടയണമെന്നു് ആരുപദേശിച്ചാലും ഫലമില്ലെന്നേ പറയുന്നുള്ളൂ. തെക്കൻ തിരുവിതാംകൂർ കേരളത്തിൽ നിലകൊള്ളണമെന്നു ശ്രീ. ഭാസ്കരൻനായർ വാദിച്ചപ്പോൾ തമിഴ്നാടുമെംബറന്മാർ ശ്വാസംവിടാൻ ഇടയില്ലാതെ അദ്ദേഹത്തോടു് എതിർ ചോദ്യങ്ങൾ ചോദിച്ചതു നാം കണ്ടില്ലേ? പാർലമെന്ററി സംപ്രദായങ്ങൾക്കു് ചേരാത്തരീതിയിൽ ശ്രീ. ചിദംബരനാഥനാടാർ ഇടയിൽ കയറി പറഞ്ഞ വാക്കുകൾ നാം കേട്ടില്ലെ? മുഖ്യമന്ത്രിയുടെ ഉപദേശം അനുസരിച്ചു നിർവികാരമായിരിക്കാൻ അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവർക്കുപോലും സാദ്ധ്യമല്ലെന്നതിനു വേറെ തെളിവാവശ്യമാണോ? പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി തങ്ങളുടെ നാട്ടിന്റെ ഭാവിയെ രൂപപ്പെടുത്തുകയാണെന്നുള്ള ബോധത്തോടുകൂടി മറ്റെല്ലാ സ്റ്റേറ്റുകളിലെ നേതാക്കന്മാരും കരുതലോടുകൂടി പ്രവർത്തിക്കുന്നുണ്ടു്. ഹതഭാഗ്യയായ കേരളജനനിയുടെ സന്താനങ്ങൾക്കു മാത്രം, ഇനിയും ഉന്മേഷത്തോടുകൂടി പ്രവർത്തിക്കാൻ കഴിഞ്ഞതിട്ടില്ല. തമിഴ്നാടിനുവേണ്ടി സംസാരിച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

ശ്രീ. ടി. ടി. ഡാനിയൽ തെക്കൻതിരുവിതാംകൂറിലെ അമ്മമാർ മണിയുണ്ണികളെ മടിയിൽവച്ചു് ഐക്യകേരളത്തിന്റെ താരാട്ടു പാടിയതായി ഇവിടെ ചിത്രീകരിച്ചു. "Mothers with babies in their lap are singing lullabies of Aikya Thamizhakam" എന്നാണു പറഞ്ഞതു്.

ഐക്യകേരളത്തെക്കുറിച്ചു് ഇത്തരത്തിലുള്ള ഒരാവേശം ജനിപ്പിക്കാൻ മലയാളികളായ നമുക്കാർക്കും സാധിച്ചിട്ടില്ല. മലയാളത്തിന്റെ മണ്ണിനെ ഓർത്തു രാജ്യസ്നേഹത്തിന്റെ പുളകം അണിയാൻ നാം ശീലിച്ചിട്ടില്ല. മറ്റു സ്റ്റേറ്റുകളിൽ മന്ത്രിമാർ ഭരണകക്ഷിയുടെ നേതാക്കളും തങ്ങളുടെ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങളും സംരക്ഷിക്കാൻ ജനങ്ങൾക്കു നേതൃത്വം നൽകുന്നുണ്ടു്. തമിഴ്നാടിന്റെ താൽപ്പര്യങ്ങളെപ്പറ്റി കാമരാജനാടാർക്കു അശേഷം സംശയമില്ല. മഹാരാഷ്ട്രത്തിന്റെ പേരിൽ ശങ്കരറാവുദേവു് ഉറച്ചുനിന്നു പോരാടുന്നു. കർണ്ണാടകത്തിന്റെ കാര്യം നോക്കാൻ ഹനുമന്തയ്യാ ഉത്സാഹിക്കുന്നുണ്ടു്. എന്നാൽ കേരളത്തിന്റെ താൽപ്പര്യങ്ങൾക്കു വേണ്ടി ആവേശംകൊള്ളാൻ ശ്രീ. പനമ്പിള്ളിക്കു് സാധിക്കുന്നതേയുള്ളൂ! തമിഴരുടെ വോട്ടിനെ ആശ്രയിച്ചു നിൽക്കുന്ന അദ്ദേഹത്തിന്റെ മന്ത്രിസഭ കേരളത്തിന്റെ കഥകഴിക്കുന്നതു പോയിട്ടു് ഉറക്കെ പറയാൻ തുടങ്ങിയാൽ തകർന്നുവീഴും. ഒരു ഭരണാധിപനുണ്ടായിരിക്കേണ്ട തന്റേടത്തോടുകൂടി പ്രശ്നത്തെ സമീപിക്കാൻപോലും അദ്ദേഹം അശക്തനാണു്. വ്യക്തിപരമായി ആക്ഷേപിക്കയാണെന്നല്ല ഞാൻ കരുതുന്നതു്. തിരുവിതാംകൂർ–കൊച്ചിയിലെ കാൺഗ്രസ്സിന്റെ ദുർബലമായ നിലയെപ്പറ്റി മാത്രമാണു ഞാൻ പറയുന്നതു്. മലബാറിലെ കാൺഗ്രസ്സു് നേതാക്കൾക്കു് ഐക്യകേരളംതന്നെ വേണമെന്നില്ല. വിദ്യാഭ്യാസത്തിൽ മുന്നിട്ടു നിൽക്കുന്ന തിരുവിതാംകൂർ–കൊച്ചിയോടു ചേരുന്നതിനേക്കാൾ, മലബാറിലെ മദ്ധ്യവർത്തിസമുദായത്തിനു സർക്കാരുദ്യോഗം കിട്ടാൻ സൗകര്യം വിദ്യാഭ്യാസം കുറഞ്ഞ തമിഴ്നാടിനോടു ചേരുന്നതായിരിക്കും. അതുകൊണ്ടായിരിക്കാം ദക്ഷിണസംസ്ഥാനവാദവുമായി അവർ കശപിശകൂട്ടുന്നതു്. കാരണമെന്തായാലും, ന്യായമെന്തായാലും, താൽപ്പര്യമെന്തായാലും, ഐക്യകേരളത്തെക്കുറിച്ചു് ദേശസ്നേഹികളെപ്പോലെ ചിന്തിക്കാനും, പ്രവർത്തിക്കാനും അവർക്കും കഴിവില്ലെന്നാണു് കാണുന്നതു്. അങ്ങനെ നാടിന്റെ ഭാവി ഭരണകക്ഷിയുടെ ഹസ്തങ്ങളിൽ സുരക്ഷിതമല്ലാതിരിക്കുമ്പോൾ ആ ഭാവിക്കുവേണ്ടി കുറേക്കൂടി ശരവമായി പ്രവർത്തിക്കേണ്ട ചുമതല ഞങ്ങടക്കമുള്ള പ്രതിപക്ഷങ്ങളിൽ വന്നുചേരുന്നു. ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും ഭയർഭാഗ്യകരമായ ഈ പശ്ചാത്തലത്തെക്കുറിച്ചു് ഓർക്കുമെന്നും, കേരളത്തിന്റെ നന്മയ്ക്കായി ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിക്കുമെന്നും ഞാൻ ആശിക്കുന്നു.

കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന പ്രദേശങ്ങൾക്കു പുറമെ, മദ്രാസു് സ്റ്റേറ്റിലെ നീലഗിരി ജില്ലയിൽപ്പെട്ട ഗൂഡല്ലൂർ താലൂക്കുകൂടി നിർദ്ദിഷ്ടകേരളത്തിൽ ഉൾപ്പെടുത്തണമെന്നാണു് എന്റെ ഭേദഗതി. അതിനെപ്പറ്റി പറയുന്നതിനു മുമ്പു തർക്കത്തിലിരിക്കുന്ന മറ്റു പ്രദേശങ്ങളെക്കുറിച്ചു് എന്റെ പാർട്ടിക്കുള്ള നിലപാടു് വ്യക്തമാക്കാം. ആലുമായി തെക്കൻ തിരുവിതാംകൂറിലെ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു് എന്നീ താലൂക്കുകളിലെ കാര്യം. ഇവ നാലും കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ത്തന്നെ നിൽക്കണമെന്ന വാദത്തോട് ഞാൻ യോജിക്കുന്നില്ല. നേരെ മറിച്ച് തമിഴ്നാട്ടിലേയ്ക്ക് വിട്ടുകൊടുക്കണമെന്നാണ് പറയാനുള്ളത്. ഐക്യകേരളം വേണമെന്ന മലയാളികൾ ആഗ്രഹിക്കുന്നതുപോലെ ഐക്യ തമിഴകം വേണമെന്ന തമിഴ് ജനതയുടെ ആഗ്രഹത്തെ നാം മാനിക്കേണ്ടതാണ്. മറ്റെല്ലാ പരിഗണനകളും മാറ്റിനിർത്തിയാലും കേരളാ സ്റ്റേറ്റിന്റെ ഉറപ്പിനെ മുൻനിർത്തിയെങ്കിലും അങ്ങനെ ചെയ്യണമെന്ന് ഞാൻ പറയും. കഴിഞ്ഞ കാലത്ത് നമ്മുടെ സ്റ്റേറ്റിലെ അനേകം മന്ത്രി സഭകളെ മറിച്ചിട്ടിട്ടുള്ളത് ഈ തമിഴ് താലൂക്കുകളുടെ പ്രശ്നമാണെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്? പുതിയ കേരളത്തിലും ഈ തർക്കങ്ങളും തകരാറുകളും അന്തശ്ഛിദ്രങ്ങളും, അവിശ്വാസങ്ങളും നിലനിർത്തുന്നതെന്തിനു? തെക്കൻ തിരുവിതാംകൂറിലെ തമിഴർ നമ്മോടൊന്നിച്ചു ജീവിക്കുവാൻ ഇഷ്ടപ്പെടുന്നില്ല എന്നതാണ് വാസ്തവം. അതു മൂടിവെയ്ക്കാനൊക്കുമോ? അവിടത്തെ ഭൂമി മുഴുവൻ തിരുവനന്തപുരത്തുള്ള മലയാളികളുടെതാണെന്നാണ് ശ്രീ. ഭാസ്കരൻനായർ വാദിക്കുന്നത്.

ശ്രീ. എം. ഭാസ്കരൻനായർ: മലയാളികൾ എന്ന മാത്രമെ ഞാൻ പറഞ്ഞുള്ളൂ. തിരുവനന്തപുരത്തുകാരുടെ എന്നു പറഞ്ഞിട്ടില്ല.

ശ്രീ. എം. പി. മേനോൻ: ശരി, അങ്ങനെയായാലും തമിഴർ മലയാളികളെ കാണുന്നത് ഭൂവുടമസ്ഥന്മാരായാണ്; ജന്മിമാരായാണ്; തമിഴരായ കൃഷിക്കാരെ മലയാളി ജന്മിമാർക്കുവേണ്ടി മലയാളി ഗവണ്മെന്റ് അടിച്ചമർത്തുന്നു എന്നാണാക്ഷേപം. അയഥാർത്ഥമോ, അസ്വാഭാവികമോ അല്ല ഈ പരാതി. 1859-ലെ ചാന്നാർ ലഹള തൊട്ട് ഇന്നുവരെ, പട്ടം താണുപിള്ള മുതൽ സർ ടി. മാധവറാവു തൊട്ട് പുറകോട്ട്, എല്ലാ ഭരണാധിപന്മാരും തിരുവനന്തപുരത്തുനിന്നും പട്ടാളത്തിനേയും പോലീസിനേയും കൊണ്ടുപോയി തെക്കൻതിരുവിതാംകൂറിലെ ജനങ്ങളെ അടക്കി വാണിട്ടുള്ളതായിട്ടാണ് ചരിത്രം രേഖപ്പെടുത്തുന്നത്. ഒരു നൂറാണ്ടിനു മുമ്പുതന്നെ നമ്മെ ഭയപ്പെടാൻ, അവിശ്വസിക്കാൻ, വെറുക്കാൻ, ശത്രുക്കളായി പരിഗണിക്കാൻ, ഉള്ള കാരണം നാം തമിഴർക്കുണ്ടാക്കിക്കൊടുത്തു. ഇന്നു വേദോപദേശം ചെയ്തിട്ടു പ്രയോജനമൊന്നുമില്ല. സർദാർ കെ. എം. പണിക്കരാണ് തെക്കൻ തിരുവിതാംകൂർ വിഷയത്തിൽ കുഴപ്പമൊപ്പിച്ചുതെന്നു ചിലരാക്ഷേപിക്കുന്നതു കേട്ടു. അദ്ദേഹം നിരപരാധിയാണെന്നും, കുറ്റക്കാർ നാംതന്നെയാണെന്നും ഞാൻ കരുതുന്നു. രാഷ്ട്രപരമായി തമിഴരും മലയാളികളും തമ്മിലുള്ള അകൽച്ചയുടെ മൂലവും ഓർക്കാതെ അവരുടെ അവകാശങ്ങളെ അധികാരദണ്ഡുയർത്തി അമർത്താൻ തിരുവിതാംകൂറിന്റെ ഭരണാധിപന്മാർ ചെയ്തിട്ടുള്ള പരിശ്രമങ്ങൾക്കു പിഴയായി അത്രയും ഭൂപ്രദേശം ഇന്നു കയ്യൊഴിച്ചു വിടുകയായിരിക്കും ഉത്തമം.

ഭൂമിശാസ്ത്രപരമായ ബന്ധത്തെക്കുറിച്ചു ചിലരിവിടെ പറയുന്നതു കേട്ടു. സഹ്യാദ്രിക്ക പടിഞ്ഞാറുവശമായതുകൊണ്ടു തെക്കൻ തിരുവിതാംകൂർ കേരളമാണെന്നാണ് വാദം. എന്നാൽ ഇതിനെക്കുറിയും എനിക്കഭിപ്രായവ്യത്യാസമുണ്ട്. പാഠശാലയിൽ നിന്നു തെക്കോട്ടു നീങ്ങുമ്പോൾ ഭൂമിക്കും പ്രകൃതിക്കും വ്യത്യാസം വരുന്നതായാണ് എനിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ വേണമെങ്കിൽ നിഷ്പക്ഷരായ പ്രായവും ഹാജരാക്കാം. 1931-ലെ മദ്രാസ് സെൻസസ് റിപ്പോർട്ടിൽ എം. ഡബ്ലിയു. എം. യേറ്റ്സ് എന്ന സായ്പ് എഴുതിക്കാണുന്നതിങ്ങനെയാണ്:

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

"The Malayalam zone includes, of course, Cochin and Travancore States, though probably the extreme south of the last named, where the ghats have sunk to mere billows in the narrowing land, where rainfall is low, irrigation necessary, and palmyrahs abound belongs to the Tamil belt, as does of course, the Shencotta protrusion of Travancore to the east of the Ghats.

(Census Report Madras. Vol. XIV Part. I. Page 290.)

ഭാഷാപ്രവിശ്യാത്തക്കം ശ്രദ്ധിക്കുന്നതിനെത്രയോ മുമ്പ് തക്കത്തിൽ താല്പര്യമില്ലാത്ത നിക്ഷ്പക്ഷമതിയായ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി വച്ചിരിക്കുന്നതാണ് ഞാൻ ഈ വായിച്ചതു്. ഭൂപ്രകൃതിയേയും ഭൂമിശാസ്ത്രത്തേയും കുറിച്ചു് ഇതിലധികം പറയേണ്ടയാവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

മറെറാരു വാദം ചരിത്രത്തെ ആധാരമാക്കിയുള്ളതാണ്. കന്യാകുമാരിമുതൽ ഗോകർണ്ണംവരെ ഒരു കേരളരാജ്യം ഉണ്ടായിരുന്നു എന്നാണു വാദം. കെട്ടുകഥ എന്നുള്ളതിൽ കവിഞ്ഞു ഇതിനു ചരിത്രത്തിൽ യാതൊരു സ്ഥാനവുമില്ല. പെരുമാക്കന്മാരുടെ കാലത്തുള്ള കേരളം തെക്കു അമ്പലപ്പുഴവരെ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നു പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞുകഴിഞ്ഞു. അവസാനത്തെ കേരള പെരുമാൾ മെക്കയിലേയ്ക്കു പുറപ്പെട്ടു പോയശേഷം കേരളം ഭരിച്ചു പെരുമ്പടപ്പു മൂപ്പിന്നന്മാരിൽ രാമവർമ്മ എന്നൊരാളുടെ കാലത്തു ദേശംഗനാടു് (കൊല്ലം) വരെ കേരളത്തിന്റെ അതിർത്തി വികസിച്ചു എന്നു കൂടി ഒരുപക്ഷെ ചരിത്രത്തിൽ കണ്ടേയ്ക്കും. എന്നാൽ തെക്കൻ തിരുവിതാംകൂറെ തിരുവനന്തപുരം തന്നെയോ, പഴയ കേരളപ്രദേശമാണെന്നു ഒരിക്കലും പറയാൻ വയ്യ. ശ്രീ. ചാഴിക്കാടൻ പി. എസ്. പി–ക്കുവേണ്ടി സംസാരിച്ചപ്പോൾ മറെറാരു മനോഭാവം പ്രകടിപ്പിച്ചുകണ്ടു. വേണാടരചന്മാർ തെക്കുനിന്നു പുറപ്പെട്ടു് ആറ്റിങ്ങൽ, ദേശിംഗനാടു്, കായംകുളം, അമ്പലപ്പുഴ, കൊച്ചി എന്നിവ പിടിച്ചു പിടിച്ചു വടക്കോട്ടു നീങ്ങുകയാണുണ്ടായതെന്നും അങ്ങനെ മലബാർക്കുടി കൈയിലൊതുങ്ങാൻ പോകുന്ന സമയത്തു പഴയ സംസ്ഥാനം നഷ്ടപ്പെടാൻ പാടില്ലെന്നും വികാരവായ്പോടുകൂടി അദ്ദേഹം പറഞ്ഞു. ഈ വെട്ടിപ്പിടിക്കുന്ന മനോഭാവമാണു് എല്ലാ കുഴപ്പങ്ങൾക്കും കാരണം. അന്യരെ ആയുധബലംകൊണ്ടു അടിമപ്പെടുത്താൻ ജനാധിപത്യയുഗത്തിൽ സാധ്യമല്ല. തെക്കൻ തിരുവിതാംകൂറിലെ തമിഴ് ജനത ശ്രീ. ചാഴിക്കാടനെപ്പോലെയുള്ളവരുടെ സാമ്രാജ്യവാസന വെറുക്കുന്നതും ഐക്യതമിഴകത്തിൽചേരാൻ ആഗ്രഹിക്കുന്നതും ന്യായമാണു്. ഞാൻ അതിനെ പിൻതാങ്ങുന്നു.

ചെങ്കോട്ട താലൂക്കിന്റെ കഥയും ഏതൊക്കെ ഇതുതന്നെയാണ്. പശ്ചിമഘട്ടത്തിനു പടിഞ്ഞാറു കിടക്കുന്ന ചെങ്കോട്ടപ്രദേശങ്ങൾ കേരളത്തിൽ നിൽക്കുന്നതെന്നും, മറുപ്രദേശങ്ങൾ വിട്ടുകൊടുക്കാമെന്നുമാണു മുഖ്യമന്ത്രി പറഞ്ഞതു്. പറയുമെങ്കിൽ അങ്ങനെ ചെയ്യുന്നതുകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

മലകൾക്കു പടിഞ്ഞാറുള്ള പ്രദേശങ്ങൾ നമുക്കു വിട്ടുതരുവാൻ മദ്രാസ് ഗവണ്മെൻറു സന്നദ്ധമാകുമെങ്കിൽ അതിനുവേണ്ടി സൗഹാർദ്ദപരമായി അവരെ സമീപിക്കുന്നതു നന്നായിരിക്കും. പക്ഷേ, പൊതുവെ പറഞ്ഞാൽ ചെങ്കോട്ടതാലൂക്കു തമിഴ്പ്രദേശമായി പരിഗണിക്കപ്പെടേണ്ടതാണെന്ന കമ്മീഷന്റെ ശുപാർശയോടു ഞാൻ യോജിക്കുന്നു. ദേവികുളം, പീരുമേടാണു മറ്റൊരു തർക്കവിഷയം. ഈ താലൂക്കുകളും, മദ്രാസ് സ്റ്റേറ്റിനു വിട്ടുകൊടുക്കാൻ പാടില്ലെന്നും, അതു കരസ്ഥമാക്കാൻ വേണ്ടി കാമരാജനാടാർ നടത്തുന്ന യത്നങ്ങളെ സർവ്വശക്തിയും ഉപയോഗിച്ചു എതിർക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു. ഇങ്ങനെയൊരു നില എടുക്കാനുള്ള കാരണങ്ങളും ഞാൻ വിശദീകരിക്കാം. അതിനു മുമ്പായി മറയൂരുള്ള തമിഴ് സ്നേഹിതന്മാർ, ആ താലൂക്കുകൾക്കുവേണ്ടി ഉന്നയിക്കുന്ന വാദങ്ങളെ നേരിടേണ്ടതുണ്ട്. പണ്ടുപണ്ടുകാലത്തു ദേവികുളം ഏതോ തമിഴ മന്നാടിയാരുടെ കീഴിലായിരുന്നുവെന്നാണ് ചരിത്രത്തെ കൂട്ടിനുവിളിച്ചുകൊണ്ടു ശ്രീ. നൂർമുഹമ്മദ് പ്രസ്താവിച്ചതു്. അങ്ങനെയാണെങ്കിൽതന്നെ എന്തുവിശേഷം ? ആ പഴയകാലത്തു കേരളക്കരമുഴുവൻ ജനങ്ങളും തമിഴരാണു സംസാരിച്ചിരുന്നതു്. മലയാളഭാഷ പതിനാലാംനൂറ്റാണ്ടോടുകൂടി മാത്രമെ വ്യക്തമായ ഒരു ഭാഷയായി രൂപം പ്രാപിക്കുകയുണ്ടായിട്ടുള്ളൂ. അതുവരെ 'കരിന്തമിഴ്'ന്നു തമിഴിന്റെ ഒരു പ്രാദേശികരൂപമാണു ഇവിടെ സംസാരഭാഷയായിരുന്നതു്. അന്നു ദേവികുളത്തു തമിഴായിരുന്നുവെന്നു ചരിത്രംനോക്കി ഇന്നു വാദിക്കുന്നതിനു വലിയ അർത്ഥമൊന്നുമില്ല.

നേരേമറിച്ചു് ഒരു നൂറ്റാണ്ടു മുമ്പുള്ള ഈ അടുത്തകാലത്തെ ചരിത്രം നമുക്കൊന്നു ചികഞ്ഞുനോക്കാം. ദേവികുളം പീരുമേട്ടിൽ പരിഷ്കൃതരീതിയിൽ മനുഷ്യവാസം തുടങ്ങിയതു് തേയില, കാപ്പിതോട്ടങ്ങളുടെ പ്രവർത്തനം ആരംഭിച്ചതോടുകൂടിയാണു്. 1884–ലാണു പീരുമേട്ടിൽ ആദ്യമായി കാപ്പിയും ചായയും കൃഷിചെയ്തു നോക്കിയതു്. ദേവികുളത്തു അതിലും പിന്നിടാണു്. അന്നു ഈ താലൂക്കുകൾ 'കാർഡമം ഹിൽസ്' എന്ന പേരിലാണു അറിയപ്പെട്ടിരുന്നതു്. 1881-ലെ സെൻസസ് പ്രകാരം ഈ പ്രദേശത്തു് 6000-ൽ പരം ജനങ്ങളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ 1891-ലെ സെൻസസിൽ 14000-ൽ പരം ജനങ്ങളുള്ളതായികാണുന്നു. പത്തുകൊല്ലംകൊണ്ടു 100 ശതമാനത്തിലധികം ജനവർദ്ധനവുണ്ടായതു്, സ്വാഭാവികമായ പെറ്റുപെരുകൽകൊണ്ടല്ല, തേയിലത്തോട്ടങ്ങളിലും മറ്റുമായിട്ടു കൂലിവേലചെയ്യാനായി പെരിയാർ അണക്കെട്ടിലും ജോലിക്കായി മദ്രാസ് അതിർത്തിക്കപ്പുറത്തുനിന്നു വലിയ തോതിൽ തമിഴർവന്നതുകൊണ്ടാണു്. 1891-ലെ സെൻസസുറിപ്പോർട്ടിൽ പറയുന്നതു് ഇങ്ങനെയാണു്.

"The population of the Cardamom Hills shows an increase of 83 per cent (i. e., excluding Periyar and Thekkady) on the small figures of 1881; but these are mostly temporary sojourners from Madura and Coimbatore Districts."

മറ്റൊരിടത്തു പറയുന്നു;

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

"In the Cardamom Hills which lie in the Malayalam speaking taluks of North Travancore, 58 to 59 per cent of the total population use Tamil as their mother tongue; as a result due, I think, to the large influx of Pandy people from Madura District. The same reason may be assigned to the high proportion (53.29%) in Periyar and Thekkady, as most of the workmen engaged in the Project work are Tamil speaking coolies from the other side of the ghats."

അപ്പുറത്തു തമിഴ്നാട്ടിൽ നിന്നു വന്നവരാണ്."

അപ്പോൾ, ഈ താലൂക്കുകളുടെ ആധുനികചരിത്രം എന്നു പറയുന്നതു, തോട്ടങ്ങളിലും മറ്റും കൂലിവേലയ്ക്കായി വന്ന തമിഴരുടെ ചരിത്രമാണ്.

SHRI A. CHIDAMBARANATHA NADAR : May I know who were the inhabitants originally in these taluks ?

ശ്രീ. എം. പി. മേനോൻ : പരിഷ്കൃതജനവാസം അവിടങ്ങളിൽ ഇല്ലായിരുന്നു. കുറെ കാടന്മാർ ഉണ്ടായിരുന്നിരിക്കാം. ഈയിടെ തേക്കടിയിൽ പോയപ്പോൾ ചില ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ പറയുകയുണ്ടായി, ഇപ്പോഴും വനാന്തരങ്ങളുടെ അന്ധകാരത്തിൽ അപൂർവ്വം വനവാസികളുണ്ടെന്നു്.

SHRI A. CHIDAMBARANATHA NADAR : Does the Member know that there were no Malayalees there ?

ശ്രീ. എം. പി. മേനോൻ : അവിടെ കാടന്മാരൊഴികെ ആരുമില്ലായിരുന്നു എന്നു പറഞ്ഞതുകഴിഞ്ഞതല്ലോ.

അതായതു, ചരിത്രപരമായി നോക്കുമ്പോൾ തിരുവിതാംകൂറിന്റെ ജനവാസമില്ലാത്ത വനപ്രദേശങ്ങളിൽ കൂലിവേലയ്ക്കായി തമിഴരും മലയാളികളും വന്നുചേർന്നു എന്നതാണു വാസ്തവം.

ഈ ചരിത്രത്തെ അവഗണിച്ചും വളച്ചൊടിച്ചും കാമരാജ്നാടാരും തമിഴ്നാട്ടുമെംബറന്മാരും ഈ താലൂക്കുകളുടെ കാര്യത്തിൽ ഇത്ര ലഹള വയ്ക്കുന്നതിന്റെ ഉദ്ദേശം എനിക്കു മനസ്സിലാകുന്നുണ്ടു്. അക്കും കൊതി തോന്നിക്കുന്ന നല്ല വിഭവങ്ങൾ ആ പ്രദേശങ്ങളിലുണ്ടു്. ഏറ്റവും പ്രധാനമായി നദീജലംതന്നെ—പെരിയാർതടാകം മുഴുവൻ കിട്ടിയാൽ കാമരാജനു് സന്തോഷമുണ്ടാകുമെന്നതിൽ സംശയമില്ല. നല്ല സ്ഥലങ്ങളും നല്ല പ്രദേശങ്ങളും ആർക്കാണു വേണ്ടാത്തതു് ?

MR. SPEAKER : We will now adjourn and continue this discussion tomorrow.

The Assembly adjourned at 1 P. M. to meet again at 8 A. M. on Tuesday, the 22nd November 1955.

LIBRARY ARCHIVES Kerala Legislative Assembly